THE GURUNATHAN

# ഗുരുനാഥൻ

L. No. 85/15—7—26.

| പുസ്തകം 17 | 1113 മേടം, ഇടവം | ലക്കം 9, 10 |
| --- | --- | --- |

വിദ്യാദാനവിശിഷ്ടകൃത്യരതരാമദ്ധ്യാപകാനാം സദാ
വിദ്യാഽദാനഭരം വഹിച്ചുമരുവും വിദ്യാർത്ഥിലോകത്തിനും
വിദ്യാലോലുപരായ മററു ജനസാമാന്യത്തിനും പത്ഥ്യമാം
വിദ്യാസങ്ഗ്രഹസമ്പുടോഽസ്തു ഗുരുനാഥോഽയം സഹായം ഭുവി.

## വിഷയവിവരം

1. രണ്ടു് ശാകുന്തളങ്ങൾ ... 377
2. ഇററലിയും അബ്സീനിയയും ... 382
3. ആ വിഷമപ്രശ്നത്തിനു സമാധാനം കിട്ടി ... 386
4. വാഗ്ഭടാനന്ദഗുരുക്കളുടെ വാഛാടതപം ... 395
5. വിശ്രമാവസരവും അതിൻെറ വിനിയോഗവും ... 407
6. ശാസ്ത്രവും മതവും ... 412
7. ശരച്ചന്ദ്രചട്ടോപാദ്ധ്യായൻ ... 415
8. ആക്ഷേപ കാവ്യപ്രസ്ഥാനം ... 425
9. തോട്ടയ്ക്കാട്ടു് ശങ്കുണ്ണിമേനവൻെറ ഡയറി ... 432
10. ശരച്ചന്ദ്രചട്ടോപാദ്ധ്യായൻ ... 437
11. മണ്ടൻ ... 444
12. ലുക്മാൻെറ ചില ഉപദേശങ്ങൾ ... 454
13. ജീവന്മുക്തി ... 456
14. രണ്ടു് ശാകുന്തളങ്ങൾ ... 459
15. ഇററലിയും അബ്സീനിയയും ... 465
16. ഒരു ദിവാസ്വപ്നം ... 468

# ചിന്താസന്താനം (ഒന്നാംഭാഗം.)

## പുതിയ പതിപ്പ്.

ഗ്രന്ഥകർത്താ:— ആർ. ഈശ്വരപിള്ള ബി. എ.

വില അണ 10.

## കുമാരനാശാൻെറ പദ്യകൃതി മുഴുവനും 1—ം, 2—ം വാല്യങ്ങൾ.

| | | | |
|---|---|---|---|
| 1-ാംവാല്യം ... ... ... | 3 | 8 | 0 |
| 2-ാംവാല്യം ... ... ... | 4 | 0 | 0 |
| രണ്ടുംകൂടി ഒന്നിച്ചെടുക്കുന്നവർക്ക് | 7 | 0 | 0 |

## ആശാൻെറ മററു ചില കൃതികൾ.

| | | | | | | | |
|---|---|---|---|---|---|---|---|
| കരുണ | 0 | 6 | 0 | കുയിൽ | 0 | 2 | 0 |
| ലീല | 0 | 10 | 0 | പുഷ്പവാടി | 0 | 6 | 0 |
| മണിമാല | 0 | 6 | 0 | ദുരവസ്ഥ | 0 | 8 | 0 |
| ചണ്ഡാലഭിക്ഷുകി | 0 | 8 | 0 | വനമാല | 0 | 12 | 0 |
| രണ്ടു ഖണ്ഡകൃതികൾ | 0 | 4 | 0 | | | | |

## അദ്ധ്യാപനസംബന്ധമായ ചില പുസ്തകങ്ങൾ.

### അദ്ധ്യാപനസാഹ്യം

ഗ്രന്ഥകർത്താ:-

എൻ. ശിവശങ്കരപ്പിള്ള B. A; L. T.

വില അണ 8.

### അദ്ധ്യാപനാങ്കുരം

ഗ്രന്ഥകർത്താ:-

എൻ. ശിവശങ്കരപ്പിള്ള B. A; L. T.

വില അണ 6.

ഈശ്വരവിലാസം പുസ്തകശാല, പറവൂർ.

# ഗുരുനാഥൻ

| പുസ്തകം 17 | 1113 മേടം | ലക്കം 9 |
|---|---|---|


## രണ്ടു ശാകുന്തളങ്ങൾ

(തുടർച്ച)

(പി. ആർ. നീലകണ്ഠൻ നായർ)

വനജ്യോത്സ്ന എന്നു പേരിട്ടിരിക്കുന്ന (ചെറുപിച്ചകലതയോ മുല്ലയോ എന്തെങ്കിലുമാകട്ടെ) നവമാലികയുടെ അടുക്കൽചെന്നു നോക്കീട്ടു ശകുന്തള ലതയേയും വൃക്ഷത്തേയും സ്ത്രീപുരുഷന്മാരായി വിചാരിക്കുന്നു. 'നവകുസുമയൗവനാ വനജ്യോത്സ്നാ'. പുത്തനായി (ആദ്യമായി) ഒരു പെൺകിടാവ് പൂത്തു എന്നതിനു വയസ്സറിയിച്ചു, തിരണ്ടു, എന്നു പറയാറുണ്ടു്. വയസ്സറിയിക്കുകയെന്നതിനു യൗവനദശയിലെത്തിയിരിക്കുന്നു എന്നർത്ഥമാണു്. 'വനജ്യോത്സ്ന പുതുപൂക്കൾകൊണ്ടു യൗവനവതി' എന്നു തർജ്ജിമചെയ്താൽ ലതയ്ക്കും യുവതിക്കും ചേരുമോ? "കന്യക പുതുപൂക്കൾകൊണ്ടു യൗവനവതി" എന്നു പറഞ്ഞാൽ പുതിയ പൂവുകൊണ്ടലംകരിച്ചു് അവളെ യൗവനവതിയാക്കിയെന്നു തോന്നിപ്പോകും. "സ്നിഗ്ദ്ധപല്ലവതയോപഭോഗക്ഷമഃ സഹകാരഃ" "തേന്മാവിൻതയ്യു കായ്ച്ചതുകൊണ്ടു്" എന്നൊന്നിലും "കായക്രുടിയതിനാൽ" എന്നു മറേറതിലും കാണുന്നു. മററു ചില പ്രാമാണികതർജ്ജിമകളിലും പല്ലവപാഠമാണു സ്വീകരിച്ചിരിക്കുന്നതു്. ഈ രണ്ടിലും ഇങ്ങനെ വന്നതു സന്തോഷപ്രദംതന്നെ. അധികയുക്തിയും ഉണ്ടു്.

"ചലാപാംഗാംദൃഷ്ടിഃ" എന്ന മൂലശ്ലോകം തർജ്ജിമചെയ്തപ്പോൾ "വഞ്ചിച്ചു പരമാർത്ഥചിന്തയിൽ മാം വണ്ടേ ഭവാൻ ഭാഗ്യവാൻ" എന്നു പിഷാരടിയും "നേരന്വേഷിക്കയാൽ വഞ്ചിതർ മധുകരമേ ഞങ്ങൾ നീതാൻ കൃതാർത്ഥൻ" എന്നു വള്ളത്തോളും നാലാംപാദം പരിഭാഷപ്പെടുത്തിയിരിക്കുന്നു. "വയംതത്വാന്വേഷാന്മധുകരഹതാസ്ത്വം ഖലുകൃതീ" വയംഹതാഃ എന്നു പൂജകബഹുവചനത്തിനു വിശേഷവിധിയായി ഒരു മാഹാത്മ്യവുമി

ല്ലെന്നുവച്ചാണോ ഏകവചനംതന്നെ പ്രയോഗിച്ചിരിക്കുന്നതു്. മധുകരശബ്ദത്തിനു വണ്ടെന്നൎത്ഥമില്ലായ്കയല്ല; അതു മാറിയതും നന്നായോ എന്നു സംശയിക്കുന്നു. "ഭവാൻ ഭാഗ്യവാൻ" ഈ ഭാഗം നന്നായിട്ടുണ്ടു്. വണ്ടനു-ഭവിച്ചതും പ്രവൎത്തിച്ചതും പ്രതിപാദിക്കുന്ന ദിക്കിൽ മധ്യമപുരുഷസൎവ്വനാമത്തിന്റെ ആവൎത്തനം ഹൃദയസ്പൎശിയായിരിക്കുന്നു. മധുകരശബ്ദം വിടാതിരുന്ന വള്ളത്തോൾ എങ്ങനെയാണൊരു തെക്കനായതു്? ശങ്കരദേവ, ദേവിയെ എന്നാണു വിളിരൂപം ആ ദിക്കിൽ നടപ്പു്. അതുപോലെ "മധുകരമെ" എന്നാക്കിയതായിരിക്കും.

കഃപൌരവേ......എന്നു തുടങ്ങുന്ന മൂലശ്ലോകത്തിനു "പാവങ്ങളാം താപസകന്യമാരിൽ" എന്നു നാലാംപാദം തൎജ്ജിമചെയ്തിരിക്കുന്നു. മുഗ്ദ്ധാസുതപസ്വികന്യാസു" എന്നതിന്റെ തൎജ്ജിമയാണിതു്. മുഗ്ദ്ധ എന്നതിനു പാവമെന്നായാൽ ജീവനില്ലാത്ത ഒരു വിശേഷണമാണതു് എന്നു പറഞ്ഞുപോകും. മുഗ്ദ്ധ എന്നതിന്നു് അചതുര എന്നാണൎത്ഥം. തന്ത്രം പ്രയോഗിച്ചു സ്വാൎത്ഥം നേടുവാൻ സാമൎത്ഥ്യമില്ലാത്തവർ എന്നു സാരം. ഇങ്ങനെ ഒന്നു പാവങ്ങൾ എന്നു പറഞ്ഞാൽ കിട്ടുമോ? പാവം എന്നു പറഞ്ഞാൽ ഒന്നിനും കൊള്ളരുതാത്തവൻ എന്നാണൎത്ഥം. അതാണുദ്ദേശമെങ്കിൽ തപസ്വിനിന്ദനമല്ലേ അതു്. അവിനയം, ദുൎവ്വിനീതൻ മുഗ്ദ്ധകൾ ഇവയൊന്നും മാററാതെ പിഷാരടി മലയാളമാക്കിയിരിക്കുന്നു. തമ്മിൽ ഭേദം ഇങ്ങനെ ചെയ്യുന്നതാണെന്നു തോന്നുന്നു.

"വൈഖാനസംകിമനയാ" എന്നു തുടങ്ങുന്ന ശ്ലോകം ഒരു സന്ദേഹനിവൎത്തിക്കാണു്. ഇവളെ വേളികഴിച്ചുകൊടുക്കുമോ, അതോ കാട്ടിലെ മൃഗങ്ങളുടെകൂടെ വളൎത്തുമോ എന്നാണു രാജാവിനറിയേണ്ടതു്. അനുരൂപവരനു പ്രദാനംചെയ്വാൻ സങ്കല്പിച്ചിരിക്കുന്നു എന്നു മറുപടിയും കിട്ടി.

അച്ഛന്റെ വിചാരമിങ്ങനെ എന്നു പറയുന്ന തോഴിമാരോടു ഭംഗിക്കെങ്കിലും രാജാവു് ഒരു സമാധാനം പറയേണ്ടതല്ലേ. രാജാവു പിന്നീടു വായ്യു് തുറന്നതുതന്നെ ഇവരുടെ സൌന്ദൎയ്യപിണക്കം കഴിഞ്ഞിട്ടാണു്. അതുതന്നെ മറെറാരു പ്രകൃതത്തിലാണുതാനും. "ദുസ്സാധമല്ല ഈ കാമിതം" എന്നുതന്നെ മറുപടി പറഞ്ഞിട്ടു് ആത്മഗതം മതിയായിരുന്നു. ശകുന്തളയുടെ സൌന്ദൎയ്യത്തിനു ആനുരൂപ്യം സുലഭമല്ലെന്നു മുഖസ്തുതിയായിട്ടോ വാസ്തവപ്രസ്താവമായിട്ടോ ഒരു വിചാരം കാമുകനെ ഉണ്ടാകു എന്നാണു തോന്നുന്നതു്. മാരാരുടെ മനശ്ശാസ്ത്രം ഇങ്ങനെ തിരിഞ്ഞതെന്താണാവോ!!! 'ന' വിട്ടു് അഭിരാമൻ മാത്രമല്ല വ്യാഖ്യാനിച്ചിരിക്കുന്നതു്. "ആ ആശ്ര

ഹം സാധിപ്പാൻ പ്രയാസംതന്നെ" എന്നു ആത്മഗതമല്ലാതെ തർജ്ജിമ ചെയ്യിരിക്കുന്നതാണു യുക്തിക്കു ചേന്നതു്. "ഭവഹൃദയസാഭിലാഷം" എന്നു തുടങ്ങുന്ന മൂലശ്ലോകത്തെ "തീയെന്നു നീയോത്തതു കൈവെയ്ക്കാവു മൊരുരത്നമാം" എന്നു ഉത്തരാൎദ്ധം വള്ളത്തോൾ തർജ്ജിമചെയ്യിരിക്കുന്നു. ഇവിടെ "നീ" എന്നു കാണുന്ന സർവ്വനാമം മനസ്സിനെ പരാമർശിക്കുന്നു. ഇതുവരെ തീയാണെന്നു വിചാരിക്കുന്നതു രത്നമെന്നു തെളിഞ്ഞിരിക്കുന്നു. അത്രതന്നെയല്ല "കൈവെയ്ക്കാനും" പററിയ ഒന്നാണു്. ഈ കൈവെയ്ക്കലിനു മോഷ്ടിയ്ക്കുക എന്നാണു് അർത്ഥബോധമുണ്ടാകുന്നതു്. നമ്പൂരിഭാഷയിൽ അശ്ലീലമായ ഒരൎത്ഥവുംകൂടിയുണ്ടെന്നു പറയാം. 'സ്പർശക്ഷമം' എന്ന ശബ്ദത്തിന്റെ തർജ്ജിമയാണീ 'കൈവെയ്ക്കല്'. മററു എല്ലാ ജ്ഞാനേന്ദ്രിയങ്ങൾക്കും സഹായമായി സ്വന്തകർമ്മത്തിൽ ജാഗരൂകവുമായി നില്ക്കുന്ന ത്വഗിന്ദ്രിയത്തിന്റെ വിഷയമാണു സ്പർശം. അതു ശരീരത്തിൽ സർവ്വത്ര വ്യാപിച്ചിട്ടുണ്ടു്. സ്പർശക്ഷമംരത്നം, ഉപഭോഗ്യംരത്നം, കന്യാരത്നം എന്നുവരെ അഭിപ്രായവ്യാപ്തിയുള്ള ഇവിടെ 'കൈവെയ്ക്കുക' എന്നതു സഭ്യമല്ലെന്നുകൂടിത്തോന്നുന്നു.

"കനലെന്നു ശങ്കതേടിയതണിവാനുതകുന്ന രത്നമാണല്ലോ."

ഈ തർജ്ജിമയല്ലേ സാമാന്യമായി രുചിക്കുന്നതു്.

കാമുകന്റെ മനഃസ്ഥിതിയെ വർണ്ണിക്കുന്നിടത്തു "ശീലനിവാരിതൻ" "വരഷികന്യാനുഗതിക്കു" എന്ന ഭാഷ 'വിനയനിവാരിതപ്രസരഃ അനുയാസ്യൻ മുനിതനയാം' എന്ന മൂലത്തിനുള്ളവയാണു്. വിനയത്തിനു ശീലമെന്നു തർജ്ജിമചെയ്തതു നന്നായില്ല. ശീലമെന്നതു സമൂഹരൂപമായ ഗുണദോഷങ്ങളുടെ അഭ്യാസഫലമാണു്. അവയിൽ ഒരു ഗുണം മാത്രമാണു വിനയം. അതാണിവിടെ വാരിതപ്രസരനാക്കുന്നതിനു പ്രേരിപ്പിക്കുന്നതു്. അതിനാൽ ആ ശബ്ദംതന്നെ പ്രയോഗിച്ചാലും മതിയായിരുന്നു.

വൃക്ഷസേചനംകൊണ്ടു പരിശ്രാന്തയായ ശകുന്തളയെ കാമുകനായ രാജാവു കാണുന്നതാണു് "സ്രസ്താംസാവതിമാത്രലോഹിതതലൗബാഹൂ..." എന്നു തുടങ്ങുന്ന ശ്ലോകം. നവമാലികയ്ക്കു വെള്ളമൊഴിച്ചപ്പോൾ ഒരു വണ്ടിളകി പറന്നു ശകുന്തളയുടെ നേൎക്കുചെന്നതു നവോഢയായ ഒരു തരുണിയുടെ അടുക്കൽ രതിപ്രാൎത്ഥനയോടെ അടുക്കുന്ന ഒരു കാമുകനെപ്പോലെ കണ്ട രാജാവു് ഇപ്പോഴത്തെ നിച്ചയിൽ കാണുന്നതും രസാവഹംതന്നെ.

"പെട്ടിരിപ്പു ചുമൽതാഴ്ന്ന കൈക്കതിച്ചുടപ്പു്,"
"മുററിനില്പിതു മുഖത്തു കർണ്ണഗശിരീഷമൊട്ടിനവിയപ്പു നീർ"

“കെട്ടഴിഞ്ഞൊരു കരത്തിനാൽ തിരുകിവച്ചവാർകുഴൽ,”

സ്രസ്താംസവും, അതിലോഹിതകരതലവും രാജാവിന്റെ ദൃഷ്ടിയിൽ പ്രത്യേകം പെടുന്നതല്ലേ. ചുമൽതാഴ്ന്ന കൈ എന്നുള്ള പ്രയോഗം അതിനു പര്യാപ്തമാണോ? ഉന്നതാംസം പുരുഷശ്രേഷ്ഠലക്ഷണവും സന്നതാംസം സുന്ദരീലക്ഷണവുമാണ്. സുന്ദരിയുടെ കൈക്കതിരുട്ടപ്പ് എന്നുമാത്രമെ വള്ളത്തോൾ ഉദ്ദേശിക്കുന്നുള്ളോ? “കണ്ണഗശിരീഷമൊട്ടിനറിയപ്പനീർ” ഇതിലെ ‘ഒട്ടിന’ എന്നതിന് എന്താണർത്ഥം? കണ്ണഗശിരീഷം വാടിത്തളർന്നു വിയർത്തമുഖത്ത് ഒട്ടിപ്പിടിച്ചു എന്നാണോ ഉദ്ദേശിച്ചിരിക്കുന്നത്? “കെട്ടഴിഞ്ഞൊരു കരത്തിനാൽ” കെട്ടഴിഞ്ഞൊ എന്ന ദിക്കിൽ അതു കരത്തിന്റെ അടുക്കലേക്ക് ഓടിപ്പോകാതിരിപ്പാൻ അങ്കുശം ഇട്ടുപിടിച്ചിട്ടുണ്ട്. പേരെച്ചത്തിനുപരമായി ‘ഒരു’ എന്നു ചേർത്താൽ അതു പേരെച്ചത്തോടുചേന്ന് ഒരു ഭേദകമായേ ഇരിക്കൂ. കെട്ടഴിഞ്ഞൊരു വാർകുഴല് എന്ന് ആനക്കാരന്റെ മിടുക്കുകൊണ്ട് അന്വയിച്ചാലും ഒററക്കൈകൊണ്ട് എന്നു കിട്ടാതെയും വരും.

ഘടോൽക്ഷേപണം കാരണമായിട്ട് അതിനതമായ അംസവും, അതിമാത്രലോഹിതമായ കരതലവും പ്രമാണാധികശ്വാസത്താൽ വേപഥുവോടുകൂടിയ സ്തനവും അദ്യാപി കാണുന്നുണ്ട്. വദനത്തിലുള്ള ഘർമ്മാംഭസ്സിന്റെ ജാലകം കണ്ണശിരീഷരോധിയായും ഇരിക്കുന്നു. വൃക്ഷങ്ങളെ നനച്ചു ക്ഷീണിച്ചിരിക്കുന്ന ശകുന്തളയെ കാമുകനായ രാജാവ് രത്യന്തത്തിൽ ഒരു നായികയെ കാണുന്നപോലെ വണ്ണിച്ചിരിക്കുന്നു.

പിഷാരടി എങ്ങനെ തർജ്ജിമചെയ്തിരിക്കുന്നു എന്നു നോക്കാം. “ഉള്ളംകൈയധികം തുടുത്തു” “തോളുരണ്ടും കിഴിഞ്ഞതല്ലോ” “വേപഥുനാം കിടന്നു നെടുവീർപ്പീക്കൊങ്കകൾക്ക്” “അണിശിരീഷപ്പൂ തടഞ്ഞിട്ടമാറു വിയപ്പു വദനെതെല്ലല്ല” “ചിന്നിയഴിഞ്ഞ കുന്തലൊരുകൈകൊണ്ടു ബന്ധിച്ചത്” ഒരു ക്ലിഷ്ടതയും കൂടാതെ അർത്ഥബോധം ഉണ്ടാകുന്നുണ്ട്. രസത്തിനു ഭംഗം വരുന്നില്ല. ഇത്രയുമൊത്താൽ തർജ്ജിമയെക്കുറിച്ചു മറെറന്താണു പറവാനുള്ളത്? “കുടമേററിത്തോളു രണ്ടും കിഴിഞ്ഞതല്ലോ” എന്ന ദിക്കിൽമാത്രം അല്പമൊരു അസ്വാരസ്യം പുറപ്പെടുന്നുണ്ട്. കുടം തോളിലേററിയാണോ നനച്ചത്? മാറിമാറി ഓരോന്നു ഓരോ തോളിലേററി കൈ ചുമക്കയും ചുമലുതാഴുകയും ചെയ്തു എന്നു സമാധാനം പറയാമെങ്കിലും “കുടമേററി” എന്ന പ്രയോഗം സുഖമാകുന്നില്ല. രണ്ടു കൈകൊണ്ടു കുടംപിടിച്ചുനനച്ചാലും കൈ ചുമക്കലും ചുമൽതാഴലും ഉണ്ടാകും. പ്രിയംവദ പുഞ്ചിരിയോടുകൂടി “മോചിതാസ്യനുകമ്പിനാര്യേണ അഥവാ, മ

ഹാരാജേന" എന്നുപറയുന്നു. ഋണമോചനംവരുത്തി രക്ഷിച്ച രാജാവു് പ്രത്യുപകാരത്തിനും അർഹനാണു് എന്ന അഭിപ്രായം വ്യഞ്ജിപ്പിക്കുന്നു. ശകുന്തള ഏതാണ്ടൊന്നു ധരിക്കുന്നുമുണ്ടു്. ശകുന്തള ആത്മഗതമായി "യദ്യാത്മനഃ പ്രഭവിഷ്യാമി" എന്നു വിചാരിക്കുന്നു. സ്വതന്ത്രയായിരുന്നു എങ്കിൽ പ്രത്യുപകാരം ശക്യമാണു്.

"എനിക്കു ത്രാണിയുണ്ടായിരുന്നു എങ്കിൽ" എന്നു വള്ളത്തോൾ തർജ്ജിമചെയ്തിരിക്കുന്നു. ത്രാണി എന്ന ശബ്ദത്തിനു കർമ്മകുശലത എന്നാണർത്ഥം. കർമ്മകുശലനും സ്വതന്ത്രനല്ലെങ്കിൽ ഫലം ശൂന്യമാണു്. "എന്റെ മനസ്സു് എനിക്കധീനമായിരുന്നുവെങ്കിൽ" ഇത്ഥാനുസരണം പ്രവർത്തിക്കാം. ഇവിടെ പിഷാരടിയുടെ തർജ്ജിമയാണു് ഏതാണ്ടു് അർത്ഥപൂർത്തിയുള്ളതു്.

ആര്യ, അസംഭാവിതാതിഥിസൽകാരം ഭൂയോ-
പിപ്രേക്ഷണനിമിത്തം ലജ്ജാവഹേ ആര്യം വിജ്ഞാപയിതും.

"ആര്യനെ ഞങ്ങൾ വേണ്ടുംവണ്ണം സൽകരിച്ചില്ലല്ലൊ. ഇനിയും കാണണമെന്നറിയിപ്പാൻ ലജ്ജതോന്നുന്നു." "സൽകാരംചെയ്തിട്ടില്ലാത്ത അതിഥിമുഖ്യനെ അടുത്തുതന്നെ കാണാനായി ഇപ്പോൾ പിരിയുന്നു". ഇങ്ങനെ രണ്ടു തർജ്ജിമയാണു കാണുന്നതു്.

"ഭൂയോപിത്യനേനേതഃപരം പുനദൃശ്നേസതീപ്സിതസിദ്ധിർഭവിഷ്യതി" എന്നൊരു വ്യാഖ്യാനം കാണുന്നുണ്ടു്. പക്ഷേ "ഇതിഭാവഃ" എന്നുകൂടിക്കാണുന്നതു് വിസ്മരിക്കാവതല്ല. ഇങ്ങനെയുള്ള വ്യാഖ്യാനത്തേയോ വേറെ വ്യാഖ്യാനങ്ങളേയോ ആസ്പദമാക്കി തർജ്ജിമചെയ്യുന്നതു് കാളിദാസനോടുചെയ്യുന്ന അപരാധമാണു്. "കതമ വാ വിരഹപര്യുത്സുകജനഃ കൃതോ ദേശഃ" എന്നതിന്റെ ഭാവം അങ്ങയുടെ നാടു് ഏതാണു് എന്നല്ലേ. അങ്ങനെ തർജ്ജിമചെയ്താലൊ? പോര എങ്കിൽ രാജാവിന്റെ വാക്കു നോക്കു. "മാമൈവം ദർശനേനൈവഭവതീനാം പുരസ്കൃതോസ്മി." മി: പിഷാരടിയുടെ ഭാഷയ്ക്കു രാജാവു്, ഈ ഉത്തരമാണോ പറയേണ്ടതു്? അടുത്തു കാണാൻ തരമില്ലെന്നോ, അല്ലെങ്കിൽ അങ്ങനെ ആകാമെന്നോ രാജാവു പറയേണ്ടതായിരുന്നു. പിഷാരടിയുടെ ഭാഷ "ഒരിക്കലും അങ്ങനെയല്ല. നിങ്ങളെക്കണ്ടതുതന്നെ എനിക്കു വലിയ സല്ക്കാരമായി" എന്നാണു്. "ഒരിക്കലുമങ്ങനെയല്ല" എങ്ങനെ?

ഒന്നാമങ്കം കഴിഞ്ഞു.

# ഇററലിയും അബ്സീനിയയും

(എൻ. എന്ന.)

ഇററലിയുടെ വിസ്തീൎണ്ണതയെ അപേക്ഷിച്ചു മൂന്നിരട്ടിയും ബ്രിട്ടൻറതിനെ അപേക്ഷിച്ച് നാലിരട്ടിയുമുള്ള അബ്സീനിയ 350000 ചതുരശ്രമൈൽ വലിപ്പത്തോടെ ആഫ്രിക്കയുടെ വടക്കുകിഴക്കേമൂലയിൽ സ്ഥിതിചെയ്യുന്ന ഒരു ഉന്നതതടമാണ്. ചുററുംകിടക്കുന്ന രാജ്യങ്ങളിൽനിന്നു ഏതാണ്ടു ലംബരൂപമായി സമുദ്രനിരപ്പിൽനിന്നു 8000 അടി പൊങ്ങിയാണ് ഈ രാജ്യം കിടക്കുന്നതു്. മദ്ധ്യരേഖയിൽനിന്നു പത്തു് ഡിഗ്രിമാത്രം വടക്കോട്ടുമാറിക്കിടക്കുന്ന ഈ രാജ്യം ആരോഗ്യപ്രദവും സുഖദവുമായ കാലാവസ്ഥയോടുകൂടിയതാണ്. ഔന്നത്യത്തിൻെറ കൂടുതലും അതിനുള്ള ഐകരൂപ്യവും ഇതിനു നിദാനമാണ്. അഗ്നിപൎവ്വതോൽഭൂതമായ അവിടത്തെ മണ്ണ് ഫലഭൂയിഷ്ഠവുമത്രെ. അല്പം താഴ്ന്നപ്രദേശങ്ങളിൽ പരുത്തി, അമരി കരിമ്പ്, കാപ്പി എന്നിവ സമൃദ്ധിയായി വളരുന്നു. തെക്കുപടിഞ്ഞാറെ ഭാഗം കാപ്പികൃഷിക്കു പേരുകേട്ട പ്രദേശമാണ്. അവിടെ കാഫ് എന്നൊരു പ്രവിശ്യയിൽനിന്നാണ് കാഫി എന്ന പേരുണ്ടായതു് എന്നൊരു കഥയുണ്ടു്. കോതമ്പ്, യവം, കമ്പു് എന്നീ ആഹാരസാധനങ്ങളായ പ്രധാന ധാന്യങ്ങൾ അവിടെ വിളയുന്നുണ്ടു്. വനങ്ങളിൽ പൈൻ, യൂക്കാലിപ്ടസ്, പനവൎഗ്ഗം എന്നിവയുണ്ടാകുന്നു ഫലവൎഗ്ഗങ്ങളിൽ അത്തി, മാതളം, മധുരനാരകം, പീച്ചു്, വാഴ എന്നിവ സാൎവ്വത്രികങ്ങളാണ്. സമശീതോഷ്ണമേഖലയിലെ എല്ലാവിളവുകളും ഉഷ്ണമേഖലയിലെ ഏതാനും വിളവുകളും അബ്സീനിയായിൽ ഉണ്ടാകുന്നുണ്ടു്.

ഇവിടത്തെ ധാതുദ്രവ്യങ്ങളുടെ എണ്ണം വിപുലമെങ്കിലും ഇപ്പോഴും ഖനനം അസമഗ്രനിലയിലേ ഇരിക്കുന്നുള്ളു. സ്വൎണ്ണം സുലഭമെങ്കിലും പൂൎവ്വപാരമ്പൎയ്യമനുസരിച്ചുമാത്രമെ സംഭരിക്കുന്നുള്ളു. വെള്ളി, ഇരുമ്പു്, പൊട്ടാഷ് പ്ലാററിനം ഇവയും അവിടെയുണ്ടു്. വിനിമയം ചെയ്യുണ്ടുസാധനങ്ങളെ കൈമാററം ചെയ്യുവാൻ ഗതാഗതസൌകൎയ്യക്കുറവുകൊണ്ടു് വാണിജ്യം അഭിവൃദ്ധിപ്പെട്ടിട്ടില്ല. ഭൂപ്രദേശം ദുൎഗ്ഗമങ്ങളായ നീർചാലുകളാലും പൎവ്വതപഥങ്ങളാലും വ്യാകീൎണ്ണമായതുകൊണ്ടു് റോഡുകളുണ്ടാക്കുവാൻ വലിയ പ്രയാസമുണ്ടു്. മഴക്കാലത്തു്—ഇടവപ്പാതിമുതൽ തുലാപ്പാതിവരെ—ഗതാഗതം തീരെ അസാദ്ധ്യമാണ്. മഴയില്ലാത്തകാലത്തു് കഴുത, കോവർകഴുത ഇവയുടെ പുറത്തു് സാമാനങ്ങൾ കെട്ടിയേററി വിനിമയം

നടത്തുന്നു. അബ്സീനിയയുടെ വിദേശവ്യാപാരം നടത്തുവാനുള്ള കേന്ദ്രം തലസ്ഥാനനഗരിയായ ആഡിസ്അബാബായാണ്. സമീപദേശങ്ങളിലുള്ള വ്യാപാരസാധനങ്ങളെല്ലാം അവിടെ എത്തിക്കും. ഫ്രഞ്ചുകാരുടെ വകയും ഏഡൻഉൾക്കടലിൽ സ്ഥിതിചെയ്യുന്നതുമായ ജിബൗട്ടി എന്ന തുറമുഖത്തേയ്ക്കു തീവണ്ടിവഴി സാമാനം അയയ്ക്കുന്നു. ആഡിസ്അബാബയിൽനിന്നു ഈ തുറമുഖത്തേയ്ക്ക് അഞ്ഞൂറുമൈൽ നീളത്തിൽ ഒററ റെയിൽവേമാത്രമേ അബ്സീനിയായിൽ ഉള്ളു. അബ്സീനിയയിലെ സാധനങ്ങളിൽ അധികവും ഈ വഴിക്കാണ് കയററുമതിചെയ്യുന്നതു്. ഈ റയിൽവേ ഫ്രഞ്ചുകാരുടെ വകയാണ്. 1935-നു കുറച്ചുകാലം മുമ്പ് ആഡിസ്അബാബയിലും അതിനെചുററിയും 150മൈലോളം റോഡുതീർന്നിരുന്നു. രാജ്യത്തിന്റെ അധികഭാഗവും കൊള്ളക്കാരായ സൈന്യത്തിനു സഞ്ചാരയോഗ്യമായിരുന്നില്ല. ഗതാഗതത്തിനു സൌകര്യക്കുറവും വിഷമവും സിഗ്നോർമുസോളിനി നല്ലവണ്ണം അറിഞ്ഞിരുന്നു എന്നു ഊഹിപ്പാൻ ന്യായങ്ങളുണ്ടു്. യുദ്ധസാമഗ്രികളുടെ കൂട്ടത്തിൽ റോഡുനിർമ്മാണത്തിനും യന്ത്രങ്ങൾ അയച്ചിട്ടുണ്ടായിരുന്നല്ലോ.

ഇററാല്യോ അബ്സീനിയൻ പ്രശ്നത്തെക്കുറിച്ചുണ്ടായ വാദങ്ങൾക്കിടയിൽ ആഫ്രിക്കയിൽ സ്വാതന്ത്ര്യമായ ഒററരാജ്യം അബ്സീനിയ എന്നു പറഞ്ഞിരുന്നു. ആഫ്രിക്കയുടെ പടഞ്ഞാറെത്തീരത്തുള്ള—ഈ അക്ഷാംശത്തിൽതന്നെ സ്ഥിതിചെയ്യുന്ന—ലിബിറിയ ഒരു നീഗ്രോറിപ്പബ്ളിക്കാണെന്നുള്ളതു വിസ്മരിക്കാവുന്നതല്ല. യൂറോപ്യൻ രാജ്യക്കാരുടെ കണ്ണെത്തായ്കകൊണ്ടോ, അവരുടെ സ്വാത്ഥത്യാഗബുദ്ധികൊണ്ടോ ഇങ്ങനെ ഒരു രാജ്യം ജീവിക്കുന്നതല്ല. പിന്നയോ, അമേരിക്കൻ ഐക്യരാജ്യങ്ങളുടെ ഭ്രാതൃദയയെ അവലംബിച്ചുപജീവിക്കുന്നു എന്നേയുള്ളു. വൈദേശികാധിപത്യശൃംഖലകൊണ്ടു നിബന്ധിക്കാതെ സ്വപാരമ്പര്യാനുസരണം അഭിവൃദ്ധിപ്പെടണമെന്ന ഉദ്ദേശത്തോടുകൂടി നീഗ്രോവർഗ്ഗക്കാരായ അടിമകളെ വിമുക്തരാക്കി അമേരിക്കാക്കാർ ഇവിടെ അധിവസിപ്പിച്ചിരിക്കുന്നു. ലീഗ് ആഫ് നേഷൻസിലെ ഒരംഗവുമാണ് ലിബിറിയ എന്നുള്ളതുകൂടി പ്രത്യേകം സ്മർത്തവ്യമത്രെ.

അബ്സീനിയയുടെ സ്വാതന്ത്ര്യത്തിനുണ്ടായിരുന്ന പരിതസ്ഥികൾ എത്രയോ ഭിന്നങ്ങളാണ്. അവയിൽ അപ്രധാനമല്ലാത്ത ഒന്ന് പ്രാദേശികമായ പ്രാകൃതികപ്രതിബന്ധങ്ങൾതന്നെയാണ്. അവിടെയുള്ളവർ അസാമാന്യമായ രണാസക്തിയുള്ളവരെന്നതും വിസ്മരിക്കാവുന്നതല്ല. റഷ്യയിലെ ഒരു സാർ ഇങ്ങനെ ഒരിക്കൽ പറഞ്ഞതായി കേട്ടിട്ടുണ്ടു്.

"എനിക്ക് വിശ്വസ്തരായി ചിരംജീവികളായി രണ്ടു സൈന്യാധിപന്മാരുണ്ട്. അവരുടെ പേര് ജനറൽ ജാനുവരി എന്നും, ജനറൽ ഫെബ്രുവരി എന്നും ആണ്." വിദേശികളുടെ ആക്രമണത്തിൽനിന്നു സ്വരാജ്യരക്ഷയ്ക്ക് ഈ കാലങ്ങളിലെ തണവു പര്യാപ്തമെന്നാണിതിനർത്ഥം. നെപ്പോളിയൻെറ അതിപ്രശസ്തമായ മാസ്കോ പ്രയാണം നിമിത്തം അദ്ദേഹം ഈ പാഠം നല്ലപോലെ പഠിച്ചു എന്നുമാത്രമല്ല, അസഹ്യമായ നഷ്ടം അനുഭവിക്കകൂടിച്ചെയ്തു. അതിസമർത്ഥമായ ഒരു സേനയെ ധ്വംസിച്ചതിനു പുറമെ ദുരന്തമായ ഒരു പ്രതിപ്രയാണവും വേണ്ടിവന്നു. റഷ്യയുടെ രക്ഷ കാലികവും ആധുനികനിലയ്ക്ക് അത്രതന്നെ നിസ്സാരവുമാണ്. അബ്സീനിയയുടെ ബഹിരന്തഃപ്രകൃതി കുറച്ചുകൂടി സുരക്ഷയെ നൽകുന്നു. അല്പകാലത്തിനുമുമ്പുവരെ അബ്സീനിയ സ്വതന്ത്രമായിക്കഴിഞ്ഞുകൂടിയതു് ഈ ആനുകൂല്യങ്ങളെക്കൊണ്ടാണ്.

ഇതിനുംപുറമെ അവിടെയുള്ള ജനങ്ങളുടെ നില അല്പം ആലോചിക്കേണ്ടതാണ്. സ്മൃതിപഥത്തിനതീതമായ ഒരു കാലംമുതല്ക്കുതന്നെ ഇവർ യുദ്ധശീലമുള്ളവരാണ്. ചിരകാലം മുഹമ്മദീയാക്രമണത്തേയും, യൂറോപ്യന്മാരുടെ ഇന്നത്തെ കാര്യപരിപാടിയേയും അതിലംഘിച്ചു മതം, ദേശീയത്വം, രാജ്യാഭിമാനം എന്നിവയെ സംരക്ഷിച്ചതുതന്നെ അവരുടെ സ്വഭാവത്തെ വിശദീകരിക്കുന്നു. അബ്സീനിയയിലെ ജനസംഖ്യ ഒരു കോടി ഇരുപതുലക്ഷമാണ്. ഏതാണ്ടു പകുതിയിൽ കുറവാണ് അബ്സീനിയർ. കിഴക്കുഭാഗത്തു കുറെ സോമാലികളും തെക്കും പടിഞ്ഞാറും ആരബുകളുടെ സങ്കരസന്തതികളും നീഗ്രോസന്തതികളിൽനിന്നുൽഭൂതരും യുദ്ധപ്രിയരും ആയ ഗാലവർഗ്ഗങ്ങളും അധിവസിക്കുന്നു. ഇവർ ആകപ്പാടെയുള്ള ജനസംഖ്യയിൽ പകുതിയിലധികമുണ്ട്. ഇങ്ങനെ ഭിന്നിച്ചു കിടന്നിരുന്ന വർഗ്ഗക്കാരെ ഒന്നിച്ചുചേർത്ത് ഒരു ദേശീയത്വം ഉണ്ടാക്കിത്തീർത്തതു് ഡാസ് ടഫാറി ഹെയിലിസെലാസി എന്ന അന്ത്യചക്രവർത്തിയാണ്.

19-ാംനൂററാണ്ടിൻെറ അന്ത്യഘട്ടത്തിൽതന്നെ ഇററലി അബ്സീനിയയോടു് ഇടപെടാൻ തുടങ്ങി. അക്കാലത്തു് ഇററാലിയർ എറിററിയയിൽ സ്ഥാനംപിടിച്ചു. കഴിഞ്ഞനൂററാണ്ടിൽ യൂറോപ്യൻ ജനതയുടെ ആഫ്റിക്കയിലുള്ള സംരംഭത്തെ ഒന്നു വീക്ഷിക്കുന്നതു് ഇററലിയുടെ മനോഗതിയെ അവലോകനംചെയ്യാൻ എളുപ്പമായ വഴിയാണ്. 19-ാംനൂററാണ്ടിലെ ആഫ്റിക്കാചരിത്രംതന്നെ യൂറോപ്യൻരാജ്യങ്ങൾ ചെയ്ത വിക്രിയ അല്ലെങ്കിൽ അതിൻെറ വിഭജനമാണെന്നു പറയാം. അന്ധഭൂഖണ്ഡമെന്നറിയപ്പെട്ടിരുന്ന ആ സ്ഥാനത്തു രാജ്യസമ്പാദനംചെയ്യുന്ന

ഇതിൻെറ മഹിമ ആദ്യമറിഞ്ഞതു ഫ്രാൻസും ഇംഗ്ലണ്ടുമാണ്. ഭൂതവ്യാപാരികൾ ഗവേഷണതല്പരർ വലിയ തോതിൽ നായാട്ടിനു താല്പര്യമുള്ളവർ എന്നല്ല മതോപദേശികൾ എന്നീ കൂട്ടർ ആഫ്രിക്കയുടെ ഉൾപ്രദേശങ്ങളെ അറിഞ്ഞിരുന്നതു മേല്പറഞ്ഞ കർമ്മത്തെ നല്ലപോലെ സഹായിച്ചു. ലോകമഹായുദ്ധം തുടങ്ങുന്നതിനു മുമ്പു ഗ്രേററ്ബ്രിട്ടൻ അറുപതു ലക്ഷം ചതുരശ്രമയിൽ കൈവശപ്പെടുത്തിക്കഴിഞ്ഞു. ആകെ ആഫ്റിക്കതന്നെ ഒരുകോടി പതിനഞ്ചുലക്ഷം ചതുരശ്രമയിലേ ഉള്ളു. നൈജീറിയ, ഗോൾഡ്കോസ്റ്റ്, സിറാലിയാൺ, ഗിനികോസ്റ്റിലുള്ള ഏതാനും ഭാഗങ്ങൾ എന്നിവയ്ക്കു പുറമെ തെക്കെ അററത്തുള്ള കേപ്കാളനിയും സ്വാധീനമായി. ഈ സ്ഥാനം ഉത്തരാഭിമുഖമായ ദിഗ്വിജയത്തിനു പ്രാരംഭസങ്കേതമായി കല്പിച്ചു. ഏകദേശം 7000 മൈൽ അകലെക്കിടക്കുന്ന ഈജിപ്ററാണ് ലക്ഷ്യസ്ഥാനം. സൂവസ്തോടുതീന്ന ഉടനെ ഈജിപ്ററിൻെറമേൽ ഒരു നിയന്ത്രണം ബ്രിട്ടൻ അംഗീകരിച്ചു. ദക്ഷിണാഭിമുഖവിജയത്തിനുള്ള പ്രയാണം ഇവിടെനിന്നാകാമെന്നുറച്ചു. ഈവിധം രണ്ടററത്തുനിന്നും സ്വപ്നപൂത്തിവരുത്തുവാനുറച്ചു. കേപ്പുമുതൽ കെയിറൊവരെ നിർബ്ബാധമായ സ്വാധീനശക്തി വേണമെന്ന ദീഘകാലസ്വപ്നംതന്നെയാണ് ഇത്തരം ഉള്ള കർമ്മങ്ങളുടെ നിദാനം. ഈ മോഹാവേശവും മഹായുദ്ധാനന്തരം സാധിതമായി. ജർമ്മൻകാർ മുമ്പേതന്നെ കൈവശപ്പെടുത്തിവച്ചിരുന്ന കിഴക്കൻ ആഫ്റിക്ക മുഴുവനും ഇംഗ്ലീഷുകാക്കധീനപ്പെട്ടു.

ഈ അവസരങ്ങളിലെല്ലാം ഫ്റാൻസ് ഉദാസീനമായിരുന്നു എന്ന് ആരും ശങ്കിക്കേണ്ട. വലുതും ഫലപ്രദവുമായ മഡഗാസ്കർദ്വീപ് ഫ്റാൻസ് കൈവശപ്പെടുത്തി. ഇതിനുംപുറമെ 35ലക്ഷം ചതുരശ്രമൈൽകൂടി കൈവശപ്പെടുത്താൻ വേണ്ട ഒരുക്കങ്ങളും ചെയ്തു. വടക്കു മൊറാക്കൊ, ആൾജീറിയ മുതൽ തെക്ക് കാംഗൊവരെയും പടിഞ്ഞാറു സമുദ്രതീരംമുതൽ നേരെ സഹാറവരെ ബ്രിട്ടീഷ്സൂഡാൻ കിഴക്കെ അതിരായും ഉള്ള പ്രദേശം ഈ ഭൂവിഭാഗമാണ്. ഒരിക്കൽ ഫ്റാൻസും ഇംഗ്ലണ്ടും തങ്ങളുടേതെന്നു അഭിമാനിച്ചിരുന്ന ഫഷോഡയെപ്പററി രണ്ടുരാജ്യങ്ങളും സമരസന്നദ്ധങ്ങളായി. പക്ഷെ അന്ത്യമുഹൂത്തത്തിൽ ഫ്റാൻസ് വാദം പിൻവലിച്ചു. ഇക്കാലത്തു് യൂറോപ്പിലുള്ള മററുരാജ്യക്കാരും ഈ ശക്കരക്കുടത്തിൽ കൈയ്യിടുവാൻ മോഹിച്ചു. പോർട്ടുഗൽ, മോസാംബിക്, അംഗോല മററു ചില ചെറിയ ഭാഗങ്ങൾ എന്നിവ കൈക്കലാക്കി. ജർമ്മനി, ടൂഗോലാൻഡ്, കാമറൂൺ, ജർമ്മൻ കിഴക്കേആഫ്റിക്ക, തെക്കുപടിഞ്ഞാറൻ ആഫ്റിക്ക ഇവയും സ്വാധീനപ്പെടുത്തി. ക്ഷുദ്രപ്രായമായ ബെൽജിയവും ഒരു പങ്കുകിട്ടാൻ മുന്നോട്ടുവന്നു. ആഫ്റിക്കയിൽ അത്യധികം ജലസമൃദ്ധമായ കാംഗൊതീരത്തിൽ പത്തുലക്ഷം ചതുരശ്രമൈൽ അവക്കും ലഭിച്ചു.

ആഫ്റിക്കയെ കശാപ്പുചെയ്തു വീതിക്കുന്ന ഈ അവസരത്തിൽ ഈ യജ്ഞപശുവിൻെറ ഉത്തമമായ ഒരംശം അയൽവാഴികൾക്കും കിട്ടി

യിരിപ്പാനവകാശമുണ്ടെന്നു ഒരുവന്നു് തോന്നിയേക്കാം. പക്ഷെ പരമാൎത്ഥമങ്ങനെയല്ല. ഈ സംഭവങ്ങൾ നടന്നുകൊണ്ടിരിക്കുന്നകാലത്തു് സ്പെയിൻ ദിവാസ്വപ്നം കാണുകയായിരുന്നു. ഇററലി അന്നും അതിൻെറ സംഘടനയ്ക്കു തീവ്രയത്നം ചെയ്തുകൊണ്ടിരിക്കയായിരുന്നു. പത്തൊൻപതാംനൂററാണ്ടിൻെറ അന്ത്യവിംശതിയിൽ ഇററലി അവിടത്തെ അധികജനതയുടെ അധിവാസത്തിന്നു് ഒരു സങ്കേതമന്വേഷിച്ചുതുടങ്ങിയപ്പോൾ മരുഭൂമിയും ഊഷരപ്രദേശങ്ങളും മാത്രമെ അവിടെ അവശേഷിച്ചിരുന്നുള്ളു. മയമുള്ളതെല്ലാം വിഴുങ്ങിക്കഴിഞ്ഞിരിക്കുന്നു. അതിനാൽ ഇററലിക്കു അഞ്ചുലക്ഷം ചതുരശ്രമൈൽ മരുസ്ഥലം ലിബിയ, എറിട്രിയ, സോമാലിലാൻഡ് ഇവിടങ്ങളിൽ സിദ്ധിച്ചു. ഇവ ഒന്നുംതന്നെ യൂറോപ്യൻവൎഗ്ഗക്കാൎക്കു് അധിനിവേശയോഗ്യമല്ല.

അധിനിവേശവിഷയത്തിൽ ഇററലിയോടുള്ള വിധിവാമത നിൎദ്ദയമായിരുന്നു എന്നതിനു സംശയമില്ല. സാമാന്യമായ ഈ ദൂനതയെ ഒരു പ്രത്യേക അവസരത്തിൽ ഫ്റഞ്ചുകാർ പ്രവൃദ്ധമാക്കി. ഉത്തരആഫ്റിക്കയിലുള്ള ട്യൂണീസ് സമുദ്രപ്രാന്തത്തിന്നു് സിസിലയിൽനിന്നു നൂറുമൈൽമാത്രമെ അകലമുള്ളു. ഫ്റഞ്ചുകാർ 1882-ൽ ട്യൂണീസിൽ രംഗപ്രവേശം ചെയ്തതിനുമുമ്പുതന്നെ പതിനായിരം ഇററാലിയർ അവിടെ സ്ഥിരവാസം തുടങ്ങിയിരിക്കുന്നു. ട്യൂണീസ് നിസ്സാരമൂല്യത്തിനു കൈവശപ്പെടുത്തി.

തുടരും

# ആ വിഷമപ്രശ്നത്തിനു സമാധാനം കിട്ടി

(ടാഗൂർ)

ജിങ്ക്റക്കോട്ട ജമിന്ദാരായ കൃഷ്ണസൎക്കാർ തൻെറ ആയുശ്ശേഷം പുണ്യക്ഷേത്രമായ കാശിയിൽ കഴിച്ചുകൂട്ടുവാൻ നിശ്ചയിച്ചു. സ്വത്തുക്കളെല്ലാം മകൻ വിപിനനെ ഏല്പിച്ചു. സ്വസ്ഥനായി അദ്ദേഹം കാശിയിലേക്കു യാത്രയായി.

മേൽമീശയും കണ്ണടയും വച്ച ഒരു പച്ചപ്പരിഷ്കാരിയായിരുന്നു മകൻ വിപിനൻ. അയാളുടെ സ്വഭാവത്തെ പററി യാതൊരു ദൂഷ്യവും പറയാനുണ്ടായിരുന്നില്ല. പുകവലി, ചീട്ടുകളി മുതലായി പരിഷ്കാരികളായ ചെറുപ്പക്കാൎക്കുണ്ടാകാറുള്ള ദൂഷ്യങ്ങളൊന്നും അയാളെ തീണ്ടുകപോലും ചെയ്തിട്ടില്ല. കാഴ്ചയിൽ അദ്ദേഹം വളരെ സൗമ്യനും ശാന്തനുമായിരുന്നു. പക്ഷെ അദ്ദേഹം ഒരു നിർബന്ധബുദ്ധിയാണ്. കുടിയാനവന്മാൎക്കെല്ലാം അദ്ദേഹത്തിൻെറ ഈ സ്വഭാവവിശേഷത്തോടു് എതിരിടേണ്ടതായി വന്നു.

അന്യന്മാർ കഷ്ടപ്പെടുന്നു കണ്ടാൽ എളുപ്പത്തിൽ മനസ്സലിഞ്ഞു പോകുമെന്നുള്ളതായിരുന്നു വൃദ്ധനായ കൃഷ്ണസക്കാറിന്റെ സ്വഭാവത്തിനുണ്ടായിരുന്ന ഒരു വലിയ ദൗർബ്ബല്യം. അതുകൊണ്ടു ദാരിദ്ര്യകൂപത്തിൽ പതിച്ച അനേകം സാധുജനങ്ങൾ വസ്തുവകകൾ പാട്ടംകൂടാതെ അനുഭവിച്ചുവന്നിരുന്നു. ഇതിനും പുറമെ ഇളവുചെയ്തുകൊടുത്ത എടപാടുകൾക്കും കണക്കുണ്ടായിരുന്നില്ല. കാര്യങ്ങൾ ഇങ്ങനെ ഒന്നും പോരെന്നു വിപിനൻ നിശ്ചയിച്ചുറച്ചു. എന്റെ കുടുംബംവക വസ്തുക്കളിൽ അധികഭാഗവും അന്യന്മാൎക്കു സമ്മാനമായി തീരാൻ ഞാൻ അനുവദിക്കുകയില്ല. പോരെങ്കിൽ ഇത്തരത്തിലുള്ള ധൎമ്മബുദ്ധി അലസതയെ വൎദ്ധിപ്പിക്കുക മാത്രമേയുള്ളു. നമ്മുടെ പ്രവൃത്തികൾക്കു എന്തെങ്കിലും ഒരടിസ്ഥാനതത്വം വേണം. അതനുസരിച്ചു അദ്ദേഹം തന്റെ തത്വങ്ങളെല്ലാം പ്രവൃത്തിരൂപത്തിൽ വരുത്തിത്തുടങ്ങി.

കൃഷ്ണസക്കാറിന്റെ വിശ്രമസ്ഥലമായ കാശിയിൽ ഹർജികൾ ധാരാളമായി വന്നു തുടങ്ങി. കുടിയാനവന്മാരിൽ ചിലർ തങ്ങളുടെ സങ്കടത്തെ മുഖദാവിൽ അറിയിക്കുന്നതിനു അങ്ങോട്ടു തിരിക്കുകയും ചെയ്തു. വിപിനൻ ധൎമ്മമല്ല പ്രവൎത്തിക്കുന്നതെന്നും മററും ഗുണദോഷിച്ചു കൃഷ്ണസക്കാർ മകന്നു എഴുതി അയച്ചു.

വിപിനൻ അതിനു മറുപടി അയച്ചു. 'പണ്ടുകാലങ്ങളിൽ ധൎമ്മം കൂടുതലായിരുന്നു. അതുപോലെയായിരുന്നു ആദായവും. ആ കാലങ്ങളിൽ കുടിയാനവനും വസ്തു ഉടമസ്ഥനും തമ്മിൽ പരസ്പരം വിട്ടുവീഴ്ചകൾ ഉണ്ടായിരുന്നു. പുതിയ നിയമനിൎമ്മാണംമൂലം കുടിയാന്മാരിൽ നിന്നും കൂടുതൽ അവകാശപ്പെടുവാൻ നിവൃത്തിയില്ലാതായിട്ടുണ്ടു്. അതുകൊണ്ടു കുടിയാനവൻ വ്യവസ്ഥയനുസരിച്ചുള്ള പാട്ടവും മററും കുറയാതെ തന്നെ കൊടുക്കേണ്ടതാണു്. കാൎയ്യങ്ങളുടെ ഇപ്പോഴത്തെ നിലയ്ക്കു കുടിയാന്മാരോടുള്ള അനാശാസ്യമായ ആനുകൂല്യങ്ങൾ തന്റെ സ്വത്തുക്കളെ നശിപ്പിക്കുക മാത്രമേ ചെയ്യുകയൊള്ളു. ഒടുവിൽ തന്റെ പ്രഭാവങ്ങളും, പ്രതാപങ്ങളും ഒട്ടും തന്നെ അവശേഷിക്കുന്നതല്ല.

സംഗതികളെല്ലാം മാറിയിരിക്കുന്നുവെന്നു മനസ്സിലായപ്പോൾ കൃഷ്ണസക്കാരിനു കുണ്ഠിതമുണ്ടായി. നമ്മുടെ കാലത്തെ നടപടികളൊന്നും ഇന്നത്തെ സ്ഥിതിക്കു യോജിച്ചതല്ല. നമ്മുടെ പിൻവാഴ്ചക്കാർ അവരുടെ പ്രവൃത്തികളെ തങ്ങളുടെ കാലത്തിനു അനുരൂപങ്ങളാക്കുകയാണു് ചെയ്യുന്നതു്. അതുകൊണ്ടു് ലോകം അതിന്റെ പാട്ടിനു പോകട്ടെ. നമുക്കു ഈശ്വരഭജനം നടത്താം.

## II

ഭയപ്പെടുത്തൽ, കുടിയിറക്കൽ, സിവിൽകേസുകൾ ഇതെല്ലാം ഒരാവർത്തി കഴിച്ചപ്പോൾ തന്റെ വക സ്വത്തുക്കളുടെ സ്ഥിതിയെല്ലാം വിപിനന്റെ മനസ്സിന്നു ഇണങ്ങിയ വിധത്തിലായി.

കുടിയാന്മാരിൽ അധികം പേരേയും ഭയപ്പെടുത്തി കീഴടക്കി. വിധവയായ മിർസാബീബിയുടെ മകൻ ആസിം മാത്രം കീഴടങ്ങാതെ അവശേഷിച്ചു. സെമിന്ദാരുടെ അതൃപ്തിഭരം മുഴവനും അയാളിൽ നിപതിച്ചു.

ഈ കുടുംബക്കാർ അനുഭവിച്ചു വന്ന പ്രത്യേകാനുകൂല്യങ്ങൾക്കെല്ലാം വളരെക്കാലത്തെ പഴക്കമുണ്ടെന്നും, അവ തന്റെ പിതാവിന്റെ സ്വന്തം ആജ്ഞയുടെ ഫലമാണെന്നും തന്റെ ഉദ്യോഗസ്ഥന്മാരോടു ചോദിച്ചപ്പോൾ വിപിനന്നു മനസ്സിലായി. ഈ പക്ഷപാതത്തിന്നു കാരണമായി യാതൊരു രേഖയും ദൃശ്യമായതുമില്ല. ആ വിധവയുടെ ആദ്യകാലത്തെ അനാഥസ്ഥിതിതന്നെയായിരിക്കാം മിക്കവാറും ഇതിന്നുള്ള ഹേതു.

അക്കാര്യം എങ്ങനെയുമിരിക്കട്ടെ. വിപിനന്റെ ദൃഷ്ടിയിൽ സൗജന്യമായി വസ്തു അനുഭവിക്കുന്നതിന് ഇവർ ഒരു പ്രകാരത്തിലും അർഹരായിരുന്നില്ല. ആ വിധവയുടെ പൂർവ്വസ്ഥിതിയെപ്പററി യാതൊന്നുംതന്നെ വിപിനന്നു നേരിട്ടറിവുണ്ടായിരുന്നില്ല. അതു തീർച്ചതന്നെ. എന്തും എളുപ്പത്തിൽ വിശ്വസിക്കുന്നവനായ തന്റെ പിതാവിന്റെ മനോദൗർബല്യത്തെ അറിഞ്ഞുകൊണ്ടു പ്രവർത്തിച്ച ഏതോ വഞ്ചനയാണിതെന്ന് അയാൾ ഊഹിച്ചു. അവരുടെ ഇപ്പോഴത്തെ അവസ്ഥ ഈ ഊഹത്തിന്നു ബലം നൽകി. ആസിമിന്റെ കാര്യം പറകയാണെങ്കിൽ അയാൾ ചൊടിയും ഉശിരുമുള്ള ഒരു യുവാവായിരുന്നു. "ഞാൻ ജീവിച്ചിരിക്കുന്നിടത്തോളം കാലം എന്റെ കൈവശമുള്ളതിന്റെ ഒരംശമെങ്കിലും ഉപേക്ഷിക്കുകയില്ല" എന്നായാൾ സത്യം ചെയ്തു. അതുകൊണ്ടു ജന്മിയും കുടിയാനും തമ്മിലുള്ള ഒരു യുദ്ധം തന്നെ തുടങ്ങി.

വിധവ മകനെ തടുത്തു് "നാം ഇത്രനാളും അനുഭവിച്ചു വന്നതല്ലെ ആ ഔദാര്യം. ഇനി എന്തിന് അതിനുവേണ്ടി മല്ലിടുന്നു? സെമിന്ദാർ തന്നിട്ടുള്ള ദാനത്തിന്റെ ഒരംശം അദ്ദേഹത്തിന്നു തിരിച്ചെടുക്കണമെങ്കിൽ അദ്ദേഹം അപ്രകാരം ചെയ്തുകൊള്ളട്ടെ. ഈ വഴക്കിന്നു ഒന്നും പോകേണ്ട."

"അമ്മേ, ഈ വക കാര്യങ്ങളൊന്നും അമ്മയ്ക്കു മനസ്സിലാവുകയില്ല." എന്നായിരുന്നു ആസിമിന്റെ സമാധാനം.

ഒന്നിനു പുറകെ ഒന്നായി കേസുകളെല്ലാം ആസിമിനു ദോഷമായി പരിണമിച്ചു. പക്ഷെ കേസ്സു തോററതനുസരിച്ച് അയാളുടെ മക്കടമുഷ്ടിയും വദ്ധിച്ചതേയുള്ളു. തൻെറ വകയെല്ലാം രക്ഷിക്കുന്നതിനായി അയാൾ തൻെറ സവ്വസ്വവും അന്യാധീനപ്പെടുത്തി.

ഒരു ദിവസം ഉച്ച തിരിഞ്ഞു വിധവതന്നെ സെമിന്ദാരെ നേരിട്ട് കണ്ടു സങ്കടമുണത്തിക്കുവാനായി തിരിച്ചു. അദ്ദേഹത്തിനു ഒരു കാഴ്ചയായി അവളുടെ തോട്ടത്തിലുണ്ടായ ചില ഫലമൂലാദികളും ഒരു കൊട്ടയിൽ എടുത്തിരുന്നു. വിപിനനെ കണ്ടപ്പോൾ അവൾ പുത്രനിവ്വിശേഷമായ സ്നേഹവാത്സല്യങ്ങൾ പ്രകടിപ്പിച്ചുതുടങ്ങി. "അങ്ങ് എനിക്കു ഒരു മകനേപ്പോലെയാണ്. അള്ളാ അങ്ങയെ അനുഗ്രഹിക്കട്ടെ! ദൈവത്തെ ഓത്ത് എൻെറ കുഞ്ഞിനെ, പാവം ആസിമിനെ നശിപ്പിക്കല്ലെ. അതുകൊണ്ട് അവിടത്തേയ്ക്ക് ഒട്ടുംതന്നെ പ്രശസ്തി വരാനില്ല. അവനെ അങ്ങയുടെ രക്ഷയിൽ സമപ്പിക്കുവാനാണ് ഇവിടെ വന്നതു്. ഒരു നിസ്സഹായനായ കൊച്ചനുജനെപ്പോലെ അവനെ നോക്കിക്കൊള്ളണേ! അവനോട് വിദ്വേഷം ഒന്നും തോന്നരുതെന്നു ഞാൻ അവിടത്തോട് പ്രാത്ഥിക്കുന്നു. അങ്ങയുടെ ഈ വലിയ ഭൂസ്വത്തിൽനിന്നും അവൻെറ കൈയ്യിലിരിക്കുന്ന ആ ചെറിയ തുണ്ടു് അവനായി വിട്ടുകൊടുത്തേക്കരുതേ."

ഇപ്രകാരം ഒരു സ്വന്തമെന്നുള്ള നിലയിൽ ആ വൃദ്ധ പെരുമാറിയപ്പോൾ വിപിനന്ന് അസാമാന്യമായ ഈഷ്യ തോന്നി. "ഈ വക കാര്യങ്ങളൊന്നും നിങ്ങൾക്കു മനസ്സിലാവുകയില്ല. വല്ലതും പറയാനുണ്ടെങ്കിൽ നിങ്ങളുടെ മകനെ അയയ്ക്കണം. അയാൾ പറയട്ടെ" എന്നു പറഞ്ഞു വിപിനൻ ആ വൃദ്ധയെ യാത്രയാക്കി.

ഈ കാര്യങ്ങളൊന്നും തനിക്കു മനസ്സിലാവുകയില്ലെന്നു രണ്ടു തവണയായി—ഒന്ന് അവളുടെ മകനു മേററതു് വേറൊരുത്തിയുടെ മകനും—ഇപ്പോൾ അവളെ ഗുണദോഷിക്കുന്നു. അശ്രു തുടച്ചും കൂടെക്കൂടെ അള്ളായെ വിളിച്ചും അവൾ ഒരക്ഷരംപോലും ആരോടും ഉരിയാടാതെ വീട്ടിലെത്തി. അവൾ എന്തു ചെയ്യാനാണ്?

## III

കേസ്സുകൾ കീഴ്കോടതിയിൽ നിന്നും അപ്പീലായി ഡിസ്ട്രിക്ട് കോടതിയിലും ഹൈക്കോടതിയിലും പോയപ്പോഴേയ്ക്കും വഷം ഒന്നര ക

ഴിഞ്ഞു. ആസിം കടത്തിൽ മൂക്കററവും മുങ്ങുകയും കഴിഞ്ഞു. എങ്കിലും കോടതിതീൎച്ചകരം അയാൾക്കനുകൂലമായ ഒരു ഗതിയെ അവലംബിച്ചു. പക്ഷെ ഇപ്രകാരം കരയിലെ വ്യാഘ്രത്തിൻെറ അടുക്കൽ നിന്നും അയാൾ അകന്നപ്പോൾ വെള്ളത്തിലെ മുതലക്കയത്തോട്ടു അടുക്കുകയാണുണ്ടായതു്. കടക്കാർ അയാൾക്കുണ്ടായ ഈ അനുകൂലസ്ഥിതി കണ്ടു് അയാളുടെ പേരിൽ നടപടി നടത്താൻ തുടങ്ങി. അയാളുടെ സ്വത്തുക്കളെല്ലാം വില്ക്കുന്നതിനു ദിവസവും നിശ്ചയിക്കപ്പെട്ടു.

അന്നു ഒരു ചന്തദിവസമായിരുന്നു. ഒരു ചെറിയ നദിയുടെ തീരത്തിലാണു ചന്ത. പേമാരികൊണ്ടു് നദി കരകവിഞ്ഞു് ഒഴുകുന്നുണ്ടായിരുന്നു. ആകാശവും മേഘച്ഛന്നമായിരുന്നു. മുള വച്ചു കെട്ടി അതിന്മേൽ പായ് നിവൎത്തിയിട്ടു അതിൻെറ കീഴിലിരുന്നാണു കച്ചവടക്കാർ മഴയെപ്പേടിച്ചു കച്ചവടം നടത്തിയിരുന്നതു്. ചക്ക, മത്സ്യം മുതലായി അക്കാലത്തു സുലഭമായിരുന്ന ക്രയവസ്തുക്കളെല്ലാം ധാരാളം ചന്തയിൽ വന്നിട്ടുണ്ടായിരുന്നു. നദീതീരത്തിലും കരയ്ക്കു് അടുപ്പിച്ചിട്ടുള്ള സാമാനവള്ളങ്ങളുടെ അടുത്തും ക്രയവിക്രയത്തിനായി കൂടിയ ജനങ്ങളുടെ തിക്കും, തിരക്കും, ബഹളവും, കൊടുക്കലും വാങ്ങലും, ഇരമ്പലും കൊണ്ടുപിടിച്ചു നടക്കുന്നു.

സാമാനം വാങ്ങുന്നതിനായി ആസിം അവിടെ വന്നിട്ടുണ്ടായിരുന്നു. കൈയ്യിൽ സ്വന്തമായി ഒററ പൈസപോലും ബാക്കിയില്ലായിരുന്നതുകൊണ്ടു് അയാൾ പണയം വയ്ക്കുന്നതിനായി ഒരു മഴുവും, ഒരു പിത്തളത്തട്ടവും കൊണ്ടാണു് വന്നിരുന്നതു്.

വിപിനൻ പതിവുള്ള സവാരിക്കിറങ്ങിയിരിക്കുകയായിരുന്നു. കൂടെ അല്പം അകലെ അംഗരക്ഷകരായ രണ്ടുപേരും അയാളെ അനുഗമിക്കുന്നുണ്ടു്. ചന്തയിലെ ബഹളം കണ്ടു് അദ്ദേഹം ആ പുഴവക്കിലേക്കു തിരിച്ചു. ചന്തയിൽ എത്തിയപ്പോൾ അടുത്തുള്ള ഒരു എണ്ണവ്യാപാരിയുടെ കടയ്ക്കു സമീപം അദ്ദേഹം നിന്നു. വ്യാപാരിയുമായി വിപിനൻ കച്ചവടത്തിൻെറ കാൎയ്യങ്ങളെപ്പററി സംസാരിച്ചുകൊണ്ടിരിക്കുകയായിരുന്നു.

തനിക്കു ആസന്നമായ നാശത്തിനു കാരണക്കാരനായ വിപിനൻെറ നേൎക്കു് ആസിം മഴുവോടുകൂടി അടുത്തു. വിപിനനു വിധേയരായ കടക്കാർ ഒരു നിമിഷത്തിനുള്ളിൽ ആസിമിനെ ആയുധത്തോടുകൂടി പിടിച്ചു പോലീസിൽ ഏല്പിച്ചു. അതിനുശേഷം ചന്ത പതിവുപോലെ നടന്നുകൊണ്ടിരുന്നു.

കാൎയ്യം ഇത്തരത്തിൽ പരിണമിച്ചതുകൊണ്ടു വിപിനനു് ഉള്ളിൽ സന്തോഷമുണ്ടായി എന്നുള്ളതു വിസംവദിക്കാൻ നിവൃത്തിയില്ല. ഈ വൃ

ത്താന്തം ശ്രവിച്ച മാത്രയിൽ അദ്ദേഹത്തിന്റെ ഗൃഹത്തിലെ സ്ത്രീജനങ്ങളെല്ലാം ഭയചകിതകളായി വിറച്ചുപോയി. "ഒ! ആ നീചൻ, ദുഷ്ടൻ, ഹീനൻ." എന്നെല്ലാം അവർ വിളിച്ചുപറഞ്ഞു. എന്തിനു്, ദ്രോഹിക്കു ഉടൻ തന്നെ തക്കതായ ശിക്ഷ ലഭിക്കുമല്ലോ എന്നോർത്തു് അവർ ആശ്വസിച്ചു.

ആഹാരമാർഗ്ഗവും പുത്രനും നഷ്ടപ്പെട്ട ആ വിധവയുടെ കുടിലിനെ അന്തകനെക്കാൾ കാളിമയേറിയ ദിനാന്താന്ധകാരം ഗ്രസിച്ചു. ഇങ്ങനെ ഒരു സംഭവം നടന്നതായി പോലും ആരും ഗൗനിച്ചതായി തോന്നിയില്ല. അതു തീച്ചയാണു്.

## IV

ദിവസങ്ങൾ മൂന്നു കഴിഞ്ഞു. അടുത്ത ദിവസം ആ കൈയ്യേററക്കേസ്സ് ഡെപ്യൂട്ടിമജിസ്റ്റ്രേട്ടിന്റെ കോടതിയിൽ വിചാരണ തുടങ്ങും. വിപിനനെ സാക്ഷിയായി വിസ്തരിക്കേണ്ടതായി വരും. ഒരു സാക്ഷി ക്കൂട്ടിൽ കയറുക എന്നുള്ള അപമാനം വിപിനനു അല്ലാതെ ആ സെമിന്ദാർ വംശത്തിലെ ആക്കും സഹിക്കേണ്ടതായി വന്നിട്ടില്ല. പക്ഷെ വിപിനൻ അതൊന്നും സാരമാക്കിയില്ല.

പിറേറ ദിവസം വിപിനൻ അയാളുടെ തലപ്പാവും സ്വർണ്ണവാച്ചും ചങ്ങലയും ധരിച്ചു. സെമിന്ദാരുടെ സ്ഥാനമഹിമ അനുസരിച്ചുള്ള സ്ഥിതിയിൽ തന്നെ തണ്ടിലേറി അയാൾ കച്ചേരിക്കു യാത്രയായി. ഏതാനും അനുയായികൾ അദ്ദേഹത്തിന്റെ പല്ലക്കിനെ അനുഗമിക്കുകയും ചെയ്തിരുന്നു. വേണ്ട ഉപചാരത്തോടുകൂടി മജിസ്റ്റ്രേട്ട് അദ്ദേഹത്തിനെ സ്വീകരിച്ചു. സെമിന്ദാക്കു മജിസ്റ്റ്രേട്ടിനു് അടുത്തായി ഒരു കസേരയും നൽകപ്പെട്ടു. ഇത്രത്തോളം പ്രക്ഷോഭകരമായ ഒരു കേസ് ഉണ്ടാകുന്നതു് അത്ര സാധാരണമായിരുന്നില്ല. അതുകൊണ്ടു് കോടതിമുറി ആളുകളെക്കൊണ്ടു നിറഞ്ഞിരുന്നു.

കേസ് വിളിക്കുന്നതിനു സ്വല്പം മുമ്പു വിപിനന്റെ അനുയായികളിൽ ഒരുത്തൻ പരിഭ്രമിച്ചു് അദ്ദേഹത്തിന്റെ അടുക്കൽ വന്നു ചെവിയിൽ എന്തോ ഒന്നു മന്ത്രിച്ചു. വിപിനൻ ഒന്നു ഞെട്ടി. മജിസ്റ്റ്രേട്ടിനോടു് ക്ഷമിക്കണമെന്നപേക്ഷിച്ചുകൊണ്ടു് അദ്ദേഹം ധിറുതിയിൽ വെളിയിലേക്കിറങ്ങി.

വിപിനൻ കോടതിമുറിയിൽ നിന്നും പുറത്തിറങ്ങിയപ്പോൾ കുറെയകലെ ഒരു വലിയ വടവൃക്ഷത്തിന്റെ ചുവട്ടിൽ കാഷായവസ്ത്രങ്ങളും ധ

രിച്ചു പാദരക്ഷകൂടാതെ, രുദ്രാക്ഷമാലയും ജപിച്ചുകൊണ്ട് അയാളുടെ വയോധികനായ പിതാവു് നില്ക്കുന്നതു കണ്ടു.

വഴക്കമില്ലാത്ത തന്റെ ഔദ്യോഗികവേഷം ധരിച്ചുകൊണ്ടു പിതൃപാദത്തിൽ പതിവുള്ള ആചാരോപചാരങ്ങൾ ചെയ്യുകയെന്നുള്ളതു സാമാന്യം പ്രയാസം ഉള്ള ഒരു കാര്യമാണെന്നു വിപിനനു ബോധ്യം വന്നു. അദ്ദേഹത്തിന്റെ ശിരസ്ത്രാണം തലയിൽ നിന്നും ഇഴകി കൺതടത്തിൽകൂടി നാസാഗ്രം പ്രാപിച്ചു. ഘടികാരം കീശയിൽ നിന്നും വെളിക്കു ചാടി ശൃംഖലാഗ്രത്തിൽ തൂങ്ങിക്കിടക്കുന്നു. അദ്ദേഹം ഒരു വിറയലോടെ അതെല്ലാം യഥാസ്ഥാനങ്ങളിലാക്കി. അതിനുശേഷം അടുത്തുള്ള ഒരു വക്കീലിന്റെ ആഫീസിൽ പോയി കാര്യങ്ങൾ പറയാമെന്നു് അയാൾ പിതാവിനോടു പറഞ്ഞു.

"വേണ്ട, കുഞ്ഞേ, എനിക്കു പറയാനുള്ളതു് ഞാൻ ഇവിടെ നിന്നു തന്നെ പറഞ്ഞേക്കാം. അതാണു് ഭേദം" എന്നായിരുന്നു കൃഷ്ണസർക്കാറിന്റെ മറുപടി.

ജിജ്ഞാസുക്കളായ പ്രേക്ഷകരെ അവരുടെ ചുററും കൂടാതെ അകററിനിറുത്തുകയെന്നുള്ളതു് സെമിന്ദാരുടെ ഭൃത്യന്മാൎക്കു് ഒരുതരത്തിലും ലഘുവായ ഒരു ജോലിയല്ലായിരുന്നു.

"നീ ആസീമിനെ വിട്ടയപ്പിക്കാൻ നോക്കണം. അതിനും പുറമെ ഞാൻ അവനു കൊടുത്തിരുന്ന വസ്തുവകകളെല്ലാം അവനെ തിരിച്ചേല്പിക്കയും വേണം." എന്നു പിതാവു് പുത്രനോടു പറഞ്ഞു.

"അങ്ങു കാശിയിൽനിന്നും ഈ ദൂരംഅത്രയും യാത്രചെയ്തതു് ഇതിനുവേണ്ടിയാണൊ? ഈ കുടുംബത്തോടു മാത്രം ഇത്രത്തോളം ക്രമാതീതമായ പക്ഷപാതം അങ്ങയ്ക്കു തോന്നാൻ എന്താണു കാരണം?" എന്നു സംസാരിക്കാൻ അശക്തനായി തീൎന്ന വിപിനൻ വിക്കിവിക്കി ചോദിച്ചു.

"അതെല്ലാം അറിഞ്ഞതുകൊണ്ടു നിനക്കു് എന്തു വിശേഷമാണുണ്ടാവുക?" എന്നായി കൃഷ്ണസർക്കാർ.

വിപിനൻ:— "അതു പക്ഷപാതരഹിതമായ ന്യായം നടത്തിപ്പു മാത്രമാണു്. സൗജന്യമായി അനുഭവിക്കുന്നതിനു അൎഹതയില്ലാത്ത പലരിൽനിന്നും ഞാൻ വസ്തുവകകൾ തിരിച്ചുവാങ്ങി. അക്കൂട്ടത്തിൽ ഉത്തമരായ ബ്രാഹ്മണരുമുണ്ടു്. എന്നിട്ടും അങ്ങു് ഇതേവരെ എന്റെ പ്രവൃത്തികളിൽ ഇടപെട്ടിട്ടില്ല. പക്ഷെ ഇപ്പോഴിതാ അങ്ങു ഈദൂരം അത്രയും നടന്നു

ഒരു മുസ്ലിം ബാലനുവേണ്ടി സന്ധി പറയാൻ എത്തിയിരിക്കുന്നു! രണ്ടു ക്രൂരരും ചെയ്യാനുള്ളതെല്ലാം ചെയ്തുകഴിഞ്ഞു. ഇനി ഇപ്പോൾ കേസു നടത്താതെ വീഴ്ച വരുത്തുകയും അതിനുംപുറമെ ആസിമിൻെറ വസ്തുവകകളിന്മേൽ എനിക്കുള്ള അവകാശങ്ങളെയെല്ലാം സ്വമേധയാ പിൻവലിക്കുകയും ചെയ്യാമെന്നു വച്ചാൽ മററുള്ളവർ എൻെറ നടപടിയെപററി എന്തു വിചാരിക്കും?

കൃഷ്ണസർക്കാർ വിറയ്ക്കുന്ന അംഗുലികൾക്കിടയിൽ ക്രൂടി അക്ഷമാലയെ ചലിപ്പിച്ചുകൊണ്ടു കുറേനേരം ചിന്താമഗ്നനായി നിശ്ശബ്ദതയിൽ കഴിച്ചുകൂട്ടി. അനന്തരം ഇടറിയ സ്വരത്തിൽ അദ്ദേഹം പറഞ്ഞുതുടങ്ങി. "അന്യരോടു നിനക്ക് അതിനു സമാധാനം പറയേണ്ട ആവശ്യമുണ്ടെന്നു നീ വിചാരിക്കുന്നപക്ഷം ആസിം നിൻെറ സഹോദരനാണെന്നും എൻെറ പുത്രനാണെന്നും പറഞ്ഞേക്കുക"

"ഒരു മുസ്ലിം സ്ത്രീയുമായുള്ള നീചസംഗമത്തിൽ നിന്നും ജനിച്ചവനോ?"

"അതേ, അങ്ങനെ തന്നെ കുഞ്ഞേ".

വിപിനനു ഒന്നും പറയാൻ ശബ്ദം പൊങ്ങിയില്ല. അയാൾ മൂകനായിപ്പോയി. "ആട്ടെ നമുക്കു വീട്ടിലേക്കു പോകാം. ഇതിനെപ്പററി കൂടുതൽ സംസാരിക്കാം. കാര്യം അവിടെ വച്ചു തീർച്ചപ്പെടുത്തുകയും ചെയ്യാം." എന്നയാൾ ഒടുവിൽ പറഞ്ഞു.

"ഞാൻ ധർമ്മാചരണത്തിനു വേണ്ടി കുടുംബം ത്യജിച്ചവനാണ്, ഇനി ഒരിക്കലും ഞാൻ വീട്ടിൽ പ്രവേശിക്കുന്നതല്ല. ഇപ്പോൾ കാര്യമെല്ലാം നീ മനസ്സിലാക്കിയല്ലൊ. പിന്നെ നിൻെറ മനസ്സാക്ഷിപോലെ പ്രവർത്തിക്കുക." എന്നു പറഞ്ഞു വൃദ്ധൻ തൻെറ വികാരവിജൃംഭണത്തെ പണിപ്പെട്ടടക്കി. വിറയ്ക്കുന്ന ചരണങ്ങളോടെ അദ്ദേഹം അവിടെനിന്നും നിഷ്ക്രമിച്ചു.

എന്തു ചെയ്യണമെന്നും പറയണമെന്നും അറിയാതെ വിപിനൻ കുറെ നേരത്തേയ്ക്കു സ്തബ്ധനായി നിന്നുപോയി. എന്തായാലും ഒരു വിചാരം അയാളുടെ മനസ്സിൽ പെട്ടെന്നുദയം ചെയ്തു. അപ്പോൾ പഴയ ആളുകളുടെ "ദൈവവിചാരം" ഇങ്ങനെയാണല്ലെ! തൻെറ പിതാവിനെക്കാൾ സദാചാരനിഷ്ഠനും യോഗ്യനുമാണ് താൻ എന്ന് അയാൾക്കു ബോദ്ധ്യമായി. വ്യവസ്ഥയില്ലാത്ത പ്രവൃത്തിയുടെ സ്വാഭാവികഫലമാണിതെല്ലാം.

കൈവിലങ്ങോടും, ക്ഷീണിച്ച ഗാത്രത്തോടും, രക്തപ്രസാദമില്ലാതെ വിളറിയ അധരങ്ങളോടും അവജ്ഞനിറഞ്ഞ കണ്ണുകളോടും കീറി

പ്പറിഞ്ഞു മുഷിഞ്ഞ ഒരു ചെറിയ മുണ്ടുമുടുത്തു് നില്ക്കുന്ന ആസിമിനെ കച്ചേരിയിലെത്തിയപ്പോൾ വിപിനൻ കണ്ടു. അയാൾ രണ്ടുപോലീസുകാരുടെ സൂക്ഷിപ്പിലാണു്. ഈ ആസിം തന്റെ സഹോദരനാണു പോലും!

വിപിനൻ മജിസ്ട്രേട്ടിനോടു വളരെ സൗഹാൎദ്ദനിലയിലായിരുന്നു. ധിവൃതിയിൽ ഒരാലോചന നടന്നു. കുറെ കഴിഞ്ഞപ്പോൾ നിയമസംബന്ധമായ എന്തോ ഒരു സാങ്കേതികതടസ്സം നിമിത്തം കേസ്സു തള്ളി ഉത്തരവുണ്ടായി. സ്വല്പദിവസം കഴിഞ്ഞപ്പോൾ തന്റെ കടമെല്ലാം തീൎന്നതായും വസ്തുവകകൾ തന്റെ കൈവശം തിരിച്ചു വന്നതായും ആസിമിനു ബോദ്ധ്യപ്പെട്ടു. എങ്കിലും ഇങ്ങനെയെല്ലാം വരുന്നതിനുണ്ടായ കാരണമെന്താണെന്നു മനസ്സിലായില്ല. അതുപോലെ തന്നെ ജനങ്ങൾക്കുണ്ടായ ആശ്ചൎയ്യത്തിനും ഒരു ശമനമുണ്ടായില്ല.

വൃദ്ധനായ കൃഷ്ണസൎക്കാർ കേസിന്റെ വിചാരണ ദിവസം അവിടെ വന്നിരുന്നുവെന്നും, പല വിധത്തിലുള്ള കഥകളും ഇതു സംബന്ധിച്ചു പ്രചരിച്ചിരുന്നുവെന്നും, സൂക്ഷ്മജ്ഞന്മാരായ അഭിഭാഷകന്മാൎക്കു യാഥാൎത്ഥ്യം മുഴുവൻ ഗ്രഹിക്കുന്നതിനു അധികകാലം വേണ്ടി വന്നില്ലെന്നും ഉള്ളതു രഹസ്യമായിരുന്നില്ല.

രാമതരൻ സമൎത്ഥനായ ഒരു ചെറുപ്പക്കാരൻ വക്കീലായിരുന്നു. അയാളുടെ വിദ്യാഭ്യാസത്തിനുള്ള ചെലവുകൾ ദയാലുവായ കൃഷ്ണസൎക്കാരാണു വഹിച്ചിരുന്നതു്. രാമതരനു മുമ്പേ ഉണ്ടായിരുന്ന ഒരു സംശയം ഇപ്പോൾ തീൎന്നു. വലിയ ഈശ്വരവിചാരക്കാരുടെയെല്ലാം ഉള്ളുകള്ളികൾ ആരും അറിയുന്നില്ലെങ്കിൽ അതു വേണ്ട അന്വേഷണങ്ങൾ നടത്താത്തതുകൊണ്ടു മാത്രമാണു് എന്നു് അയാൾക്കു ഇപ്പോൾ ബോദ്ധ്യമായി. നാമജപവും മാലയും മററുമുണ്ടെങ്കിലും ഈ ഈശ്വരവിചാരക്കാരാരും തന്നെ ഈ സാധുവായ തന്നെക്കാൾ ഒരു പ്രകാരത്തിലും നല്ലവരല്ല; തീൎച്ചതന്നെ.

എങ്ങനെയായാലും വൃദ്ധനായ കൃഷ്ണസൎക്കാർ വെളിക്കു വന്നതുകൊണ്ടു രാമതരനെ വിഷമിപ്പിച്ചുകൊണ്ടിരുന്ന ഒരു ദുൎഘടപ്രശ്നത്തിനു് ഒരു സമാധാനം വന്നതുപോലെ തോന്നി. അയാൾ താങ്ങിയിരുന്ന കൃതജ്ഞതാഭാരം നീങ്ങിയതു് എന്തു യുക്തികൊണ്ടാണെന്നു് എനിക്കു മനസ്സിലാകുന്നില്ല. അയാൾക്കു വളരെ ആശ്വാസം തോന്നി എന്നുള്ളതു തീൎച്ചയാണു്.

# വാഗ്ഭടാനന്ദഗുരുക്കളുടെ വാചാടത്വം.

(തുടൎച്ച)

കലിയുഗഭീമൻ.

വാഗ്ഭടാനന്ദഗുരുക്കളുടെ പിന്നീടുള്ള ഗഗനമുഷ്ടിപ്രഹാരം കാവ്യജീവിതവൃത്തിയിലെ അലങ്കാരസാമാന്യലക്ഷണത്തെ ഉദ്ദേശിച്ചുകൊണ്ടാണ്” എന്നാൽ പ്രസ്തുതലക്ഷണകാരികയ്ക്കു വല്ല കാവ്യദോഷങ്ങളും ഉളവായിട്ടുണ്ടോ എന്നു ഒന്നാമതായി പരിശോധിച്ചു നോക്കാം.” എന്നു ഉദ്ഘോഷിച്ചുകൊണ്ടാണു ശാസ്ത്രഗ്രന്ഥത്തിൽ കാവ്യദോഷം പറയുന്നതു്. കാവ്യദോഷം കാവ്യസംബന്ധിയായ ദോഷമല്ലേ? ശാസ്ത്രസംബന്ധിയാണോ? സചേതനന്മാർ ആരെങ്കിലും ശാസ്ത്രത്തിൽ കാവ്യദോഷം പറയുവാൻ പുറപ്പെടുമോ? അങ്ങിനെ ചെയ്യുന്നതു്, “സ്തനകേശവതീനാരി” ഇത്യാദി സ്ത്രീലക്ഷണവും തന്നിദാനകമായ സൌന്ദൎയ്യവും പുരുഷനു കാണുന്നില്ലെന്നു പറഞ്ഞു ആക്ഷേപിക്കുന്നതുപോലെ അപഹാസാസ്പദമല്ലേ? ഈ വകയ്ക്കു സമാധാനം പറയേണ്ടതായ ആവശ്യമുണ്ടോ? കൂടാതെ ആക്ഷേപകൻ നിൎദ്ദേശിക്കുന്ന കാവ്യദോഷങ്ങൾ കേവലം അസംബന്ധങ്ങൾ കൂടി ആണെങ്കിലോ? നിദൎശനത്തിന്നായിസ്വല്പം ചിലതു ചൂണ്ടിക്കാണിക്കാം.

“അലങ്കാരം ചമൽകാരകാരി—” എന്ന ലക്ഷണകാരികയിൽ അവിമൃഷ്ടവിധേയാംശം എന്ന കാവ്യദോഷമുണ്ടെന്നാണു മി. ഗുരുക്കൾ ആദ്യമായി അഭിപ്രായപ്പെടുന്നതു്. അലങ്കാരമെന്നതു ലക്ഷ്യവും വൈചിത്ര്യമെന്നതു ലക്ഷണവുമാണെന്നു പറയുന്നതു ശരിയെന്നു സമ്മതിക്കാം. എന്നാൽ, ലക്ഷണം ഉദ്ദേശ്യവും ലക്ഷ്യം വിധേയവുമാകയാൽ ഉദ്ദേശ്യമായ ലക്ഷണത്തെ മുന്നിലും വിധേയമായ ലക്ഷ്യത്തെ പിന്നിലും പ്രയോഗിക്കണമെന്നും അങ്ങിനെ പ്രയോഗിക്കാത്തതുകൊണ്ടു് അവിമൃഷ്ടവിധേയാംശമെന്ന ദോഷമുണ്ടെന്നും പറയുന്നതു കേട്ടാൽ ആരാണു ചിരിച്ചുപോകാത്തതു്? ഉദ്ദേശ്യം മുമ്പും വിധേയം പിമ്പുമായിട്ടാണു പ്രയോഗിക്കേണ്ടതെന്നുള്ളതു ന്യായം തന്നെ. എന്നാൽ ചമൽകാരകാരീത്യാദി ലക്ഷണം ഉദ്ദേശ്യവും അലങ്കാരമെന്ന ലക്ഷ്യം വിധേയവുമാണെന്നും അവയുടെ പൂൎവ്വാപരീഭാവവൈപരീത്യത്താൽ അവിമൃഷ്ടവിധേയാംശദോഷമുണ്ടെന്നും എഴുന്നെള്ളിക്കുന്നതു എന്തു വങ്കത്തമാണു്? എവിടെയെങ്കിലും ആരെങ്കിലും ലക്ഷണത്തെ ഉദ്ദേശിച്ചു ലക്ഷ്യത്തെ വിധിക്കുമോ? ലക്ഷ്യത്തെ ഉദ്ദേശിച്ചു ലക്ഷണം പറകയല്ലേ ശാസ്ത്രകൃത്യം? ലക്ഷണത്തെ ഉദ്ദേശിച്ചു ലക്ഷ്യത്തെ നിൎമ്മിച്ചു വിടുകയല്ലല്ലോ! അത്രമാത്രമോ “വിധേയം മുമ്പു നിൎദ്ദേശിച്ചാൽ അതു സിദ്ധമാണെന്നു വരും അതിനെപ്പററി നിൎവ്വചിക്കേണ്ടതില്ലെന്നു വ

ന്നോയ്ക്കും" എന്നും ഗുരുക്കൾ പറയുന്നു. എന്തൊരസംബന്ധം! അലങ്കാരം വിധേയമാകുമോ? അജ്ഞാതജ്ഞാപനമല്ലേ വിധി? വിധിക്കത്തക്കതല്ലേ വിധേയം? അലങ്കാരത്തിന്നു ലക്ഷണം വിധിക്കുമ്പോൾ—അതായതു അലങ്കാരത്തെ നിർവ്വചിക്കുമ്പോൾ അലങ്കാരം ഉദ്ദേശ്യമല്ലാതെ വിധേയമാകുന്നതെങ്ങിനെ? ലോകപ്രസിദ്ധവും സർവ്വവിദിതവുമായ അലങ്കാരം അജ്ഞാതാജ്ഞാപ്യമാണോ? അജ്ഞാതാജ്ഞാപ്യം അലങ്കാരത്തിൻെറ ലക്ഷണമല്ലേ? അതല്ലേ ശാസ്ത്രപ്രതിപാദ്യം? അതല്ലേ വിധേയം? ഉദ്ദേശ്യവിധേയങ്ങളുടെ സ്വരൂപജ്ഞാനംപോലും വിമർശകന്നു ഇല്ലെന്നു കാണുന്നതു വലിയ കഷ്ടം തന്നെ. "വിധേയം മുമ്പു നിർദ്ദേശിച്ചാൽ അതു സിദ്ധമാണെന്നു വരും. അതിനെപ്പററി നിർവ്വചിക്കേണ്ടതില്ലെന്നു വന്നേയ്ക്കും." എന്ന വചനം പ്രകൃതത്തിൽ "അഞ്ജനമെന്നതെനിക്കറിയാം മഞ്ഞളുപോലെ വെളുത്തിരിക്കും" ഇത്യാദി പ്രലപിതങ്ങൾക്കു തുല്യയോഗക്ഷേമം മാത്രമാണ്. നിർവ്വചനസ്ഥലത്തു നിർവ്വചനമാണു വിധേയം. നിർവ്വചനത്തിന്നു ഏതു വിഷയമോ അതു ഉദ്ദേശ്യമാണ്, അതിനെ മുമ്പിൽ തന്നെയാണു നിർദ്ദേശിക്കേണ്ടതു്. അതു സിദ്ധമാകയാൽ അതിൻെറ നിർവ്വചനം ആവശ്യകമല്ലെന്നു വരികയില്ല. നിർവ്വചനം സാദ്ധ്യമല്ലാതെ സിദ്ധമാണോ? "പത്തു താടയുള്ള ഒരു നാല്ക്കാലിയാണ്" എന്നതിൽ പത്തു സിദ്ധമാകയാൽ താടയുള്ള നാല്ക്കാലിയെന്നുള്ള നിർവ്വചനം വേണ്ടെന്നു വരുമോ? "രാമനെന്ന കുട്ടി പരീക്ഷയിൽ ജയിച്ചു" ഇതിൽ രാമനെന്ന കുട്ടി സിദ്ധമാകയാൽ പരീക്ഷാവിജയവും സിദ്ധമാണെന്നോ. അതു ബോധിപ്പിക്കേണ്ട ആവശ്യമില്ലെന്നോ? മി. ഗുരുക്കൾക്കു തൂവലും മഷിയും കടലാസും സ്വാധീനതയിലുണ്ട്. ഒരു വിധം അക്ഷരം ചേർത്തു് എഴുതാനുമറിയാം. അല്ലാതെ ഈ വകയ്ക്കെന്തർത്ഥമാണ്? അലങ്കാരമെന്നതു സിദ്ധം തന്നെ. ആകയാൽ അതു ഉദ്ദേശ്യവുമാണ്. അതുകൊണ്ടു അതിൻെറ ലക്ഷണം—നിർവ്വചനം—സിദ്ധമാകയില്ല; സാദ്ധ്യം തന്നെയാണ്; അതിനാൽ ലക്ഷണം തന്നെയാണു വിധേയം. അതുതന്നെയാണു ശാസ്ത്രപ്രതിപാദ്യം. സിദ്ധമായ ഉദ്ദേശ്യത്തെ മുമ്പിലും സാദ്ധ്യമായ വിധേയത്തെ പിമ്പിലും പ്രയോഗിക്കണമെന്നാണു നിയമം.

"സിദ്ധസ്യവചനം പൂർവ്വം സാദ്ധ്യസ്യതു തതഃ പരം"
"അനുവാദ്യമനുക്ത്വൈവ നവിധേയമുദീരയേൻ"

ഇത്യാദിവൃദ്ധവചനം നോക്കുക. ഉദ്ദേശ്യവിധേയങ്ങളുടെ ഈ പൌർവ്വാപര്യക്രമത്തിന്നു ഭംഗം നേരിട്ടാലാണു സാഹിത്യത്തിൽ അവിമൃഷ്ടവിധേയാംശമെന്ന കാവ്യദോഷം. അതുതന്നെ, അർത്ഥപ്രതീതിക്കു വൈ

പരീത്യമോ വിളംബമോ അതുകൊണ്ടു ഉണ്ടാകുന്നുവെങ്കിൽ മാത്രം. അല്ലാത്തപക്ഷം,

"വന്നുശരത്സമയമംബുദമൊന്നകന്നു"
"കൂടുന്ന താമരപ്പൂക്കൾ വിരിയുന്നിതു മാലതി"
"കനിവൊട്ടു കഥന്ദനഹം ദേവിയെത്തരു"

ഈ വക പ്രയോഗങ്ങളൊക്കയും ദുഷ്ടങ്ങളാകും. അതു അഭിജ്ഞന്മാർ സമ്മതിക്കുമോ? അതുകൊണ്ടാണ്. "വപുർവിരൂപാക്ഷമലക്ഷ്യജന്മതാ" എന്ന കാളിദാസപദ്യത്തിലെ 'അലക്ഷ്യജന്മതാ' എന്ന പ്രയോഗത്തിൽ അവിമൃഷ്ടവിധേയാംശമെന്ന പദദോഷമുണ്ടെന്നു പറഞ്ഞു "അലക്ഷിതാ ജനി:" എന്നു മാററിയാൽ ദോഷം പരിഹൃതമാകുമെന്നു കാവ്യപ്രകാശത്തിൽ നിർദ്ദേശിച്ചിരിക്കുന്നതു് ഉപപന്നമാകുന്നതു്. അല്ലാത്തപക്ഷം അലക്ഷിതത്വം വിധേയമാകയാൽ അതു മുമ്പു നിർദ്ദേശിച്ചതുകൊണ്ടു് അവിമൃഷ്ടവിധേയാംശദോഷം തദവസ്ഥമാണന്നല്ലെ വരിക. പദദോഷത്തിന്നു പകരം വാക്യദോഷമായി എന്നല്ലാതെ വല്ല വിശേഷവും ഉണ്ടോ?

ശാസ്ത്രത്തിലാകട്ടെ, "വ്യാഖ്യാനതോ വിശേഷപ്രതിപത്തിർനതു സന്ദേഹാദലക്ഷണം" എന്ന പരിഭാഷ ഉള്ളതുകൊണ്ടു സന്ദേഹമോ പ്രതീതിവിളംബമോ മറേറാ കാര്യകാരിയല്ലായ്കയാൽ താദൃശക്രമവൈപരീത്യം ദുഷ്ടമല്ലെന്നുകൂടിപ്പറയാം. "വൃദ്ധിരാദൈച്" എന്ന പാണിനിസൂത്രം നോക്കുക. പ്രകൃതസൂത്രം വൃദ്ധിസംജ്ഞാവിധായകമാണല്ലൊ. വിധേയമായ 'വൃദ്ധി:' എന്ന സംജ്ഞയെ മുമ്പിലും ഉദ്ദേശ്യമായ 'ആദൈച്' എന്നതിനെ പിമ്പിലുമാണല്ലോ പ്രയോഗിച്ചിരിക്കുന്നതു്. അതു മംഗളാർത്ഥമാണെങ്കിൽ, "അലങ്കാരം ചമൽകാര—" എന്ന ലക്ഷണകാരികയിലെ "അലങ്കാരശബ്ദവും മംഗളാർത്ഥമാണെന്നെങ്കിലും വിചാരിച്ചു ഗുരുക്കൾക്കു സമാധാനിച്ചുകൂടായിരുന്നുവോ? "വൃദ്ധിരാദൈച്" എന്നതിലുള്ള ഉദ്ദേശ്യവിധേയക്രമഭംഗം "അലങ്കാരം ചമൽകാര—" എന്ന കാരികയിലും ഉണ്ടെന്നു വച്ചു പറകയല്ല. ഗുരുക്കൾക്കു അങ്ങിനെയെങ്കിലുമാവാമായിരുന്നുവല്ലോ, എന്നു തുഷ്യതുദുർജ്ജനന്യായമനുസരിച്ചു പറയുകമാത്രമാണ്. ഇനി സ്വാഭിപ്രായപ്രകാരം അമംഗളപ്രായമായ കാവ്യജീവിതവൃത്തിയിലെ പ്രയോഗം മംഗളാർത്ഥമെന്നു സമാധാനിക്കയോ അതു വയ്യ എന്നാണെങ്കിൽ അതും വേണ്ട.

"വകാരാഗമമേചേരു ചുട്ടെഴുത്തുകൾ മൂന്നിലും"
"സമാസിച്ചാലിരട്ടിപ്പൂ ദൃഢം പരപദാദിഗം"
"അനുനാസികമാദേശം പിൻപ്രത്യയഖരത്തിനു"

ഇത്യാദികേരളപാണിനീയ സൂത്രങ്ങൾ നോക്കുക. വകാരാഗമം ദ്വിത്വം (ഇരട്ടിപ്പു) അനുനാസികാദേശം എന്നീ വിധേയങ്ങളെ ഉദ്ദേശ്യങ്ങൾക്കു മുമ്പാണല്ലോ പ്രയോഗിച്ചിരിക്കുന്നതു്. ഇങ്ങിനെ അസംഖ്യം പ്രയോഗങ്ങൾ കേരളപാണിനീയത്തിൽ ഉണ്ടു്. അവയെല്ലാം ദുഷ്ടങ്ങളാണെന്നു പറയാമോ? എന്തിനു വളരെ? താൻ ഉദ്ധരിച്ച് "ആദ്യന്തൌടകിതൌ" എന്ന സൂത്രത്തിന്റെ അൎത്ഥമെങ്കിലും ഒന്നു ആലോചിച്ചു നോക്കാമായിരുന്നില്ലേ? 'ടിത്' ആദ്യാവയവവും 'കിത്' അന്ത്യാവയവും ആണെന്നല്ലേ പ്രകൃതസൂത്രം കൊണ്ടു വിധിക്കുന്നതു്? വിധേയത്തെ മുമ്പു പ്രയോഗിച്ചിരിക്കുന്നതിൽ ആരെങ്കിലും അവിമൃഷ്ടവിധേയാംശദോഷം പറഞ്ഞതായി കണ്ടിട്ടുണ്ടോ? ആകയാൽ ശാസ്ത്രത്തിൽ അവിമൃഷ്ടവിധേയാംശദോഷത്തെ വിലവെക്കേണ്ടതില്ലെന്നു സിദ്ധിക്കുന്നു.

ഇനി സൎവ്വതന്ത്രസ്വതന്ത്രനാണെന്നു അഭിമാനിക്കുന്ന മി. ഗുരുക്കൾ ഈ വക വിവേകമൊന്നും വിലവെക്കുന്നില്ലെങ്കിൽ വേണ്ട; അതൊക്കെപ്പോകട്ടെ. സൎവ്വഥാ പ്രസക്തിയില്ലാതിരിക്കെ, "അലങ്കാരം ചമൽകാരം—" എന്ന ലക്ഷണകാരികയിൽ അവിമൃഷ്ടവിധേയാംശദോഷമുണ്ടെന്നു പറഞ്ഞതു അപഹാസാസ്പദമാണെന്നു എങ്ങിനെ പറയാതിരിക്കും? അവിമൃഷ്ടവിധേയാംശം രണ്ടു വിധത്തിലാണു്. ഒന്നു പദദോഷവും മറ്റൊന്നു വാക്യദോഷവും. വിധേയാംശം സമാസത്താൽ ഗുണീഭൂതമാവുകിലാണു പദദോഷം. പ്രകൃതകാരികയിൽ അതിന്നു പ്രസക്തിയില്ലെന്നുള്ളതു തീൎച്ചയാണല്ലോ. ഉദ്ദേശ്യത്തെ മുമ്പും വിധേയത്തെ പിമ്പും പ്രയോഗിക്കണമെന്നുള്ള ക്രമത്തിന്നു ഭംഗമുള്ളേടത്താണു വാക്യദോഷം. പ്രസ്തുതകാരികയിലാകട്ടെ, അലങ്കാരമെന്ന ഉദ്ദേശ്യത്തെ മുമ്പിലും ചമൽകാരകാരീത്യാദിലക്ഷണമായ വിധേയം പിമ്പിലുമായിട്ടാണല്ലോ പ്രയോഗിച്ചിരിക്കുന്നതു് അതുകൊണ്ടു വാക്യദോഷമായ അവിമൃഷ്ടവിധേയാംശത്തിന്നും പ്രസക്തിയില്ല. ഈ രണ്ടു പ്രകാരം കൂടാതെ അവിമൃഷ്ടവിധേയാംശത്തിന്നു മൂന്നാമതൊരു പ്രകാരമില്ലതാനും. പിന്നെ എങ്ങിനെയാണു മി. ഗുരുക്കൾ "അലങ്കാരം—" എന്ന ലക്ഷണകാരികയിൽ അവിമൃഷ്ടവിധേയാംശദോഷമുണ്ടെന്നു പറഞ്ഞതു്? വല്ല ദിക്കിൽ നിന്നു വല്ലതും ഗ്രഹിച്ചതു ദഹിക്കാതെ വല്ല സ്ഥലത്തും കൊണ്ടുവന്നു ഛൎദ്ദിക്കുന്നതു ക്ഷന്തവ്യമാണോ?

"ശാസ്ത്രരീത്യാലക്ഷ്യലക്ഷണങ്ങളെ നിൎദ്ദേശിക്കുമ്പോൾ ലക്ഷണാംശത്തെ മുന്നിലും ലക്ഷ്യാംശത്തെ പിന്നിലുമായിട്ടാണു നിൎദ്ദേശിക്കേണ്ടതു" എന്നു മി. ഗുരുക്കൾ പറയുന്നതു ശാസ്ത്രപരിചയം പോരായ്കകൊണ്ടു മാത്രമാണു്. എന്തിന്നു മറവുള്ളതെടുക്കുന്നു? മി. ഗുരുക്കൾ പ്രമാണമായുദ്ധരിച്ച ചന്ദ്രാലോകത്തിലെ ലക്ഷ്യലക്ഷണകാരികകൾ തന്നെ നോക്കുക:—

“ഉപമായത്രസാദൃശ്യലക്ഷ്മീരുല്ലസതിദ്വയോഃ”
“സ്യാൽസമ്പൂർണ്ണോപമായത്രദ്വയോരപിവിധേയതാ”
“പരിണാമോനയോര്യസ്തിന്നാഭേദഃ പര്യ്യവസ്യതി”
“പര്യ്യസ്താപഹ്നുതിര്യ്യത്രധർമ്മമാത്രം നിഷിദ്ധ്യതേ”
“ഭ്രാന്താപഹ്നുതിരന്യസ്യശങ്കായാംതത്ഥ്യനിർണ്ണയേ”
“ഛേകാപഹ്നുതിരന്യസ്യശങ്കയാതഥ്യനിഹ്നവേ”
“ഉൽപ്രേക്ഷോന്നീയതേ യത്രഹേത്വാദിർന്നിഹ്നുതിംവിനാ”
“മീലിതംബഹുസാദൃശ്യാദ്ഭേദവച്ചേന്നലക്ഷ്യതേ”
“സാമാന്യം യദിസാദൃശ്യാദ്ഭേദംഏവനലക്ഷ്യതേ”
“അനുമാനഞ്ചകാര്യ്യാദേഃ കാരണാദ്യവധാരണം”
“അർത്ഥാപത്തിഃസ്വയംസിദ്ധ്യേൽ പദാർത്ഥാന്തര വർണ്ണനം”
“അലങ്കാരഃ പരികരസ്സാഭിപ്രായേ വിശേഷണേ”
“അക്രമാതിശയോക്തിശ്ചേൽയുഗപൽകാര്യ്യകാരണേ”
“അത്യന്താതിശയോക്തിശ്ചേൽപൌർവ്വാപര്യ്യവ്യതിക്രമേ”
“ചപലാതിശയോക്തിസ്തുകാര്യ്യേഹേതുപ്രസക്തിജേ”
“സംബന്ധാതിശയോക്തിസ്സ്യാത്തദഭാവേപിതദ്വചഃ”
“ഭേദകാതിശയോക്തിശ്ചേദേകസ്യൈവാന്യതോച്യതേ”
“രൂപകാതിശയോക്തിശ്ചേദ്രൂപ്യംരൂപകമദ്ധ്യഗം”
“പ്രൌഢോക്തിസ്തദശക്തസ്യതദ്ധേതുത്വാവകല്പനം”
“സംഭാവനംയദീത്ഥംസ്യാദിത്യൂഹോന്യപ്രസിദ്ധയേ”

പോര! ഇനിയും വേണോ? പകർത്തുന്നതായാൽ ഗ്രന്ഥം ഒട്ടുമുക്കാലും ഇവിടെ പകർത്തേണ്ടതായ്വരും. ഉപമ, സമ്പൂർണ്ണോപമ, പരിണാമം, പര്യ്യസ്താപഹ്നുതി, ഭ്രാന്താപഹ്നുതി, ഛേകാപഹ്നുതി, ഉൽപ്രേക്ഷ, മീലിതം, സാമാന്യം, അനുമാനം, അർത്ഥാപത്തി, പരികരാലങ്കാരം, അക്രമാതിശയോക്തി, അത്യന്താതിശയോക്തി, ചപലാതിശയോക്തി, സംബന്ധാതിശയോക്തി, ഭേദകാതിശയോക്തി, രൂപകാതിശയോക്തി, പ്രൌഢോക്തി, സംഭാവനം എന്നീ ലക്ഷ്യാംശങ്ങളെ മുന്നിലും അവയുടെ ലക്ഷണാംശങ്ങളെ പിന്നിലുമായി നിർദ്ദേശിച്ചിരിക്കുന്നതു ഇനിയെങ്കിലും ഒന്നു കണ്ണുമിഴിച്ചു നോക്കട്ടെ. ഗജനിമീലികയും കൊണ്ടു വിമർശനത്തിന്നു പുറപ്പെടുന്നതു ലജ്ജാവഹമല്ലേ? അനാവശ്യകങ്ങളും ദുഷ്ടങ്ങളുമായ ചന്ദ്രാലോകകാരികകളെ യഥോചിതം ഉപേക്ഷിച്ചുകൊണ്ടും അന്യഥാ നിബന്ധിച്ചുകൊണ്ടുമാണു് അപ്പയ്യദീക്ഷിതർ കുവലയാനന്ദം നിർമ്മിച്ചിരിക്കുന്നതു്. അദ്ദേഹം ലക്ഷ്യലക്ഷണങ്ങളുടെ പൂർവ്വാപരീഭാവം ദോഷമായി ഗണിക്കുകയോ ആവക അംശങ്ങളെയൊക്കെയും മാററി നിബന്ധിക്കയോ ചെയ്തിട്ടില്ല. കുവലയാനന്ദത്തിലെ,

"ഉപമായത്രസാദൃശ്യലക്ഷ്മീരുല്ലസതിദ്വയോഃ
ഹംസീവകൃഷ്ണതേകീർത്തിഃ സ്വർഗ്ഗംഗാമവഗാഹതേ"

എന്നിങ്ങിനെയുള്ള ഉപമാലക്ഷണം തന്നെ നോക്കുക.

"ഹൃദയേഖേലതോരുച്ചൈസ്തന്വംഗീസ്തനയോരിവ"

എന്ന, ചന്ദ്രാലോകപദ്യത്തിലെ ഉത്തരാർദ്ധം മാത്രമേ ദീക്ഷിതർ മാററീട്ടുള്ളുവല്ലൊ. ഇങ്ങിനെ എത്രയെത്ര! ഭാഷാഭൂഷണമെങ്കിലും വായിച്ചിട്ടുള്ള ഒരു ആലങ്കാരികൻ "ലക്ഷണാംശത്തെ മുന്നിലും ലക്ഷ്യാംശത്തെ പിന്നിലുമായിട്ടാണ ശാസ്ത്രരീത്യാ നിർദ്ദേശിക്കേണ്ടതു്" എന്നു ക്രൂസൽ കൂടാതെ പറയുമോ? അഥവാ, ഭാഷാഭൂഷണത്തിലെ ഗുണപ്രകരണത്തിൽ "അലങ്കാരമാകട്ടെ, കണ്ഠാതിമനുഷ്യാംഗത്തിൻമുത്തുമാല മുതലായതെന്നപോലെ ശബ്ദാർത്ഥങ്ങളാകുന്ന കാവ്യാംഗങ്ങൾക്കു ശോഭയുള്ള വാക്കു അതു മുഖേന ആത്മാവായ രസത്തിന്നു ഉപകരിക്കാവുന്നതും വേർപെട്ടിരിക്കാവുന്നതുമായ ധർമ്മമാകുന്നു." എന്നിങ്ങിനെ അലങ്കാരം ശോഭാധായകമാണെന്നു സ്പഷ്ടമായി പ്രതിപാദിച്ചിരിക്കെ, "ചമൽക്കാരം ചമയ്ക്കുന്ന മട്ടലംകാരമായതു" എന്ന ഭൂഷണലക്ഷണത്തിലെ 'മട്ട്' എന്നതിന്നർത്ഥം ഭംഗിയാണെന്നും ആകയാൽ അലങ്കാരമെന്നതു രമണീയതയാണെന്നും ജല്പിക്കാൻ മടിക്കാത്ത ഒരു വാചാടനു എന്തുതന്നെ പറഞ്ഞുകൂടാ. അതു പോകട്ടെ, ഏതായാലും, "തത്രഗന്ധവതീ പൃഥിവീ" എന്ന തർക്കസംഗ്രഹവാക്യം കണ്ടു ഭ്രമിച്ച ഗുരുക്കൾ അവർകൾ "തത്രക്ഷിതിർഗന്ധഹേതുർനാനാരൂപവതീമതാ" എന്ന കാരികാവലിയിലെ കാരികപോലും കണ്ടിട്ടില്ലെന്നും ആകയാൽ തൻെറ കൂപമണ്ഡൂകതയെ പ്രകടിപ്പിക്കയാണെന്നും മാത്രമേ ഇതുകൊണ്ടു സിദ്ധിക്കുന്നുള്ളുവെന്നും ചുരുക്കം.

ഉഭയാലങ്കാരമെന്നൊരു വിഭാഗം ഭോജനു മുമ്പും പിമ്പുമുള്ള പ്രാമാണികന്മാരായ ആലങ്കാരികന്മാരാരും സ്വീകരിച്ചു കാണുന്നില്ല. മി. ഗുരുക്കളുടെ പ്രാമാണികന്മാരായ ജയദേവനും പ്രതിപാദിച്ചിട്ടില്ല. വേണമെങ്കിൽ, ശബ്ദാലങ്കാരവും അർത്ഥാലങ്കാരവും പ്രത്യേകം സിദ്ധിച്ചാൽ രണ്ടും കലർന്നതും ഉഭയാലങ്കാരമെന്നു അർത്ഥാൽ സിദ്ധിക്കയും ചെയ്യും. വിശേഷിച്ചു, അങ്ങിനെ ഒരു വിഭാഗം ആവശ്യകമല്ലെന്നാണു് 'കാവ്യപ്രകാശ'കാരാദികളായ പ്രാമാണികന്മാരുടെ അഭിപ്രായം.

'അലങ്കാരം' എന്നു കേട്ടാൽ, ജന്മവാസനയും സംസ്കാരവുമനുസരിച്ചു, ഒരു ഉണ്ണാമന്നു് എരുവും, പപ്പടക്കാരനു പപ്പടക്കാരവും, തട്ടാനു പൊൻകാരവും, വൈദ്യനു പടിക്കാരവും, രാക്ഷസപ്രകൃതിക്കു ലങ്കയും, പ്ര

തിലോമപ്രിയനും പണ്ഡിതംമന്യനുമായ ശൌണ്ഡികനും കള്ളും മററും യഥായോഗ്യം ബുദ്ധിയിൽ ഉപസ്ഥിതമായെന്നു വരാം. അതിനുണ്ടോ വല്ല നിവൃത്തിയും? ഈ സ്ഥിതിക്ക്, "അലങ്കാരം ചമൽകാരകാരി—" എന്ന ലക്ഷണകാരിക കേട്ടാൽ തോന്നുന്ന അർത്ഥം അതാണ് ഇതാണ് എന്നിങ്ങിനെ അതുമിതും പറഞ്ഞു ആക്ഷേപിക്കുന്ന ഗുരുക്കളോടു എന്തു പറയാനാണ്. അതുകൊണ്ടൊന്നും "കാവ്യജീവിതവൃത്തിക്കോ," തൽകർത്താവിന്നോ ഹാനിയൊന്നും വരാനില്ല തന്നെ.

'വച്ചു' എന്നതു വിഭക്തി പ്രത്യയമാണെന്നു ആശങ്കിക്കുകയും ബഹുവചനപ്രത്യയ'ങ്ങൾ' എന്നാണെന്നു ഉദ്ഘോഷിക്കുകയും 'രണ്ടുകളിൽ' എന്നു ശങ്ക വിട്ടു പ്രയോഗിക്കുകയും മററും ചെയ്യുന്ന ഗുരുക്കൾക്കു്, "ശബ്ദാർത്ഥങ്ങളിലേതാനുമൊന്നിൻ—" എന്നതിലെ 'ഏതാനും' എന്നതിനു 'ഏതെങ്കിലും' എന്നാണർത്ഥമെന്നു അറിയാത്തതിൽ ആശ്ചര്യമെന്തുള്ളു?

'ഒന്നിൻ' എന്നതു 'ഒന്നിൻെറ' എന്നമാതിരി ഷഷ്ഠ്യന്തമായ വ്യസ്തപദമാണ്.

"സംബന്ധികാപ്രത്യയമായ 'ഉടെ' നകാരാന്തങ്ങളോടു ചേരുമ്പോൾ 'റെ' എന്നാകും. രാമൻ+ഉടെ=രാമൻെറ. മററു ചിലേടത്തു 'ഇൻ' എന്നും സംബന്ധികാർത്ഥത്തെക്കുറിക്കുവാൻ പ്രയോഗിക്കും. അതിൻ=അതിൻെറ; വിത്തിൻഗുണം," എന്നു "വ്യാകരണപ്രവേശിക"യിൽ പറഞ്ഞിരിക്കുന്നതും,

"മാനം ചേന്നഭടൻെറ മിന്നൽ ചിതറും കൈവാളിളക്കത്തിലും
മാനഞ്ചും മിഴി<u>തൻ</u> മഃനാരമണനിൽച്ചായുന്ന കൺകോണിലും"

എന്നു മഹാകവി വള്ളത്തോൾ പ്രയോഗിച്ചിരിക്കുന്നതും നോക്കുക. 'മാനഞ്ചും മിഴിതൻ' എന്നതു വ്യസ്തപദമല്ലെങ്കിൽ 'കൺകോണിലും' എന്നതിൽ എങ്ങിനെ അനന്വയിക്കും?

അഥവാ, 'ഒന്നിൽ വൈചിത്ര്യരൂപം' എന്നതു് സമസ്തപദമാണെങ്കിൽത്തന്നെ, തദൈകദേശമായ "ഒന്നി"ൽ, "ശബ്ദാർത്ഥങ്ങളിലേതാനും" എന്ന അംശം അനന്വയിക്കാവുന്നതുമാണ്. താദൃശമായ ഏകദേശാന്വയം ശാസ്ത്രങ്ങളിലും സാഹിത്യങ്ങളിലും പ്രസിദ്ധവുമാകുന്നു. "രാജഹംസം" 1113 മീനം മേടം എന്നി ലക്കങ്ങളിൽ ശ്രീമാൻ അമ്മങ്ങാട്ടു മാധവൻ എഴുതിയ ഒരു സമാധാനം നോക്കുക. 'വൈചിത്ര്യരൂപമാം' എന്നതിലെ രൂപശബ്ദപ്രയോഗം 'പ്രകൃതലക്ഷണം' വ്യാവർത്തകലക്ഷണം മാത്രമല്ല, സ്വരൂപലക്ഷണവുംകൂടി ആണെന്നു കാണിപ്പാനാകുന്നു.

ഇനി സാഹതീസർവ്വസ്വത്തിലെ അലങ്കാരസാമാന്യം നിഷ്കൃഷ്ടമല്ലെന്നു കാവ്യജീവിതവൃത്തിയിൽ പ്രതിപാദിച്ചിരിക്കുന്നതിനെക്കുറിച്ചുള്ള

ആക്ഷേപങ്ങളെ സംബന്ധിച്ചും രണ്ടു വാക്കുപറഞ്ഞു് ഈ വിചാരം അവസാനിപ്പിച്ചുകളയാം.

"പ്രത്യേകം വാക്യപരിസമാപ്തിഃ" എന്നൊരു പരിഭാഷയുംകൊണ്ടാണു മി: വാഗ്ഭടാനന്ദഗുരുക്കൾ സാഹിതീസർവ്വസ്വലക്ഷണം നിഷ്കൃഷ്ടമെന്നു സമർത്ഥിപ്പാൻ പുറപ്പെട്ടിരിക്കുന്നതു്. എന്നാൽ ആ പരിഭാഷ പ്രകൃതത്തിൽ യുക്തമാണോ എന്നൊന്നും ഗുരുക്കൾ ചിന്തിക്കുന്നില്ല. "പ്രത്യേകം വാക്യപരിസമാപ്തിഃ" എന്ന പരിഭാഷ, സമുദായത്തിൽ വാക്യപരിസമാപ്തി സർവ്വഥാ അനുപപന്നമോ അസംഭാവ്യമോ ആകുന്ന സ്ഥലത്തെയുള്ളതാണു്. "ദേവദത്താദയോഭോജ്യന്താം" "വൃദ്ധിരാദൈച്" എന്നിവയാണു് യഥാക്രമം ആ പരിഭാഷയ്ക്കു ലൌകികവും ശാസ്ത്രീയവുമായ ഉദാഹരണങ്ങൾ. ലൌകികോദാഹരണത്തിൽ, ഭുജിക്രിയാകർത്തൃത്വം പ്രത്യേകം പ്രത്യേകമല്ലാതെ ദേവദത്താദിസമുദായത്തിന്നു സംഭവിക്കുന്നതല്ല. അതുകൊണ്ടു് അവിടെ "സമുദായേവാക്യപരിസമാപ്തിഃ" എന്നതിനു പ്രസക്തിയില്ലായ്കയാൽ "പ്രത്യേകം വാക്യപരിസമാപ്തി" പ്രവർത്തിക്കുന്നു. അതുപോലെതന്നെയാണു് ശാസ്ത്രീയോദാഹരണത്തിന്റെ സ്ഥിതിയും. 'വൃദ്ധിരാദൈച്' എന്ന സൂത്രംകൊണ്ടു ആ, ഐ, ഔ എന്നീമൂന്നുവർണ്ണങ്ങളുടെ സമുദായത്തിന്നു വൃദ്ധിസംജ്ഞാവിധാനം അനുപപന്നവും അസംഭവദോഷഗ്രസ്തവുമാകുന്നു. ആകാരദ്യക്ഷരത്രിതയസമുദായമായ ഒരു ലക്ഷ്യംതന്നെയില്ല. പിന്നെ താദൃശസമുദായത്തിന്നു വൃദ്ധിസംജ്ഞ വിധിച്ചിട്ടെന്തു ഫലം? അതുകൊണ്ടു് "സമുദായേ വാക്യപരിസമാപ്തി"ക്കു വിഷയമല്ലായ്കയാൽ "പ്രത്യേകം വക്യപരിസമാപ്തിഃ" എന്ന പരിഭാഷ പ്രവർത്തിക്കുന്നു എന്നു മാത്രം. "ആദ്യന്തൌടകിതൌ" ഇത്യാദിയിലെ സ്ഥിതിയും ഇതുതന്നെയാണു്. എന്നുമാത്രമല്ല, അവിടെ യഥാശ്രുതമായ അന്വയം—പ്രാഥമികാന്വയം—സമുദായത്തിന്നു സമുദായത്തിൽത്തന്നെയാണെന്നാണു് സിദ്ധാന്തം. അല്ലാത്തപക്ഷം ദ്വന്ദ്വസമാസംതന്നെ വരികയില്ല. അജാധനൻ ദേവദത്തനും അവിധനൻ യജ്ഞദത്തനുമായിരിക്കെ, "അജാവിധനൌദേവദേവദത്തയജ്ഞദത്തൗ" എന്നു ദ്വന്ദ്വൻ സാധുവല്ലെന്നു മഞ്ജൂഷയിലും മററും സിദ്ധാന്തിച്ചിരിക്കുന്നതു നോക്കുക. ആകയാൽ "ആദ്യന്തൌ—"എന്നതിൽ പ്രത്യേകാന്വയം പാശ്ചാത്തികമായി "യഥാസംഖ്യമനുദേശസ്സമാനാം" എന്ന സൂത്രബലത്താൽ മാത്രമാണു്. "പ്രത്യേകം—"എന്ന പരിഭാഷയാലല്ല. ബാലമനോരമ നോക്കിയാൽപോലും ഈ തത്വം മനസ്സിലാക്കാം. "ശബ്ദാർത്ഥങ്ങൾക്കു സാരസ്യമുണ്ടാക്കുവതലംകൃതി" എന്നതിലെ സ്ഥിതി അതല്ല. ശബ്ദാർത്ഥസമുദായചാരുത്വം അനുപപന്നമോ അസംഭാവ്യമോ അല്ല. ഉഭയാലങ്കാരസ്ഥലങ്ങളൊക്കെയും ലക്ഷ്യങ്ങളാവുന്നതുമാണു്.

ഇങ്ങിനെയിരിക്കെ ന്യായപ്രവൃത്തമായ "സമുദായേവാക്യപരിസമാപ്തിഃ" എന്ന പരിഭാഷയെ ബലാൽകാരേണ പിടിച്ചുമാററി "പ്രത്യേകം വാക്യപരിസമാപ്തിഃ" എന്നതിനെ പ്രവൎത്തിപ്പാൻ ന്യായമൊന്നും കാണുന്നില്ല. കൂടാതെ, പ്രത്യേകം വാക്യപരിസമാപ്തിയാണ് വിവക്ഷിതമെങ്കിൽ 'ശബ്ദാൎത്ഥങ്ങൾക്കു' എന്ന ദ്വന്ദ്വസമാസംതന്നെ വരികയില്ല. ദ്വന്ദ്വനു സാഹിത്യവിവക്ഷകൂടാതെ കഴികയില്ല. "ചാൎത്ഥേദ്വന്ദ്വഃ" എന്ന സൂത്രംകൊണ്ടു പാണിനി ഇതരേതരയോഗത്തിലും സമാഹാരത്തിലുംമാത്രമെ ദ്വന്ദ്വസമാസം വിധിച്ചിട്ടുള്ളു. "ഇതരേതരയോഗ"മെന്നതിന്നു സ്പഷ്ടമായ അവയവഭേദത്തോടുകൂടിയ സമുദായം എന്നു സാരമാകുന്നു. അസ്പഷ്ടമായ അവയവഭേദത്തോടുകൂടിയ സമൂഹം സമാഹാരപദാൎത്ഥമാകുന്നു" എന്നിങ്ങനെ കൈക്കുളങ്ങരെ രാമവാരിയർ തന്റെ പദസംസ്കാരചന്ദ്രികയിൽ വിവരിച്ചിരിക്കുന്നതു നോക്കുക. സാഹിത്യവിവക്ഷയില്ലെങ്കിൽ ദ്വന്ദ്വൻ സാധുവാകയില്ലതന്നെ. ആകയാൽ,

"ദ്വന്ദ്വൻ സമുച്ചയാൎത്ഥത്തിൽ വിശേഷ്യങ്ങൾക്കതങ്ങളിൽ
സംഖ്യാനാമങ്ങളാണെങ്കിൽ വികല്പാൎത്ഥത്തിൽ വന്നിടും"

എന്ന കേരളപാണിനീയസൂത്രത്തിലെ സമുച്ചയപദത്തിന്നു ഇതരേതരയോഗത്തിൽത്തന്നെയാണ് താല്പൎയ്യം. അഥവാ മലയാളഭാഷയിൽ സമുച്ചയത്തിലും ദ്വന്ദ്വൻ വരാമെന്നുതന്നെയിരിക്കട്ടെ. എന്നാലും വികല്പാൎത്ഥത്തിൽ സംഖ്യാനാമങ്ങളെയൊഴിച്ചു മററുള്ളേടത്തു ദ്വന്ദ്വസമാസത്തിന്നു പ്രസക്തിയില്ലെന്നുള്ളതു നിൎവ്വിവാദമാണ്. പ്രകൃതത്തിലാകട്ടെ, ശബ്ദങ്ങൾക്കോ അൎത്ഥങ്ങൾക്കോ സാരസ്യം ഉണ്ടാക്കുന്നതു് എന്നിങ്ങനെ വികല്പാൎത്ഥമാണ് നമുക്കാവശ്യം. അതിൽ സൎവ്വഥാ ദ്വന്ദ്വൻ വരാത്തതിനാൽ ആ അൎത്ഥം എങ്ങിനെയാണ് പറയുക?

ഇങ്ങിനെയൊക്കെയാണെങ്കിലും "വ്യാഖ്യാനതോ വിശേഷപ്രതിപത്തിഃ" എന്ന ശാസ്ത്രവിഷയകമായ പരിഭാഷയെ അവലംബിച്ചു, പ്രത്യേകം വാക്യപരിസമാപ്തിയും വൈകല്പികാൎത്ഥപൎയ്യവസാനവും പറഞ്ഞുകൂടെ എന്നാണെങ്കിൽ പ്രകൃതസ്ഥലത്തു അതിന്നും നിവൃത്തിയില്ലെന്നാണു വന്നിരിക്കുന്നതു്. "ശബ്ദം അൎത്ഥം എന്നീ രണ്ടുകൂട്ടത്തിനും സാരസ്യമുണ്ടാക്കുന്നതു് ഏതോ അതാകുന്നു അലങ്കാരം" എന്നിങ്ങിനെ രണ്ടുകൂട്ടത്തിന്നും സാരസ്യമുണ്ടാക്കുന്നതു (രണ്ടിൽ ഏതെങ്കിലും ഒന്നിനല്ല) എന്ന സ്വാഭിപ്രേതമായ കാരികാൎത്ഥം സ്വന്തം വൃത്തിയിൽ കാരികാകാരൻ തന്നെ വിവരിച്ചു

കാണിച്ചിരിക്കുന്നതു് അതിലേക്കു പ്രതിബന്ധമായിരിക്കുന്നു. ഇങ്ങിനെയിരിക്കെ തദ്വിരുദ്ധമായി കാരികയെ വ്യാഖ്യാനിക്കുന്നതു് ഒന്നുകൊണ്ടും യുക്തമല്ല. അതിന്നാക്കും അധികാരവുമില്ല. ഏവഞ്ച, 'ശബ്ദാത്ഥങ്ങൾക്കു' എന്നതിന്നു, ശബ്ദങ്ങൾക്കൊ അത്ഥങ്ങൾക്കൊ എന്നു അത്ഥം പറവാൻ വാഗ്മില്ലെന്നും ആകയാൽ കേവലമായ ശബ്ദാലങ്കാരത്തിലും അത്ഥാലങ്കാരത്തിലും പ്രകൃതലക്ഷണം അവ്യാപ്തമാകകൊണ്ടു നിഷ്കൃഷ്ടമല്ലെന്നു കാവ്യജീവിതവൃത്തിയിൽ ഉപന്യസിച്ചതു അയുക്തമല്ലെന്നും സിദ്ധമായി. ഈ സ്ഥിതിക്കു "പ്രത്യേകം വാക്യപരിസമാപ്തിഃ" എന്ന പരിഭാഷയും കൊണ്ടു വാഗ്ഭടാനന്ദഗുരുക്കൾ കാവ്യജീവിതവൃത്തിയുടെ നേക്കു ആകാശതാഡനം നടത്തുന്നുവെങ്കിൽ ആൎക്കെന്തു ചേതം?

"സാരസ്യം രസവത്ത്വം, അതായതു ലക്ഷണയാൽ രസവ്യഞ്ജകത്വം എന്നു തന്നെ അത്ഥം പറയുന്നതായാലും ശരിയാവുന്നതല്ല" എന്നു കാവ്യജീവിതപംക്തിക്കുള്ള യഥാശ്രുതാത്ഥം—'സാരസ്യശബ്ദത്തിന്റെ വാച്യാത്ഥം രസവത്ത്വമെന്നാണെങ്കിലും ലക്ഷണയെ അവലംബിച്ചു രസവ്യംജകത്വമെന്നു അർത്ഥം പറയുന്നതായാലും അതുകൊണ്ടു ഗുണമില്ല' എന്നാകുന്നു. "സാരസ്യമെന്നതിന്നു രസവ്യംജകത്വം" ഇത്യാദി വചനം ദിക്പ്രദൎശനം മാത്രമാകുന്നു. തദനുഗുണമായി 'ഉണ്ടാകുവതു' എന്നതിന്നു ലക്ഷണയാൽ 'ഉള്ളതു'—വഹിക്കുന്നതു്, എന്നും അർത്ഥം കല്പിച്ചു, ശബ്ദാർത്ഥങ്ങൾക്കു് എന്നതു താൻ പക്ഷഗ്രാഹകമെന്നു് അഭിപ്രായപ്പെടുന്നതായാൽ, അതായതു, ഇപ്രകാരം രസവ്യംജകമാണു് അലങ്കാരമെന്നു പറയുന്നതായാൽ അതു ശരിയാകുന്നതല്ല. എന്നു ഗ്രന്ഥതാൽപൎയ്യം ഈ താല്പൎയ്യം ഉപരിഗ്രന്ഥംകൊണ്ടു വ്യക്തവുമാണു്. ഇങ്ങിനെയിരിക്കെ "ശബ്ദാർത്ഥങ്ങളിൽ രസം ഇരിക്കാത്തതുകൊണ്ടു് അവയിൽ രസത്തിന്റെ അനപായത്തിന്നു വേണ്ടി ലക്ഷണ കല്പിച്ചു എന്നാണോ പറയുന്നതു്? അങ്ങിനെയാണെങ്കിൽ ശബ്ദവും അർത്ഥവും വ്യംജനയാൽ രസവ്യംജകമെന്നാണു് പറയേണ്ടതു്. ലക്ഷണയാൽ രസവ്യംജകം എന്നു പറയുവാൻ പാടില്ല" എന്നും മററുമുള്ള ഗുരുക്കളുടെ ജല്പനത്തിന്നു സമാധാനം പറയേണ്ട ആവശ്യമെന്തു്?

കൂടാതെ, "രസവ്യംജകതയെ ആശ്രയിച്ചു് അലങ്കാരലക്ഷണം ചെയ്യുന്നതിൽ അലങ്കാരമൊക്കയും രസവ്യംജകമാകണമെന്നോ? ആവശ്യമില്ല. രസവ്യംജകത്വം എന്നതിന്നു രസവ്യംജകജാതിമത്ത്വം എന്നു് അർ

ത്ഥം പറഞ്ഞാൽ മതിയായിരിക്കും" എന്നിങ്ങിനെ എന്തൊക്കെയാണ പറഞ്ഞുകൂട്ടുന്നതു എന്നു നോക്കുക. അലങ്കാരത്തിന്നു പല സ്ഥലത്തും രസവ്യംജകത്വമില്ലെങ്കിലും രസവ്യംജകമാണ് അലങ്കാരം എന്നു ലക്ഷണം പറയാമത്രെ! രസവ്യംജകത്വമെന്നതു രസവ്യംജകജാതിമത്വമാണുപോൽ! ഗുരുക്കളുടെ രസവ്യാംജകജാതി എന്തുജാതിയാണ്? തദ്വത്ത്വം രസവ്യംജകത്വമോ എന്താണിതിനെല്ലാമർത്ഥം?

ഈ വകയെല്ലാം ഒരു വിധം സഹിക്കാം, കാവ്യപ്രകാശാദികളായ പ്രാമാണികഗ്രന്ഥങ്ങളിലെ പംക്തികൾക്കു പുതുതായി അർത്ഥകല്പനത്തിന്നു പുറപ്പെട്ടു കാണുന്നതാണു വലിയ കഷ്ടമായിത്തോന്നുന്നതു്.

"തദദോഷൌ ശബ്ദാർത്ഥൌ—" എന്ന കാവ്യപ്രകാശകാരികയിലെ 'സഗുണൌ' എന്ന അംശത്തിലെ ഗുണശബ്ദം അലങ്കാരം രസംഗുണം എന്നിവയെല്ലാക്കയും സംഗ്രാഹികമാണത്രെ! ഈ സ്ഥിതിക്കു, സഗുണൌ കാവ്യം, അഥവാ സഗുണൌശാബ്ദാർത്ഥൌകാവ്യം എന്നു മാത്രം പറയാതെ, അദോഷൌ അനലങ്കൃതി എന്നും മററും വ്യർത്ഥമായി വിശേഷണങ്ങൾ ചേർത്തതു കാവ്യപ്രകാശകാരനു കഥയില്ലാഞ്ഞിട്ടായിരിക്കാം ഗുണശബ്ദം അദോഷത്തിന്നും ഗ്രാഹകമായിക്കൂടെ? കൂടാതെ അദ്ദേഹം ഗുണശബ്ദംകൊണ്ടു നിർദ്ദേശിച്ചിരിക്കുന്നതു് ജയദേവൻ പറഞ്ഞിരിക്കുന്ന എട്ടുഗുണങ്ങളെയാണുപോൽ. ആ എട്ടിനെത്തന്നെയാണത്രെ കാവ്യപ്രകാശത്തിലെ എട്ടാമത്തെ ഉല്ലാസത്തിൽ മൂന്നാക്കി സംക്ഷേപിച്ചിരിക്കുന്നതു്. കാവ്യപ്രകാശനിർമ്മാണകാലത്തു ചന്ദ്രാലോകമെന്നൊരു ഗ്രന്ഥംതന്നെ ഉണ്ടായിട്ടില്ലെങ്കിലും ഭാവിയിൽ ഉണ്ടാകുമെന്നും അതിൽ എട്ടു ഗുണങ്ങളാണു പ്രതിപാദിക്കപ്പെട്ടുക എന്നും മമ്മടഭട്ടൻ ദിവ്യദൃഷ്ടികൊണ്ടു കണ്ടിരിക്കാം. സാഹിത്യചരിത്രജ്ഞതയൊന്നും പോകട്ടെ, ചന്ദ്രാലോകവും കാവ്യപ്രകാശവും വായിച്ചിട്ടുള്ള ഒരാൾ ഇങ്ങനെ പറയുമെന്നു ഈയുള്ളവനു വിചാരിക്കവയ്യാ.

"അംഗികരോതിയഃ കാവ്യം ശബ്ദാർത്ഥാവനലങ്കൃതീ
അസൌനമന്യതേകസ്മാദനുഷ്ണമനലംകൃതീ"

എന്നിങ്ങിനെ, കാവ്യപ്രകാശത്തിലുള്ള കാവ്യലക്ഷണത്തിലെ 'അനലങ്കൃതി' എന്ന അംശത്തെ അനുവദിച്ചു പരിഹസിക്കുന്നതാകട്ടെ,

"കേചിദന്തർഭവന്ത്യേഷു ദോഷത്യാഗാൽ പരേശ്രിതാഃ
അന്യഭജന്തിദോഷത്വംകുത്രചിന്നാതതോദശ"

"നതതോദശ" എന്നിങ്ങനെ വാമനോക്തങ്ങളായ പത്തു ഗുണങ്ങളെ സംഖ്യാനിർദ്ദേശപൂർവ്വം നിഷേധിക്കുന്നതാകട്ടെ, പ്രകൃതഗ്രന്ഥങ്ങൾ വായിച്ചിട്ടുണ്ടെങ്കിൽ ഗ്രഹിക്കാതിരിക്കുമോ? എന്നു മാത്രമല്ല.

"ത ഏതേനാർത്ഥ ഗുണാ വാച്യാഃ പ്രോക്താശ്ശബ്ദഗുണാസ്തു യേ"

എന്നിങ്ങിനെ വാമനൻ നിർദ്ദേശിച്ചിരിക്കുന്ന ശബ്ദഗുണം പത്തും അർത്ഥഗുണം പത്തും പ്രത്യേകിച്ചു നിഷേധിക്കുന്നതുമുണ്ട്. എന്നിട്ടു മി. ഗുരുക്കൾ എന്തെല്ലാം അസംബന്ധങ്ങളാണു കൊട്ടിഘോഷിക്കുന്നതു്. ആനന്ദവർദ്ധനാചാര്യരുടെ ധ്വന്യാലോകത്തിൽപ്പോലും കൈവയ്ക്കുവാൻ ആക്ഷേപകൻ മടിക്കുന്നില്ല. "മി. കൃഷ്ണൻനായരാൽ ഉദ്ധരിക്കപ്പെട്ട അംഗീഭൂതമായ „രസാദിയെ ആശ്രയിച്ച വാക്യത്തിലെ 'രസാദി' എന്ന പദത്തിലെ സമാസം ബഹുവ്രീഹിയാണല്ലൊ" എന്നിങ്ങിനെ ആരംഭിച്ചുകൊണ്ടു എന്തെല്ലാമാണു പറയുന്നതെന്നു് വായനക്കാർ തന്നെ വായിച്ചു മനസ്സിലാക്കിക്കൊള്ളട്ടെ. 'രസാദി' എന്നതിലെ അന്യപദാർത്ഥം വ്യംഗ്യാർത്ഥമാണെന്നും രസം, ആദിപദഗ്രാഹ്യമായ ഭാവം, രസാഭാസം, ഭാവാഭാസം എന്നിവയായ വ്യംഗ്യാർത്ഥം ഒന്നാണു്. 'രസാദി' എന്നതിന്നു അർത്ഥമെന്നുംകൂടി ധരിച്ചിട്ടില്ലാത്ത മി. വാഗ്ഭടാനന്ദഗുരുക്കളുടെ അസംബന്ധജല്പനങ്ങളെ പ്രത്യേകം പ്രത്യേകമെടുത്തു ചർച്ച ചെയ്യുവാൻ ഈയുള്ളവന്നു എന്തെന്നില്ലാത്ത ലജ്ജ തോന്നുന്നു.

ഗുണം അലങ്കാരം രസം ഭാവം മുതലായവയൊക്കെയും ഒന്നാണെന്നും അവയൊക്കെയും അലങ്കാരം തന്നെയാണെന്നും മററുമുള്ള ആക്ഷേപകന്റെ പ്രലപിതങ്ങൾക്കു ഈ ഇരുപതാം നൂററാണ്ടിലും ആരെങ്കിലും ചെവി കൊടുക്കുമോ? വയ്യാ, ഇനി മുന്നോട്ടു പോവുക വയ്യ. മടുപ്പും ചെടിപ്പും തോന്നുകയാൽ ഇതാ ഈയുള്ളവൻ പിന്മാറുന്നു.

# വിശ്രമാവസരവും അതിൻെറ വിനിയോഗവും

(എൻ. എസ്സ്.)

ചിലക്ക് ഒഴിവുസമയം അധികമാണെന്നും മററുചിലക്ക് അതു പോരെന്നും ഉള്ളതാണ് ഈ ഇരുപതാം നൂററാണ്ടിലെ ഉപദ്രവങ്ങളിൽ ഒന്ന്. നേരം വെളുത്തു വൈകുന്നേരം വരെ ജോലിചെയ്ത് നരകിക്കാനല്ലാതെ കുറച്ചു പോലും നേരം ഒന്നു കളിക്കാനോ ചിരിക്കാനോ കിട്ടുന്നില്ലല്ലോ എന്നാണ് ഉദ്യോഗസ്ഥൻെറ പരാതി. വെളുക്കുമ്പോൾ തുടങ്ങി കറുക്കുമ്പോൾ വരെ വേലചെയ്തു ഈ ലോകത്തിൻെറ ഭാരം മുഴുവൻ താങ്ങുന്ന തനിക്കു സ്വല്പം പോലും വിശ്രമസമയം ലഭിക്കുന്നില്ലല്ലോ എന്നാണ് വ്യാപാരിയുടെ പരാതി. വിശ്രമസമയമില്ലെന്നും ജോലിസമയം കുറയ്ക്കണമെന്നുംപറഞ്ഞു തൊഴിലാളികൾ മുതലാളിമാരുമായി എന്നും വഴക്കാണ്. ഈ കുഴപ്പത്തിൻെറ നിദാനം എവിടെയാണ്? അതു കണ്ടുപിടിക്കേണ്ടിയിരിക്കുന്നു. തീച്ചയായും ഇതിനുകാരണക്കാർ ഉദ്യോഗസ്ഥന്മാരോ തൊഴിലാളികളോ മുതലാളികളോ അല്ല. പിന്നെ ആരാണ്. ഉള്ളവിശ്രമാവസരത്തെ വേണ്ടതരത്തിൽ വിനിയോഗിക്കുന്നതിന് അവരെ പഠിപ്പിക്കാത്ത വിദ്യാഭ്യാസസമ്പ്രദായമാണ് അതിനുത്തരവാദി.

സമയം ലാഭിക്കുന്നതിന് പലവിധത്തിലുള്ള ഉപായങ്ങളും ഈ ഇരുപതാം നൂററാണ്ടിലുണ്ടായിട്ടുണ്ട്. എന്നിട്ടും മനുഷ്യൻ സമയംപോരെന്നും ജോലി അധികമാണെന്നും പരാതിപ്പെടുന്നു. പാശ്ചാത്യരാജ്യങ്ങളിൽ ഉള്ളിടത്തോളം യന്ത്രോപകരണങ്ങളുടെ അഭിവൃദ്ധി ഇൻഡ്യയിൽ ഉണ്ടായിട്ടില്ലെങ്കിലും സമയംലാഭിക്കുന്നതിനുള്ള മാഗ്ഗങ്ങൾ നമ്മുടെ ജീവിതക്രമത്തിൽ നാം ദൈനംദിനം കൂടുതലായി ഉപയോഗപ്പെടുത്തിവരുന്നുണ്ട്. നമ്മുടെ പൂർവ്വികന്മാരെ അപേക്ഷിച്ചു നമുക്ക് വളരെവേഗത്തിൽതന്നെ യാത്രചെയ്യാനുള്ള സൌകര്യം ഉണ്ട്. സംസാരിക്കുന്നിടത്തോളം വേഗത്തിൽ തന്നെ നമുക്ക് ഇന്നു എഴുതുകയും ചെയ്യാം. ആഹാരം പാകംചെയ്യുന്നതിനും ആഹാരം കഴിക്കുന്നതിനും നമുക്ക് മുമ്പു വേണ്ടിയിരുന്നതിനെ അപേക്ഷിച്ചു ഇന്നു കുറച്ചുസമയംമാത്രംമതി. ജോലിക്കുപോകുന്നതിനും ആ ജോലി ചെയ്തുതീക്കുന്നതിനും തിരിച്ചുവീട്ടിൽചെന്നെത്തുന്നതിനും ദിവസേന നമുക്ക് സമയലാഭം കിട്ടത്തക്കവിധത്തിലാണ് ഇന്നത്തെ പരിഷ്കാരഗതി.

എന്തിന്, നമ്മുടെ പൂർവ്വികന്മാരുടെകാലത്തുണ്ടായിരുന്നതിനേക്കാറം മനുഷ്യരുടെ പ്രവൎത്തനങ്ങളെല്ലാം ദ്രുതതരമായിത്തീൎന്നുവരുന്നുവെന്നുപറയാത്ത ഒരുത്തൻപോലും ഇന്നു ജീവിച്ചിരിപ്പുണ്ടോ?

ശാസ്ത്രത്തിൻെറ പുരോഗതിമൂലം നമുക്ക് ഇപ്രകാരം സിദ്ധിച്ചിരിക്കുന്ന ഈ സമയലാഭത്തെ എങ്ങനെ ഉപയോഗപ്പെടുത്തണമെന്ന് നമുക്കറിഞ്ഞുകൂടായെന്നു പറയേണ്ടിവന്നതാണ് ഏററവും കഷ്ടം! കാൎയ്യക്ഷമതയ്ക്കു ഹാനിവന്നെങ്കിലോ എന്നുകരുതി ജോലി തൻെറ കീഴിലുള്ളവരെ ഏല്പിക്കാതെ ഉദ്യോഗസ്ഥൻ കൂടുതൽസമയം അതിനുവേണ്ടി ചെലവാക്കുന്നു. സമയം പണമാണെന്നുവിശ്വസിച്ച് വ്യാപാരി തൻെറ അവസാനത്തെ നാഴികയുടെ അവസാനത്തെ വിനാഴികയുടെ അംശംപോലും രൂപാ അണ പൈസയായി മാററാൻ ശ്രമിക്കുന്നു. ഇതുകൊണ്ടുണ്ടാകുന്ന ഫലം എന്താണ്? കൂടുതൽ ജോലിചെയ്യുന്നവരുടെ അത്യാഗ്രഹം മൂലം മററു ചിലൎക്കു സമയലാഭവും വിശ്രമവും അങ്ങനെ അവൎക്കു തൊഴിലില്ലായ്മയും ഫലം. ജോലിത്തിരക്കുള്ളവൎക്കു വിശ്രമലാഭത്തെ എങ്ങനെ ഉപയോഗപ്പെടുത്തണമെന്ന് അറിഞ്ഞുകൂടാ. നമ്മളെല്ലാവരും ഈ വിഷയത്തെ ഗൗനിക്കാതെ കണ്ണടച്ചുകളകയാണു പതിവ്.

ഇതാണ് പൊതുവിലുള്ള അവസ്ഥ. ഇനി നമുക്കു നമ്മുടെ കാൎയ്യത്തെപ്പററി മാത്രം ആലോചിച്ചുനോക്കാം. നമ്മിൽ അധികംപേരും ഗ്രാമത്തിൽ വസിക്കുന്നവരാണ്. ഈ ഗ്രാമവാസികളിൽ ആൎക്കും "ജോലി അധികം; വിശ്രമത്തിനുസമയം ഇല്ല" എന്നു പരാതിപ്പെടുവാൻ വല്ല വകയുമുണ്ടോ? സമുദായത്തിൻെറ പണ്ടത്തെസ്ഥിതി മാറിയതോടുകൂടി ഇന്നു അയാറംക്ക് എപ്പോഴും വിശ്രമത്തിനുള്ള അവകാശമുള്ളു. പണ്ടത്തെസ്ഥിതി ഒന്നാലോചിച്ചുനോക്കുക. അന്ന് നമ്മുടെ കൃഷിക്കാരും മററും ഇത്രത്തോളം സമയകുബേരന്മാരായിരുന്നില്ല. തനിക്കും തൻെറ കുടുംബത്തിനും ആഹാരത്തിനുവേണ്ടുന്നവ കൃഷിചെയ്തുണ്ടാക്കണം, ആഹാരം പാകം ചെയ്യുന്നതിന് വിറകുണ്ടാക്കണം, വസ്ത്രം ഉണ്ടാക്കണം, കന്നുകാലികളെ തീററണം, ഇതെല്ലാം അയാറംതന്നെ ചെയ്യണം. ഗൃഹത്തിലെ സ്ത്രീകറംക്കും വേണ്ടുവോളം ജോലിയുണ്ടായിരുന്നു. നെല്ലുകുത്തി അരിയാക്കുക, ആഹാരം പാകം ചെയ്യുക, പശുവിനെ കറക്കുക, വെണ്ണ, തയിര് ഇവയുണ്ടാക്കുക ഇവയെല്ലാം അവരുടെ ജോലിയായിരുന്നു. ഇന്ന് ഇതിൻെറ ആവശ്യം വല്ലതുമുണ്ടോ? പലതും നമുക്കു മററുതരത്തിൽ നിർവ്വഹിക്കാം.

വസ്ത്രങ്ങളും മററും സ്വന്തമായി ഉണ്ടാക്കുന്നവർ ഇന്ന് എത്രയുണ്ട്. അതുപോലെ നെല്ലുകുത്തി അരിയാക്കുന്നവരും എത്രയുണ്ട്. വസ്ത്രം വേണമെങ്കിൽ കടകളിൽ കിട്ടുന്നു; അഹമ്മദ്ബാദ്, മാഞ്ചെസ്റ്റർ മുതലായ ദിക്കുകളിൽ നിന്നും വന്നതു്. നെല്ലുകൊണ്ടുപോയി കൊടുത്താൽ മില്ലിൽ നിന്നും കുത്തി അരിയാക്കിക്കിട്ടുന്നു. ഇപ്രകാരം പലതുകൊണ്ടും ജോലിക്കുറവു വന്നതുകൊണ്ടു കൃഷിക്കാരനു പണത്തിനു കുറവു വരുന്നുണ്ടോ? ഇല്ല. ബാങ്കുകാരും, സഹകരണസംഘങ്ങളും അവിടേയും അയാളെ സഹായിക്കാൻ തയ്യാർ. ഓ, കുറച്ചു സാമ്പത്തികശാസ്ത്രത്തിലേക്കു കടന്നുപോയി എന്നു തോന്നുന്നു. ആ ദുർഘടം പിടിച്ച വിഷയത്തിലേക്കു കടക്കുന്നില്ല. മറിച്ചും തിരിച്ചും ധാരാളം പറയാനുള്ള വിഷയമാണതു്. പോരെങ്കിൽ അതിൽ അജ്ഞനുമാണ്. അതുകൊണ്ടു് അവിടന്ന് ഒഴിഞ്ഞുമാറുന്നതാണു നല്ലതു്. എങ്കിലും ഒന്നു തീർത്തുപറയാം. യന്ത്രംകൊണ്ട് ഇൻഡ്യയിലെ കഷകനാണ് അധികം ദുരിതം അനുഭവിക്കുന്നതു്. മററു ജീവിതവൃത്തികളിൽ ഏർപ്പെട്ടിരിക്കുന്ന തന്റെ നാട്ടുകാരെ അപേക്ഷിച്ച് അയാൾ കൂടുതൽ ഉദാസീനനും, ദരിദ്രനും ആയിത്തീർന്നിരിക്കുന്നു. അയാളുടെ സ്ഥിതി കൂടുതൽ കഷ്ടതരവുമാണ്. യന്ത്രോപകരണങ്ങളെക്കൊണ്ടുള്ള പരോക്ഷങ്ങളായ ദുരിതങ്ങൾ മാത്രം അയാൾ അനുഭവിക്കുന്നു. അതുകൊണ്ടുണ്ടായിട്ടുള്ള ആനുകൂല്യങ്ങളെ വേണ്ടതരത്തിൽ ഉപയോഗപ്പെടുത്തി തന്റെ സ്ഥിതിയേയും സമ്പത്തിനേയും അഭിവൃദ്ധിപ്പെടുത്തുവാൻ അയാൾ അഭ്യസ്തനോ പ്രേരിതനോ ആയിട്ടില്ല. ചുരുക്കിപ്പറഞ്ഞാൽ ശാസ്ത്രീയാഭിവൃദ്ധികൊണ്ടുള്ള ഗുണങ്ങൾ ഒന്നും തന്നെ എന്താണെന്നുപോലും അറിയാതെ അതുകൊണ്ടുള്ള ദോഷങ്ങൾ എല്ലാം അയാൾ അനുഭവിക്കുന്നു. സാധുകഷകന്റെ ഈ ഉദാസീനതയെ വിശ്രമാവസരമായി മാററണം. ആ വിശ്രമാവസരത്തെ കൂടുതൽ പ്രയോജനകരങ്ങളും ആദായകരങ്ങളുമായ തൊഴിലുകളിലേക്കു തിരിച്ചുവിടുകയെന്നുള്ളതു് ഇന്നത്തെ വിദ്യാഭ്യാസത്തിലെ ഒരു ദുർഘടപ്രശ്നമാണ്.

ഇനി നമ്മുടെ നാട്ടിൽ തൊഴിൽ ഉള്ളവരും ഇല്ലാത്തവരുമായ "അഭ്യസ്തവിദ്യ"രുണ്ട്. "അഭ്യസ്തവിദ്യർ" എന്നുള്ളതു പ്രത്യേകം ഉദ്ധരണിക്കകത്തു് ഇടേണ്ടതാണ്. അതിനു ഒരു കാരണവുമുണ്ട്. നമ്മുടെ വിദ്യാലയങ്ങൾ നമുക്കു വേണ്ടതരത്തിലുള്ള വിദ്യാഭ്യാസം തരുന്നില്ലെന്നു പറയേണ്ടിയിരിക്കുന്നു. പക്ഷേ അവ നമുക്ക് അക്ഷരാഭ്യാസം നൽകുന്നുണ്ടെന്നു സമ്മതിക്കാം. നമുക്ക് എഴുതാനും വായിക്കാനും കഴിയുന്നുണ്ട്. എന്തെങ്കിലും തൊഴിൽ കിട്ടുന്നതിനുള്ള ഭാഗ്യമുണ്ടായാൽ, അതിനു വേണ്ടതായ എഴുത്തുകുത്തുകൾ നടത്തുന്നതിനും നമുക്കു സാധിക്കുന്നുണ്ട്. പക്ഷെ നമ്മുടെ ചുററുമുള്ള സംഗതികളെ വേണ്ടതരത്തിൽ പഠിച്ചു നമ്മുടെ സ്വ

ന്താവശ്യങ്ങൾക്കു അവയെ ഉപയോഗപ്പെടുത്തുവാൻ വേണ്ട വിദ്യാഭ്യാസം നമുക്ക് ഈ സ്ഥാപനങ്ങൾ മൂലം ലഭിക്കുന്നില്ല. പുസ്തകങ്ങളെ വേണ്ടതരത്തിൽ സ്നേഹിക്കുന്നതിനോ, ഒരു ചിത്രം കണ്ടു ആനന്ദിക്കുന്നതിനോ, സംഗീതം ശ്രവിച്ച് ആനന്ദിക്കുന്നതിനോ വിനോദങ്ങളിൽ രസിക്കുന്നതിനോ അവ നമ്മെ പഠിപ്പിക്കുന്നില്ല. വിദ്യാലയങ്ങളിൽ നിന്നും നമുക്കു പുസ്തകങ്ങൾ ലഭിക്കുന്നുണ്ട്. ആ പുസ്തകങ്ങൾ ഉയന്നതരത്തിൽ പരീക്ഷകൾ ജയിക്കുവാൻ നമ്മെ സഹായിക്കുന്നുമുണ്ട്. നമ്മളോട് ഒരു ബന്ധമില്ലാത്ത വിഷയങ്ങളെപ്പററി നമ്മളോടു ഒരു ബന്ധവുമില്ലാത്ത തരത്തിൽ എഴുതുന്നതിനും അവ നമ്മെ പ്രേരിപ്പിക്കുന്നു. പാശ്ചാത്യവിദ്യാഭ്യാസത്തിൻെറ ഒരു ദുരന്തഫലമാണിതു്. അതുകൊണ്ടു് എഴുത്തിലോ കലകളിലോ, വിനോദത്തിലൊ ആത്മപ്രകാശനംകൊണ്ടുള്ള സന്തുഷ്ടി നമുക്കു നഷ്ടമായി.

അഭ്യസ്തവിദ്യരായ നമ്മുടെ യുവതീയുവാക്കന്മാർ വലിയ നഗരങ്ങളിലേയും പട്ടണങ്ങളിലേയും തെരുവുകളിൽകൂടി അലഞ്ഞു നടക്കുന്നതിൽ അതിശയിപ്പാനെന്തുള്ളു? പട്ടണങ്ങളിൽ നാം അവരെ തട്ടുത്തുകൂട്ടുന്നു. സിനിമയല്ലാതെ അവക്കു് അവിടെ യാതൊരാനന്ദവുമില്ല. കളിക്കുന്നതിനു സ്ഥലങ്ങളോ, വിനോദത്തിനായി മററു വ്യാപാരങ്ങളൊ, തൊഴിൽ പരിശീലനത്തിനുവേണ്ട സൗകര്യങ്ങളൊ ഇല്ലാത്ത വിദ്യാലയങ്ങളിൽ നിന്നും ആണ് അവർ ലോകത്തിലേക്ക് ഇറങ്ങുന്നതു്. അവരുടെ ക്ലാസ്സുമുറികളിലാണെങ്കിൽ കലാഭിരുചിയെ വളത്തുന്നതിനുള്ള സൗകര്യങ്ങൾ യാതൊന്നുമില്ല. സൗന്ദര്യമില്ലാത്ത വെറും സാമാനങ്ങളെക്കൊണ്ടു് നിറച്ചതാണ് അവ. അവർ പുറത്തു വരുമ്പോൾ തങ്ങളുടെ ശക്തിയെക്കവിഞ്ഞുള്ള തരത്തിൽ വസ്ത്രാഡംബരങ്ങളിൽ ഭ്രമിക്കുന്നുവെന്നു നാം അവരെ കുററപ്പെടുത്തുന്നു. ഒന്നു ചോദിക്കട്ടെ. ഈ കാര്യത്തിലല്ലാതെ പിന്നെ എന്തിൽ അവരുടെ മനോധമ്മപ്രകടനത്തിനു നാം അവരെ അഭ്യസിപ്പിച്ചു. അവരുടെ നടപടികൾ മര്യാദാരഹിതമെന്നു നാം അപലപിക്കുന്നു." പക്ഷേ മററു തരത്തിൽ നാം അവരെ എന്തെങ്കിലും അഭ്യസിപ്പിച്ചോ? അവരുടെ വിദ്യാഭ്യാസം കഴിഞ്ഞിറങ്ങുമ്പോൾ അവരുടെ പാഠപുസ്തകങ്ങളെല്ലാം അവർ വിററുകളയുന്നുവെന്ന് നാം പരാതിപറയുന്നു. ഈ കൊള്ളരുതാത്ത പാഠപുസ്തകങ്ങളെല്ലാം ആരാണു സൂക്ഷിച്ചുവയ്ക്കുക? നല്ല ഒരു ഗ്രന്ഥശേഖരത്തിൽ അവയ്ക്കു് എന്തെങ്കിലും വല്ല ഒരു സ്ഥാനമുണ്ടോ?

വിദ്യാലയത്തിലായാലും, ഗൃഹത്തിലായാലും സാധാരണ ഒരു കുട്ടിയുടെ സ്ഥിതി കലാലയത്തിലെ ഒരു യുവാവിൻെറ സ്ഥിതിപോലെതന്നെയാണ്. ദാരിദ്ര്യവും അജ്ഞതയുംകൊണ്ടു് ഒരു ശിശുവിൻെറ ജീവിതം ശൂന്യമായി തീരുന്നു. തൽഫലമായി ഒരു പ്രായപൂത്തി വന്ന മനുഷ്യനു

ജീവിതം പ്രയോജനപ്രദമായും കാമ്യമായും തീരാൻ വേണ്ടതായ ഗുണങ്ങൾ ലഭിക്കാതെ പോകുന്നു. മാതാപിതാക്കന്മാരുടെ സഹഭാവപൂർവ്വമായ പെരുമാററം കുട്ടികളെ വഷളാക്കുകയെന്ന വിശ്വാസക്കാരാണു മാതാപിതാക്കന്മാർ. കഴിഞ്ഞ തലമുറയിലെ വിശ്വാസപ്രമാണങ്ങളോടുകൂടിയ പഴമക്കാരാണെങ്കിലോ, കഥ പിന്നെ പറയാനുമില്ല. മാതാപിതാക്കന്മാർ ഇന്നത്തെ തലമുറയിൽപ്പെട്ട—പുതിയ വീക്ഷണഗതികളോടുകൂടിയവരാണെങ്കിൽ തന്നെ പഴയതിനും പുതിയതിനും ഇടയ്ക്കു കുഴങ്ങുന്നതുകൊണ്ട് അവർക്കു സമചിത്തത കിട്ടിക്കാണുകയില്ല. വലിയ നഗരങ്ങളിലും നാട്ടിൻപുറങ്ങളിലെ ചെറിയ പട്ടണങ്ങളിലും ഒരു പുതിയ പ്രസ്ഥാനമാണു ക്ലബ്ബ്. പക്ഷെ ആർക്കും താല്പര്യമില്ലാത്ത പന്തുകളിയോ, മിക്കവർക്കും താല്പര്യമുള്ള ചീട്ടുകളിയോ എല്ലാവർക്കും അത്യധികം താല്പര്യമുള്ള വെടിപറച്ചിലോ ആണു അവിടെ പ്രാധാന്യം വഹിക്കുന്നത്. വിശ്രമാവസരങ്ങളിലെ ഈ പ്രവൃത്തികൾ നിർദ്ദോഷങ്ങളാണെന്നു പറയാം. പക്ഷേ വിജ്ഞാനപരമായോ കലാപരമായോ, നല്ലവഴിക്കുള്ളവയോ ആയ മററു പ്രവർത്തനങ്ങൾക്കു ബാധകമായാൽ അവ ആശാസ്യങ്ങളല്ല. അപ്പോൾ അഭ്യസ്തവിദ്യനും അനഭ്യസ്തവിദ്യനും തമ്മിലുള്ള വ്യത്യാസത്തെ അതു നിർമ്മാർജ്ജനം ചെയ്യുന്നതാണ്.

നമ്മുടെ വിദ്യാഭ്യാസപദ്ധതിയിലുള്ള ഗൗരവാവഹങ്ങളായ പോരായ്മകളെപ്പററി നമുക്കു ബോധമുണ്ടായിരിക്കുന്നുവെന്നുള്ളതു് ഒരു ഭാവിശ്രേയഃപിശുനശകുനമാണ്. ഒരുകാര്യം നാം പ്രത്യേകം ഗൗനിക്കണം. പ്രത്യക്ഷങ്ങളായ ഈ ന്യൂനതകളെ നാം പരിഹരിക്കുമ്പോൾ ഈ ന്യൂനതകൾ മൂലം നമ്മുടെ സാമൂഹ്യവും, ഗാർഹികവുമായ ജീവിതത്തിനു വന്നുകൂടിയിട്ടുള്ള ദുരന്തങ്ങളെ പററി അറിയാതിരിക്കരുതു്. സ്കൂളുകളേയും, കാളേജുകളേയും, യൂണിവേഴ്സിററികളേയും പരിഷ്കരിക്കാൻതുടങ്ങുന്ന പരിഷ്കർത്താവു് ഈ സ്ഥാപനങ്ങളെല്ലാം നമ്മുടെ വീട്ടിനോടും തെരുവിനോടും മററും ബന്ധപ്പെട്ടതാണെന്നു് ഓർമ്മിക്കണം. അതു് എന്താണെന്നു് വച്ചാൽ യഥാർത്ഥവിദ്യാഭ്യാസം സിദ്ധിച്ചാൽ അവൻ ഏതു പരിതസ്ഥിതിയിൽ നിന്നും ഉത്ഭവിച്ചോ ആ ജീവിതത്തോടു ആന്തരമായിത്തന്നെ ലയം പ്രാപിക്കുന്നു; പുതിയ തത്വങ്ങൾ അനുസരിച്ചുള്ള വിദ്യാഭ്യാസം സിദ്ധിച്ച ഒരുത്തൻ സാമ്പത്തികവിഷയത്തിൽ സ്വതന്ത്രനായിരിക്കും. മാത്രമല്ല അവൻ മാനസികമായ സ്വാതന്ത്ര്യം—ചിന്താസ്വാതന്ത്ര്യം ഉള്ളവനും ആയിരിക്കും. തന്റെ ജീവിതവൃത്തിയിൽ അയാൾ ഒരു വിദഗ്ദ്ധനായിരിക്കും. വിശ്രമവേളയിൽ ജാതീയമോ, ദേശീയമോ ആയ പരിധികളാൽ ബന്ധിക്കപ്പെടാത്ത ഒരു വിശാലമനസ്കനുമായിരിക്കും അയാൾ. പബ്ളിക് ലൈബ്രറി, റേഡിയോ, ക്ലബ്ബ്, കളിസ്ഥലം, നാട്ടിൻപുറങ്ങൾ ഇവയെല്ലാം

അയാളുടെ മനസ്സിനും ശരീരത്തിനും ഉന്മേഷത്തെ കൊടുക്കുന്നതിനു വേണ്ട അവസരങ്ങൾ നല്കുന്നവയാണ്. സമയം കളയാനുപകരിക്കുന്നവയല്ല അയാൾക്കു പുസ്തകങ്ങൾ. പുസ്തകങ്ങൾ മുഖേന അയാൾ മഹാന്മാരുടെ ആശയങ്ങളേയും, ആദർശങ്ങളേയും സാക്ഷാൽകരിക്കുന്നു. റേഡിയോ വെറും സംഗീതം ശ്രവിക്കുന്നതിനുള്ള ഒരുപകരണമല്ല. പിന്നെയോ ലോകത്തിൻെറ മററു ഭാഗങ്ങളെപ്പററി ശരിയായി ഗ്രഹിക്കുന്നതിനുകൂടി ഉപകരിക്കുന്നതാണ് അതു്. ക്ലബ്ബും, കളിസ്ഥലങ്ങളും കേവലം വിനോദത്തിനുമാത്രമുള്ളവയല്ല. സഹഭാവവും, രസികത്തവുമുള്ളവർക്കു് മനുഷ്യരുമായി കൂട്ടിമുട്ടുന്നതിനും അവരുടെ സ്വഭാവത്തേയും നടപടികളേയും കണ്ടുപഠിക്കുന്നതിനും ധാരാളം അവസരം നല്കുന്നവയാണ് അവ. യഥാൎത്ഥവിദ്യാഭ്യാസം സിദ്ധിച്ച ഒരുത്തനു് ബഹുജനമദ്ധ്യത്തിലും വിജനത—ഏകാന്തത അനുഭവിക്കാൻ സാധിക്കുന്നു. നമ്മുടെ പൂൎവ്വികന്മാർ ഇതിനെയാണു വിലവെച്ചിരുന്നതു്. ഈ വിജനതയിൽ അധീതിബോധങ്ങളെക്കൊണ്ടു് അയാൾക്കു് ധൈര്യവും, ആശയും, ആനന്ദവും ലഭിക്കും. അപ്പോഴാണ് വിശ്രമാവസരത്തിൻെറ മഹാത്മ്യവും ഉപയോഗവും ഒരുത്തൻ മനസ്സിലാക്കുന്നതു്.

# ശാസ്ത്രവും മതവും

(നെഹ്രു)

മാനവസമുദായത്തിൻെറ ആശാകേന്ദ്രം ശാസ്ത്രമാണ്. ലോകത്തിൻെറ ക്ലേശങ്ങൾക്കു് ഒരു ശാന്തിയും അതുതന്നെ. ശാസ്ത്രോചിതങ്ങളായ മാൎഗ്ഗങ്ങളും ശാസ്ത്രവിരുദ്ധങ്ങളായ മാൎഗ്ഗങ്ങളും തമ്മിലുള്ളതാണ് ലോകത്തിൻെറ മത്സരങ്ങളിൽ ഭൂരിഭാഗവും. ഞാൻ ശാസ്ത്രത്തോടും ശാസ്ത്രാലയങ്ങളോടും ഉള്ള പരിചയം വിട്ടിട്ടു ഇപ്പോൾ വളരെക്കാലമായിട്ടുണ്ടു്. മനുഷ്യർ ജീവിക്കുകയും, തൊഴിൽ ചെയ്യുകയും, കഷ്ടപ്പെടുകയും ചെയ്യുന്നു. ആ പട്ടണങ്ങളിലേയും, വയലുകളിലേയും, തൊഴിൽശാലകളിലേയും മാലിന്യത്തിലേക്കും ബഹളത്തിലേക്കും ദൈവം എന്നെ പിടിച്ചുതള്ളി. നമ്മുടെ ഈ ലോകത്തെ ഈയിടെയായി ചലിപ്പിച്ചിട്ടുള്ള മഹത്തായ ചില മാനുഷികപരിവൎത്തനങ്ങളിൽ ഞാൻ ഉൾപ്പെട്ടുപോയി. എങ്കിലും എന്നെ വലയം ചെയ്തിട്ടുള്ള ബഹളങ്ങളോടും പ്രസ്ഥാനങ്ങളോടും ഞാൻ കേ

വലം അപരിചിതനാണെന്നു ഭാവിക്കുന്നില്ല. ശാസ്ത്രമാകുന്ന ദേവാലയത്തിലെ ഒരാരാധകനാണു ഞാൻ. അവിടത്തെ ഒരു ഭക്തനാണു ഞാൻ. ഇതാണ് അതിനു കാരണം.

ഇക്കാണുന്ന അനേകം വലിയ മാററങ്ങൾ ശാസ്ത്രം വരുത്തിയിട്ടുള്ളതാണ്. അവയെല്ലാം മനുഷ്യർക്കു ക്ഷേമപ്രദങ്ങളായിരുന്നുവെന്നു ഞാൻ പറയുന്നില്ല. എങ്കിലും സർവ്വപ്രധാനവും ആശാവഹവും ആയ ഒരു പരിവർത്തനം ഉണ്ടായിട്ടുണ്ട്. മനുഷ്യരിൽ ഇന്നു കാണുന്ന ശാസ്ത്രീയമനോഭാവത്തിന്റെ വികാസമാണ് അത്.

ശാസ്ത്രം ആവിർഭവിച്ച കാലത്തു തന്നെ ശാസ്ത്രവും മതവും തമ്മിൽ മത്സരമുണ്ടായതായി പറയപ്പെട്ടിരിക്കുന്നു. ശാസ്ത്രം ആധിഭൗതികമെന്നും മതം ആദ്ധ്യാത്മികമെന്നും വിവേചിക്കപ്പെട്ടിരുന്നു. ഇന്ന് ഇതു് ഒട്ടുംതന്നെ വാസ്തവമായി കാണപ്പെടുന്നില്ല. ശാസ്ത്രം അതിന്റെ പക്ഷങ്ങൾ വിടുർത്തി പ്രപഞ്ചത്തെ മുഴുവനും ഇപ്പോൾ അതിന്റെ വിഹാരരംഗമാക്കിത്തീർത്തിരിക്കുന്നു. മൂർത്തപദാർത്ഥങ്ങൾ പോലും ഇപ്പോൾ ശാസ്ത്രഗണനയിൽ നിസ്സാരങ്ങളായ ശൂന്യവസ്തുക്കളായി തീർന്നിരിക്കുന്നു. എങ്കിലും ആ മത്സരം വെറും സങ്കല്പം മാത്രമല്ല, വാസ്തവമായിരുന്നു. മതമെന്നു വിശ്വസിക്കപ്പെട്ടുവന്ന ഒന്നിനാൽ ചുമത്തപ്പെട്ട ബുദ്ധിപരമായ ഒരു മർദ്ദനവും ശാസ്ത്രീയമാർഗ്ഗങ്ങളാൽ പോഷിപ്പിക്കപ്പെട്ട മനുഷ്യസ്വാതന്ത്ര്യചൈതന്യവും തമ്മിലുള്ള ഒരു മത്സരമായിരുന്നു അതു്.

ഇതു രണ്ടും തമ്മിലുള്ള ഒരു രഞ്ജനം സാദ്ധ്യമല്ല. അതിനു കാരണവുമുണ്ട്. മനസ്സിന്റെ ഗവാക്ഷങ്ങളെ അടച്ചുകളയലിനെ ശാസ്ത്രം ഒരിക്കലും സമ്മതിക്കയില്ല. അതിന് എന്തെല്ലാം മോഹനമായ പേർ നൽകിയാലും ശരി. അതും മാത്രമല്ല; വേറൊരാളുടെ വിശ്വാസത്തിനെ കണ്ണുമടച്ചു അങ്ങു വിശ്വസിക്കുന്നതിനും ശാസ്ത്രത്തിനു നിവൃത്തിയില്ല. ശാസ്ത്രം അപ്പോൾ സ്വർഗ്ഗത്തെ കണ്ടുപിടിച്ചു തന്റെ സ്വാധീനത്തിൽ ആക്കിയാൽ മാത്രം പോരാ; നരകത്തിന്റെ ഭയങ്കരഗഹ്വരങ്ങൾ കണ്ടുപിടിക്കുന്നതിനുകൂടി തയ്യാറായിരിക്കണം. ഇതിൽ രണ്ടിൽ ഏതെങ്കിലും ഒന്നിനെ ഒഴിക്കുക ശാസ്ത്രധർമ്മമല്ല. ജീവിതത്തോടും പ്രവൃത്തിയുടെ ഫലങ്ങളോടും ആകർഷിക്കപ്പെടാതെയിരിക്കുന്ന യതിയാണ് യഥാർത്ഥശാസ്ത്രജ്ഞൻ. അവൻ സദാ സത്യാന്വേഷിയായിരിക്കും. ആ സത്യാന്വേഷണം അവനെ എവിടെയെല്ലാം കൊണ്ടുചെന്നു ചാടിച്ചാലും വേണ്ടില്ല. അവൻ ഒരിക്കലും ആ മാർഗ്ഗത്തിൽ നിന്നും വ്യതിചലിക്കുകയില്ല. ഇതിനിടയ്ക്കു എവിടെയെങ്കിലും ഒന്നു നങ്കൂരമിട്ടു അനങ്ങാതെ പുരോഗമനം ഇല്ലാതെയി

രുന്നാൽ ആ അന്വേഷണത്തെ ഉപേക്ഷിക്കുകയാണ്. അങ്ങനെയായാൽ ചൈതന്യപൂർണ്ണമായ ഈ ലോകത്തിൽ പിന്നെ നിശ്ചേഷ്ടതയാണ്.

ഒരുപക്ഷെ യഥാൎത്ഥമായ മതവും ശാസ്ത്രവുംതമ്മിൽ യഥാൎത്ഥമത്സരമില്ലായിരിക്കാം. പക്ഷെ അപ്പോഴും മതം ശാസ്ത്രത്തിൻെറ വസ്ത്രംധരിച്ചു എല്ലാപ്രശ്നങ്ങളേയും ശാസ്ത്രീയമനോഭാവത്തോടെ വീക്ഷിക്കണം; കേവലം ഭൗതികമായ ഒരു തത്വചിന്തമാത്രം നമുക്കു മതിയെന്നു പലൎക്കും തോന്നാം. ഈ ലോകത്തിലെ അനേകം ദുഷ്പ്രശ്നങ്ങൾക്ക് ഒന്നിനുപുറകെ ഒന്നായി നിവൃത്തിനേടേണ്ടതായിവരുമ്പോൾ നമ്മുടെ ജ്ഞാനപരിധിക്കപ്പുറമുള്ള കാര്യങ്ങളെപ്പററി നാം എന്തിനു തലപുണ്ണാക്കുന്നു.? പക്ഷെ അവിടേയും ഒന്നുണ്ട്. ആ ഐഹികതത്വചിന്തയ്ക്കും ഒരുപശ്ചാത്തലം, കേവലം ഭൗതികാഭിവൃത്തിയല്ലാതെ ഒരു ശ്രദ്ധാകേന്ദ്രം ഉണ്ടായിരിക്കണം. അതിനു ആത്മീയമായ ഒരു വില ഉണ്ടാകുകതന്നെചെയ്യും. അതിനുള്ള പദ്ധതികളും ഒന്നു പ്രത്യേകമായിരിക്കും. ഉടൻതന്നെ നാം മതത്തിൻെറ പരിധിയിൽ എത്തിച്ചേരുന്നു.

ശാസ്ത്രത്തിൻെറ അഭിവൃദ്ധിയനുസരിച്ചു നമ്മുടെ മനോഭാവത്തെ മാറേറണ്ട സമയം അതിക്രമിച്ചിരിക്കുന്നു. അതുമാത്രമല്ല കഴിഞ്ഞ കാലത്തിലെ വാദപ്രതിവാദങ്ങൾ ഇനിയും തുടൎന്നുകൊണ്ടുപോകേണ്ടതുമല്ല.

ശാസ്ത്രം മാറിമാറിക്കൊണ്ടിരിക്കുന്നു. അതിനു സ്ഥാപിതസിദ്ധാന്തമോ ഖണ്ഡിതാത്മതത്വമോ ഇല്ല. ഇതെല്ലാം വാസ്തവംതന്നെ. പക്ഷെ അതിൻെറ രീതിയ്ക്കു വ്യത്യാസമൊന്നുമില്ല. നമ്മുടെ ചിന്തകളിലും, പ്രവൃത്തികളിലും, പര്യവേക്ഷണങ്ങളിലും, സാമൂഹ്യജീവിതത്തിലും, രാഷ്ട്രീയവും, സാമ്പത്തികവുമായ ജീവിതക്രമങ്ങളിലും മതത്തിലും നാം ഈ രീതിയെ തന്നെ വിടാതെ സസൂക്ഷ്മം പരിരക്ഷിക്കണം. പ്രപഞ്ചം ഒരു നീൎപ്പോളയായിരിക്കാം. ആ നീൎപ്പോളയിലെ കേവലം ഒരു രജോബിന്ദുവായിരിക്കാം നാം. പക്ഷെ മനുഷ്യമനസ്സിൻേറയും ആത്മാവിൻേറയും എന്തോ ഒന്നു ആ രജോബിന്ദുവിൽ ഉണ്ട്. അതു എത്രയോകാലമായി വളൎന്നുവന്നു ഈ ഭൂമിയുടെ ആധിപത്യം വഹിച്ചുവരുന്നു. മാത്രമല്ല ഭൂഗൎഭത്തിൽനിന്നും അന്തരീക്ഷത്തിൽനിന്നും അതു ശക്തിയും സമ്പാദിച്ചു. പ്രപഞ്ചരഹസ്യങ്ങളെ അതു് അറിയാൻ ശ്രമിച്ചു. പ്രകൃതിക്ഷോഭങ്ങളെ അതു കീഴടക്കി ഉപയോഗയോഗ്യമാക്കിത്തീൎത്തു. കൂടുതൽ കൂടുതൽ ശക്തിപ്രാപിച്ചു ജയിച്ചു കീഴടക്കുവാൻ പുതിയ ലോകങ്ങളെ ആരായുന്ന ഈ മനുഷ്യമനസ്സും ആത്മാവും ഭൂമിയേക്കാളും പ്രപഞ്ചത്തേക്കാളും എത്രയോ ആശ്ചര്യകരമായ ഒന്നാണ്!

# ശരച്ചന്ദ്രചട്ടോപാദ്ധ്യായൻ

[പണ്ഡിതർ ആർ. സി. ശർമ്മ]

'ബംഗാളത്തിലെ മോപ്പസെൻറ്', 'പൊതുജനങ്ങളുടെ ആഖ്യായികാകാരൻ' എന്നിങ്ങനെയുള്ള അനവധി പ്രശംസകൾ വിദേശങ്ങളിലെ 'ലണ്ടൻ ടൈംസ്' മുതലായ പേരുകേട്ട പത്രങ്ങളുടേയും റോമെയിൻ റോളൻഡ് തുടങ്ങിയ സുപ്രസിദ്ധസാഹിത്യകാരുടേയും അടുക്കൽ നിന്നുപോലും സമ്പാദിക്കുവാനുള്ള അനിതരസാധാരണമായ ഭാഗ്യം സിദ്ധിച്ച പ്രതിഭാശാലിയായ ഒരു നോവലെഴുത്തുകാരനാണ് ഡാക്ടർ ശരച്ചന്ദ്രചാററർജി. അദ്ദേഹം ക്രിസ്താബ്ദം 1876 സെപ്ററംബർമാസം 15നു ഹൂഗ്ലി ഡിസ്ട്രിക്ടിൽപ്പെട്ട ദേവാനന്ദപുരം എന്ന ഗ്രാമത്തിലെ പുരാതനമായ ഒരു ബ്രാഹ്മണകുടുംബത്തിൽ ജനിച്ചു. ശരച്ചന്ദ്രൻെറ പിതാവ് മോതിലാല ചട്ടോപാദ്ധ്യായനും മാതാവു ഭുവനേശ്വരീദേവിയും ആയിരുന്നു. മോതിലാലൻെറ ധനസ്ഥിതി ആശാസ്യമല്ലാതിരുന്നതിനാൽ ശരച്ചന്ദ്രൻെറ ശൈശവം ദാരിദ്ര്യത്തിലും ദുഃഖത്തിലുമാണ് കഴിഞ്ഞുകൂടിയതു്.

ശരച്ചന്ദ്രൻ തൻെറ വിദ്യാഭ്യാസം ആരംഭിച്ചതു ജന്മദേശത്തിലുള്ള ഒരു ഗ്രാമപാഠശാലയിലാണ്. എട്ടുപത്തുവയസ്സു പ്രായമാകുന്നതുവരെ അതു തുടൎന്നുകൊണ്ടിരുന്നു എങ്കിലും ചെലവാക്കിയ കാലത്തിൻെറ ദൈൎഘ്യമനുസരിച്ചുള്ള ഗുണം അതുകൊണ്ടുണ്ടായിട്ടില്ല. മക്കളെ കഠിനമായി ശാസിക്കുകയോ പരുഷമായി ശകാരിക്കുകപോലുമോ ചെയ്യാൻ അനുവദിക്കാതിരിക്കത്തക്കവണ്ണം പിതാവിൻെറ ഹൃദയത്തിൽ തിങ്ങിനിറഞ്ഞിരുന്ന പുത്രവാത്സല്യവും തൽഫലമായ അതിലാളനയുമാണ് അതിനുള്ള പ്രധാനകാരണം. ശരച്ചന്ദ്രൻെറ ശൈശവത്തിലെ അധികഭാഗവും കളിയും കൂട്ടുകെട്ടുമായിട്ടാണു കഴിഞ്ഞുകൂടിയതു്. പഠിത്തത്തിൽ ശ്രദ്ധവെക്കുവാനുള്ള സന്ദൎഭങ്ങൾ അവനു വളരെ കുറവായിരുന്നു.

എന്നാൽ ഈ സ്ഥിതിക്കു പെട്ടെന്നൊരു മാററമുണ്ടായി. കടത്തിൻെറ ഭാരം സഹിക്കുവാൻ കഴിയാതായാൽ മോതിലാലനു ദേവാനന്ദപുരത്തിലെ വാസം മതിയാക്കേണ്ടിവന്നു. അദ്ദേഹം കുടുംബസമേതം ഭഗൽപുരത്തിലുള്ള ശ്വശുരഗൃഹത്തിൽ ചെന്നു താമസം തുടങ്ങി. മാതുലഗൃഹത്തിലെ ചട്ടവും ചിട്ടയും പട്ടണത്തിലെ പ്രസരിപ്പും ശരച്ചന്ദ്രൻെറ വിദ്യാൎത്ഥിജീവിതത്തിൽ ആകപ്പാടെ ഒരു പരിവൎത്തനമുണ്ടാക്കി. പൂൎവ്വജ്ഞാനത്തിൻെറ പരിധി നോക്കാതെ പ്രായത്തിൻെറ കഴിവിനെ മാത്രം പരിഗണിച്ചുകൊണ്ടു മാതുലന്മാർ അവനെ ഛാത്രവൃത്തി സ്കൂളിലെ രണ്ടാംക്ലാസ്സിലാണു ചേൎത്തതു്. ക്ലാസ്സിൽ ചെന്നു മററുകുട്ടികളുമായി ഇട

പെടുവാൻ സാധിച്ചപ്പോഴെ താൻ അവരേക്കാം എത്രയോ പുറകിലാ ണെന്നു അവനു മനസ്സിലായുള്ളു. എന്നാൽ അതുകൊണ്ടു ആ ബാലൻ നിരാശനായില്ല. അസാമാന്യമായ ധൈര്യവും അതിർ കടന്ന വാശിയും ഉള്ളവനായിരുന്നതുകൊണ്ട് ഏതാനും നാളുകൾകൊണ്ടുതന്നെ അവൻ പഠിച്ചു മററുള്ളവരോടൊപ്പം എത്തുകയും താമസിയാതെ ക്ലാസ്സിലും അ ദ്ധ്യാപകന്മാരുടെ ഇടയിലും നല്ലപേർ സമ്പാദിക്കുകയും ചെയ്തു.

ഛാത്രവൃത്തി പരീക്ഷ പാസ്സായതിനു ശേഷം ശരച്ചന്ദ്രൻ തൻെറ പതിമൂന്നാമത്തെ വയസ്സിൽ അവിടത്തെ ഇംഗ്ലീഷുസ്കൂളിൽച്ചേൎന്നു പഠി ച്ചു തുടങ്ങി. കളിയും കൂട്ടുകെട്ടും അവൻ അപ്പോഴും വിട്ടിരുന്നില്ല. രാജേ ന്ദ്രൻ അഥവാ രാജു എന്നൊരു യുവാവായിരുന്നു അക്കാലത്തെ അവൻെറ പ്രധാന സഹചാരി. സകലവിധസാഹസകൎമ്മങ്ങളിലും ശരച്ചന്ദ്രൻെറ ഗു രുവും ശിക്ഷാദാതാവും ഈ രാജുവാണ്. ചുരുക്കത്തിൽ നന്മതിന്മകൾ ഇ ടകലൎന്ന ശരച്ചന്ദ്രൻെറ ജീവിതത്തിലെ സ്വഭാവരൂപവൽകരണത്തിനുള്ള ഉത്തരവാദിത്വം മുഴുവനും ഈ രാജുവാണു വഹിക്കുന്നതെന്നു പറഞ്ഞാൽ അതു അശേഷം അതിശയോക്തിയായിപ്പോവുകയില്ല. മററുള്ള എല്ലാ കു ട്ടികളുടെ ഇടയിലും ശരച്ചന്ദ്രനു നായകസ്ഥാനം ഉണ്ടായിരുന്നു എങ്കിലും രാ ജേന്ദ്രൻെറ അടുക്കൽ മാത്രം അവൻ കേവലം ആജ്ഞാകരനായ ഒരു ഭ ക്തശിഷ്യനായിട്ടാണു പെരുമാറിപ്പോന്നതു്. ശ്രീകാന്തൻ എന്ന ആഖ്യാ യികയിലെ ഒന്നാംഭാഗത്തിൽ ശരച്ചന്ദ്രൻ ഇന്ദ്രനാഥൻെറ രൂപത്തിൽ ഈ രാജുവിൻെറ ചരിത്രത്തെയാണു ചിത്രണം ചെയ്തിട്ടുള്ളതു്.

ചെറുപ്പത്തിൽത്തന്നെ സംഗീതത്തിൽ നല്ല വാസനയുള്ളവനായി രുന്നു ശരച്ചന്ദ്രൻ. സംഗീതത്തിൽ അതിസമൎത്ഥനായിരുന്ന രാജുവിൻെറ സഹവാസംമൂലം അവൻെറ ആ വാസന നാനാമുഖമായി വികസിക്കുവാൻ ഇടയായി. ഫിഡിൽ, ഓടക്കുഴൽ, ഹാൎമ്മോണിയം, തബല മുതലായ വാദ്യങ്ങളിൽ അഭിനന്ദനീയമായ നൈപുണ്യം നേടുവാൻ അവനു ചെ റുപ്പത്തിൽത്തന്നെ സാധിച്ചു. ശ്രോതാക്കളെ ആനന്ദതുന്ദിലരാക്കുവാൻ പൎയ്യാപ്തമാകത്തക്കവിധത്തിൽ അവൻെറ കോമളകണ്ഠത്തിൽനിന്നും പു റപ്പെടുന്ന മധുരഗാനത്തിനു പ്രത്യേകം ഒരാകൎഷണശക്തിയുണ്ടായിരുന്നു. സംഗീതവിദ്യയിലുള്ള അനിതരസാധാരണമായ ഈ സാമൎത്ഥ്യം ജീവിത ത്തിൽ പിന്നീടു പലപ്പോഴും ശരച്ചന്ദ്രനു സഹായമായിത്തീൎന്നിട്ടുണ്ട്. കൈ യ്യിൽ ഒററക്കാശുപോലുമില്ലാതെ നിരാശ്രയനായി സംസാരസമുദ്രത്തിൽ വീ ണുംകരകാണാതെ കഷ്ടപ്പെട്ട അവസരങ്ങളിലെല്ലാം ഈ സംഗീതവിദ്യയാ ണ് ആത്മസുഹൃത്തിനെപ്പോലെ ഹസ്താവലംബം നൽകി ശരച്ചന്ദ്രനെ രക്ഷിച്ചതു്.

1894-ൽ ശരച്ചന്ദ്രൻ പ്രവേശികാപരീക്ഷ പാസ്സായി. പരീക്ഷയ്ക്കുശേഷം ഫലം പുറത്താകുന്നതിനു മുമ്പുള്ള ഒഴിവു ദിവസങ്ങളിൽ അവൻ 'വാസാ' എന്നൊരു നോവൽ എഴുതുകയുണ്ടായി. അതാണു ശരച്ചന്ദ്രന്റെ ആദ്യത്തെ നോവൽ. പക്ഷെ സൂര്യപ്രകാശം കാണ്മാനുള്ള ഭാഗ്യം അതിനില്ലാതെ പോയി. മനസ്സിനു പിടിക്കായ്കയാൽ അവൻ അതു് ഒടുവിൽ കീറിക്കളയുകയാണു ചെയ്തതു്. ഇതുപോലെ വേറെയും ഒന്നിലധികം നോവലുകൾ എഴുതിയതിനു ശേഷം തൃപ്തിതോന്നായ്കയാൽ അവൻ നശിപ്പിക്കയുണ്ടായിട്ടുണ്ടു്. ടാഗോറിനെപ്പോലെ എഴുതുവാൻ ശീലിക്കണമെന്നൊരു മോഹം ചെറുപ്പത്തിൽത്തന്നെ ശരച്ചന്ദ്രന്റെ ഹൃദയത്തിൽ അങ്കുരിച്ചിരുന്നു. ആ മഹാകവിയെപ്പോലെ എഴുതുവാൻ സാധിക്കുന്നവരെ തന്റെ യാതൊരു ലേഖനവും സ്വന്തം പേരുവെച്ചു അച്ചടിക്കുവാൻ കൊടുക്കുകയില്ലെന്നായിരുന്നു അവന്റെ ദൃഢനിശ്ചയം.

പ്രവേശികാപരീക്ഷ പാസ്സായതിനുശേഷം ശരച്ചന്ദ്രൻ ജൂബിലീ കാളേജിൽ ചേർന്നു പഠിച്ചുതുടങ്ങി. ആംഗലസാഹിത്യത്തിലെ ഉൽകൃഷ്ടഗ്രന്ഥങ്ങളുമായി ശരച്ചന്ദ്രനു പരിചയംസിദ്ധിച്ചതു് ഇക്കാലത്താണു്. താക്കറെ, ഡിക്കെൻസ്, മസ്സിസ്സ് ഹെൻറിവുഡ് മുതലായവരുടെ നോവലുകളും ഹക്സിലേ മുതലായവരുടെ ശാസ്ത്രഗ്രന്ഥങ്ങളും അവൻ വളരെ ശ്രദ്ധയോടെ വായിച്ചു. സാഹിത്യത്തിലുള്ള അഭിരുചി അവനു പ്രബലമായിത്തീൎന്നു. മാതൃഭാഷയോടുള്ള മമതയും ഇക്കാലത്തു അവനിൽ വളരെ വൎദ്ധിക്കുവാൻ ഇടയായി.

കാളേജിലെ വിദ്യാഭ്യാസം പൂൎത്തിയാക്കുവാൻ ശരച്ചന്ദ്രനു സാധിച്ചില്ല. രാജുവിന്റെ സഹവാസ ഫലമായി ക്രമാതീതമാംവണ്ണം വൎദ്ധിക്കുവാൻ ഇടയായ ദേശസഞ്ചാരാസക്തിയും സംഗീതവാസനയുടെ ദൃഷിച്ച സന്താനമായ നാടകഭ്രമവും കൂടിച്ചേൎന്നു് അവന്റെ വിദ്യാൎത്ഥിജീവിതത്തിനു ഇടയ്ക്കിടയ്ക്കു വിഘ്നം വരുത്തിക്കൊണ്ടിരുന്നു. മരുമകന്റെ ഈ താന്തോന്നിത്തം മാതുലന്മാൎക്കു രസിക്കായ്കയാൽ എഫ്. ഏ. പരീക്ഷക്കു ഫീസ് അടയ്ക്കുവാനുള്ള സമയം അടുത്തപ്പോൾ അവർ അതിനു പണം കൊടുത്തില്ല. വേറെ അന്വേഷിച്ചതിൽ അവനു കിട്ടിയതുമില്ല. തന്മൂലം പരീക്ഷയ്ക്കു ചേരുവാൻ അവനു തരപ്പെടാതെ പോയി. ആ സംഭവം അവന്റെ ഹൃദയത്തെ സാമാന്യമായി വേദനിപ്പിക്കുകയും അതിന്റെ ഫലമായി താൻ മേലാൽ ഒരിക്കലും കാളേജിൽ പഠിക്കുവാൻ പോവുകയില്ലെന്നു് അവൻ തീരുമാനിക്കുകയും ചെയ്തു. ഇങ്ങനെയാണു ശരച്ചന്ദ്രന്റെ വിദ്യാൎത്ഥിജീവിതം അവസാനിച്ചതു്.

പിന്നീട്ട കുറെക്കാലത്തേക്കു ശരച്ചന്ദ്രൻ രാവും പകലും പാട്ടകച്ചേരിയും നാടകശാലയും ചീട്ടുകളിയും ചതുരംഗവുമായിട്ടാണു കഴിച്ചുകൂട്ടിയതു്. എന്നാൽ മുമ്പൊരിക്കൽ അവന്റെ ഹൃദയത്തിൽ അങ്കുരിച്ചിരുന്ന സാഹിത്യാഭിനിഃവേശത്തിന്റെ ശക്തിമത്തായ ബീജം ആ അനാശാസ്യജീവിതത്തിനിടയിലും അവനെ അലട്ടിക്കൊണ്ടു തന്നെയിരുന്നു. മുളപൊട്ടിയ വിത്തു പ്രതിബന്ധങ്ങളെയെല്ലാം തട്ടിനീക്കി തലപൊക്കി തഴച്ചുവളരുവാൻ ശ്രമിച്ചുകൊണ്ടേയിരിക്കുമെന്നുള്ളതു സ്വാഭാവികമായ ഒരു പ്രകൃതിനിയമമാണല്ലോ. അതിനാൽ ദിവസംതോറും രാത്രികാലങ്ങളിൽ, യൌവനോന്മേഷത്തിന്റെ സഹജമായ കോലാഹലങ്ങളെല്ലാം അടങ്ങുമ്പോൾ, പ്രബലമായ സാഹിതീപ്രേമം പ്രതിഭാശാലിയായ ആ യുവാവിനെ പിടിച്ചുവലിച്ചു സാഹിതീസേവനത്തിനുള്ള സാമഗ്രികളാൽ സമലംകൃതമായ സാധനാനികുഞ്ജത്തിനുള്ളിൽ കൊണ്ടുപോയിരുത്തും. ഇങ്ങനെ ശരച്ചന്ദ്രന്റെ സാഹിതീസേവ ആരുടേയും കണ്ണിൽപ്പെടാതെ നിഭൃതമായി നടന്നുപോന്നു.

1896-ൽ ശരച്ചന്ദ്രന്റെ മാതാവു മരിച്ചു. അതോടുകൂടി ശ്വശുരഗൃഹത്തോടുള്ള പ്രത്യക്ഷബന്ധം അററുപോകയാലും മററു ചില കാരണങ്ങളാലും മോതിലാലൻ ഭഗൽപുരത്തിൽത്തന്നെയുള്ള ഒരു ഉപനാടായ ഖഞ്ജരപുരത്തിലേക്കു തന്റെ താമസം മാററി. മാതാവിന്റെ മരണത്തോടുകൂടി ധനസംബന്ധമായി പിതാവിനു നേരിട്ട കഠിനമായ കഷ്ടപ്പാടു കണ്ടിട്ടു ശരച്ചന്ദ്രനു മനസ്സമാധാനമില്ലാതായി. ഉടനെ അദ്ദേഹം ജോലി അന്വേഷിച്ചു പുറപ്പെട്ടുകയും കാലക്രമത്തിൽ നല്ല നിലയിൽ എത്താമായിരുന്ന ഒരു ജോലി താമസിയാതെ അദ്ദേഹത്തിനു കിട്ടുകയും ചെയ്തു. എന്നാൽ ഏറിയ കാലമായി താൻ അനുഭവിച്ചുവരുന്ന സ്വാതന്ത്ര്യജീവിതത്തിന്റെ മാധുര്യത്തെ മറന്നുകളയുവാൻ പ്രേരിപ്പിക്കത്തക്ക തരത്തിലുള്ള പ്രലോഭകത്വം ആ പരാധീനവൃത്തിക്കില്ലാതെയിരുന്നതിനാൽ അധികം നാൾ കഴിയുന്നതിനു മുമ്പുതന്നെ ശരച്ചന്ദ്രൻ ആ ജോലി കൈവിട്ടുകളയുകയാണു ചെയ്തതു്.

പിന്നീട്ട അഞ്ചാറുകൊല്ലത്തേക്കു ശരച്ചന്ദ്രൻ സന്യാസിയുടെ വേഷത്തിൽ നാട്ടുമുഴവനും അലഞ്ഞു നടന്നു. ഈ സഞ്ചാരത്തിനിടയിൽ താണനിലയിൽ ജീവിക്കുന്ന പലതരം ജനങ്ങളുമായി പരിചയപ്പെട്ടുന്നതിനും അവരുടെ സാമുദായികവും ഗാർഹികവുമായ ജീവിതരീതികളെ പ്രത്യക്ഷത്തിൽ കണ്ടുമനസ്സിലാക്കുന്നതിനും പൊതുവെ മനുഷ്യജീവിതത്തിന്റെ വിവിധവശങ്ങളെപ്പററി പ്രായോഗികമായ ഒരഭിജ്ഞത സമ്പാദിക്കുന്നതിനും അദ്ദേഹത്തിനു സാധിച്ചു. വൈചിത്ര്യവും വിശിഷ്ടവുമായ ഈ ലോകപരിചയമാണു് ഉത്തരകാലത്തിൽ അദ്ദേഹത്തിന്റെ സാഹിത്യത്തെ

ഇത്രമേൽ ആകൎഷകമാക്കിത്തീൎത്തതു്. ഈ കാലഘട്ടത്തിനിടയിൽ അദ്ദേഹം പല ആഖ്യായികകളും എഴുതിത്തീൎത്തിട്ടുണ്ടു്. എന്നാൽ ചിലതെല്ലാം കൈമോശം വന്നുപോയതിനാൽ അവ മുഴുവനും പ്രസിദ്ധപ്പെടുത്തുവാൻ ഇടയായിട്ടില്ല.

1903-ൽ ശരച്ചന്ദ്രന്റെ പിതാവു് പെട്ടെന്നു കാലഗതി പ്രാപിച്ചു. രണ്ടനുജന്മാരും ഒരനുജത്തിയും ഉൾപ്പെടെ പ്രായം തികയാത്ത മൂന്നംഗങ്ങളുടെ ഭരണഭാരംകൂടി അദ്ദേഹത്തിന്റെ തലയിലായി. ശരച്ചന്ദ്രൻ വല്ലാതെ കുഴങ്ങി. അസ്ഥിരമായ സ്വഭാവം അഗാധമായ സാഹിത്യാഭിനിവേശം—ഇവ രണ്ടും മാത്രമാണു് മോതിലാലനിൽ നിന്നു ശരച്ചന്ദ്രനു കിട്ടിയിരുന്ന പിതൃസ്വത്തു്. അവയിൽ ആദ്യത്തേതു ശരച്ചന്ദ്രനെ ചെറുപ്പത്തിൽത്തന്നെ ഒരിടത്തും അധികകാലം ഉറച്ചുനില്ക്കാത്ത ഒരു ദേശസഞ്ചാരപ്രിയനാക്കിത്തീൎത്തു. രണ്ടാമത്തേതു് അദ്ദേഹത്തെ പ്രായോഗികതയിൽ നിന്നും അകന്ന ഒരു സ്വപ്നലോകത്തിലെ വെറും സന്ദൎശകനമാക്കിക്കളഞ്ഞു. അതിനാൽ പരിതഃസ്ഥിതികളുടെ പെട്ടെന്നുള്ള ഈ പരിവൎത്തനം—പ്രായോഗികജീവിതത്തിലേക്കുള്ള ആകസ്മികമായ ഈ ആഹ്വാനം—ആ യുവാവിനെ അനല്പമായി പരിഭ്രമിപ്പിച്ചതിൽ അശേഷം അത്ഭുതത്തിനു അവകാശമില്ല. എന്നാൽ ശരച്ചന്ദ്രന്റെ സഹജമായ മനോധൈൎയ്യം ആശാഭംഗത്തിന്റെ അവശതയിലേക്കു അദ്ദേഹത്തെ ആഴ്ത്തിക്കളയുവാൻ ഇടയാക്കിയില്ല. വളരെയെല്ലാം ക്ലേശിച്ചതിന്റെ ഫലമായി മേല്പറഞ്ഞ സഹോദരീസഹോദരന്മാരുടെ ഭരണഭാരം കുറച്ചുകാലത്തേക്കു പ്രത്യേകം മൂന്നുപേരെ ഏല്പിച്ചതിനുശേഷം ഉപജീവനമാൎഗ്ഗം അന്വേഷിച്ചുകൊണ്ടു് അദ്ദേഹം ഉടനെ കൽക്കത്തായിലേക്കു തിരിച്ചു. അവിടെ ഏതാനും ദിവസം അലഞ്ഞുനടന്നിട്ടും ഫലമൊന്നും കാണായ്കയാൽ അദ്ദേഹം താമസിയാതെ, ആരോടും പറയാതെ, റംഗൂണിലേക്കു പുറപ്പെട്ടു പൊയ്ക്കളയുകയും ചെയ്തു.

പരിചയമില്ലാത്ത നാട്ടിൽ, വിദേശീയരുടെ ഇടയിൽ, കയ്യിൽ കാശില്ലാത്ത ഒരുത്തനു അനുഭവിക്കേണ്ടിവരുന്ന കഷ്ടപ്പാടുകളെല്ലാം അവിടെ ശരച്ചന്ദ്രനേയും അഭിമുഖീകരിക്കാതിരുന്നില്ല. പ്രായോഗികജീവിതത്തിൽ സംഗീതംകൊണ്ടുള്ള ഗുണം അന്നാണു് അദ്ദേഹം ആദ്യമായി അനുഭവിച്ചതു്. അതിന്റെ സഹായത്താൽ അവിടത്തെ ഒരു ഉയൎന്ന ഉദ്യോഗസ്ഥനായ ബംഗാളിയുടെ പരിചയം സമ്പാദിക്കുന്നതിനും അതുവഴിയായി 1905-ൽ അവിടത്തെ സിക്രട്ടേറിയററിൽ ഒരുദ്യോഗം കൈക്കലാക്കുന്നതിനും അദ്ദേഹത്തിനു സാധിച്ചു.

ബർമ്മയിലെ പ്രവൎത്തനത്തിനിടയിൽ പരദുഃഖാസഹിഷ്ണുവായ ശരച്ചന്ദ്രൻ ഒരു ദരിദ്രയായ ബ്രാഹ്മണകന്യകയെ വിവാഹം ചെയ്തു. അധികം താമസിയാതെ അദ്ദേഹത്തിനു ഒരു സന്താനവുമുണ്ടായി. എന്നാൽ ആയിടയ്ക്കു ബർമ്മയിൽ പടൎന്നുപിടിച്ച പ്ലേഗ് എന്ന ഭയങ്കരവ്യാധിയുടെ ക്രൂരമായ ആക്രമണത്തിൽ അകപ്പെട്ടുപോകയാൽ ആ പ്രേയസിയും പ്രിയസന്താനവും അദ്ദേഹത്തിനു എന്നെന്നേക്കുമായി നഷ്ടപ്പെട്ടു. കണ്ടുനിന്നവരെക്കൂടി കരയിക്കത്തക്കവിധത്തിൽ അദ്ദേഹം അന്നു ഒരു കൊച്ചുകുട്ടിയെപ്പോലെ വാവിട്ടു നിലവിളിച്ചുപോയത്രെ. പിന്നീടൊരിക്കൽ അവധിയെടുത്തു കൽക്കത്തായിൽ വന്ന അവസരത്തിൽ അദ്ദേഹം വീണ്ടും ഹിരണ്മയീദേവി എന്നു പേരായ മറെറാരു ബ്രാഹ്മണകന്യകയെ വിവാഹം ചെയ്യുകയുണ്ടായി. എന്നാൽ സന്താനലാഭത്തിനുള്ള സൗഭാഗ്യം പിന്നീട് ആജീവനാന്തം അദ്ദേഹത്തിനുണ്ടായിട്ടില്ല.

ആയിടയ്ക്കു കൽക്കത്തയിൽനിന്നു പുറപ്പെടുന്ന "ഭാരതി" എന്ന മാസികയിൽ ശരച്ചന്ദ്രന്റെ വക "ബഡോദിദി" എന്ന ആഖ്യായിക തുടൎച്ചയായി പ്രസിദ്ധപ്പെടുത്തിത്തുടങ്ങി. അദ്ദേഹം എഴുതീട്ടുള്ളവയിൽ ആദ്യമായി മുദ്രാലയംകാണുവാൻ ഭാഗ്യംസിദ്ധിച്ചിട്ടുള്ള കൃതിയാണതു്. എന്നാൽ ആ വിവരം ശരച്ചന്ദ്രനു നിശ്ചയമില്ലായിരുന്നു. അദ്ദേഹം റംഗൂണിലേയ്ക്കു പോകുന്നതിനുമുമ്പ് എഴുതീട്ടുള്ള കൃതികളിൽ ഒന്നായിരുന്നു അതു്. അതിന്റെ കയ്യെഴുത്തുപ്രതി കൈവശം വെച്ചുകൊണ്ടിരുന്ന ഒരു മാന്യനാണ് അതു മാസികാപ്രവൎത്തകന്മാരെ ഏല്പിച്ചതു്. അദ്യത്തെത്തവണ മാസികയിൽ ലേഖകന്റെപേർ പ്രസിദ്ധപ്പെടുത്തിയിരുന്നില്ല. എന്നാൽ പ്രാരംഭത്തിൽത്തന്നെ വായനക്കാരുടെ മനസ്സിനെ ആകൎഷിക്കത്തക്കവണ്ണം അതിലെ ഭാഷയും പ്രതിപാദനരീതിയും അത്രമേൽ ചമൽകാരപൂൎണ്ണമായിരുന്നതിനാൽ ലേഖകന്റെപേർ അറിയുവാൻ വായനക്കാരെല്ലാം അത്യന്തം ഉത്സുകരായിത്തീൎന്നു. അതിന്റെ ഫലമായി അടുത്തലക്കംമുതൽ ആ കഥാപംക്തിയുടെ ചുവട്ടിൽ ലേഖകസ്ഥാനത്തു "ശ്രീശരച്ചന്ദ്രചട്ടോപാദ്ധ്യായൻ" എന്ന പേർ ചേൎത്തു അടിക്കുവാൻതുടങ്ങി. എന്നാൽ അങ്ങിനെയൊരുപേർ സാഹിത്യലോകത്തിൽ അതിനുമുമ്പാരും കേട്ടിട്ടില്ല. ഇത്രമേൽ സൎവ്വാംഗസുന്ദരമായ ഒരാഖ്യായിക രചിക്കുവാൻ ഒരു നൂതനലേഖകനു ഒരിക്കലും സാദ്ധ്യവുമല്ല. അതിനാൽ ഒരു വ്യാജനാമംവെച്ചു് സാക്ഷാൽ രവീന്ദ്രനാഥടാഗോർ തന്നെ എഴുതുന്ന കഥയാണ് അതെന്നു എല്ലാവരും തീരുമാനിച്ചു. ആ വിശ്വകവിക്കല്ലാതെ കഥാസാഹിത്യത്തിൽ ഇത്രമാത്രം സാമൎത്ഥ്യം പ്രദൎശിപ്പിക്കുവാൻ സാദ്ധ്യമല്ലെന്നായിരുന്നു അവരുടെ ധാരണ. തന്മൂലം വംഗസാഹിത്യത്തിൽ

ശരച്ചന്ദ്രൻ എന്ന പേരിൽ യഥാർത്ഥത്തിൽ അതിനിപുണനായ ഒരു സാഹിത്യകാരൻ ആവിർഭവിച്ചിട്ടുള്ള പരമാർത്ഥത്തെ സ്വീകരിക്കേണ്ടതായ യാതൊരാവശ്യവും അന്നാരും കണ്ടില്ല. 'വംഗദർശനം' എന്ന നൂതനമാസിക പുറപ്പെട്ടുകൊണ്ടിരുന്ന കാലമായിരുന്നു അതു്. ടാഗോർ ആയിരുന്നു അതിന്റെ പത്രാധിപർ. മജുംദാർ ലൈബ്രറിയിൽനിന്നാണ് അതു പ്രസിദ്ധപ്പെടുത്തിക്കൊണ്ടിരുന്നതു്. ലൈബ്രറിയുടെ ഉടമസ്ഥനായ ശൈലേശചന്ദ്രമജുംദാർ ടാഗോറിന്റെ അടുക്കൽച്ചെന്നിട്ടു്, "ഇത്രനല്ലൊരാഖ്യായിക അങ്ങു സ്വന്തം മാസികയിൽ പ്രസിദ്ധപ്പെടുത്താതെ മറെറാരു പത്രത്തിലേക്കു കൊടുത്തുകളഞ്ഞതു അശേഷം ഭംഗിയായില്ല" എന്നു ആവലാതിപ്പെടുകകൂടിചെയ്തു. ആഖ്യായിക വായിച്ചുനോക്കിയിട്ടു ടാഗോർ അത്ഭുതപ്പെടുകയും ലേഖകന്റെ രചനാസാമർത്ഥ്യത്തെ പ്രശംസിച്ചുകൊണ്ടു അതു തന്റേതല്ലെന്നു പറഞ്ഞു് അദ്ദേഹത്തെ സമാധാനിപ്പിച്ചയക്കുകയും ഉണ്ടായി.

ശരച്ചന്ദ്രൻ അറിഞ്ഞുംകൊണ്ടു പൊതുജനസമക്ഷം ആദ്യമായി അവതരിപ്പിച്ചകൃതി "മന്ദിർ" എന്ന ചെറുകഥയാണ്. ബർമ്മയിലെ പ്രവാസത്തിനിടയിൽ ഒരിക്കൽ കൽക്കത്തയിൽ മടങ്ങിവന്നപ്പോൾ താൻ താമസിച്ചിരുന്ന വീട്ടിലെ കുട്ടികളുടെ നിർബ്ബന്ധത്താൽ "കുന്തലിൻ" മാസികയിലെ കഥാമത്സരത്തിനയക്കുവാൻ വേണ്ടി ഒരു ദിവസംകൊണ്ട് അദ്ദേഹം എഴുതിത്തീർത്തതാണ് അതു്. എന്നാൽ അതു് അദ്ദേഹം സ്വന്തം പേരിലല്ല, മാതുലനായ സുരേന്ദ്രനാഥ ഗംഗോപാദ്ധ്യായന്റെ പേരിലാണ് അയച്ചതു്. അക്കൊല്ലത്തിലെ കഥാമത്സരത്തിലെ പരിശോധകൻ സുപ്രസിദ്ധസാഹിത്യകാരനായ റായി ബഹദൂർ ശ്രീ ജലന്ധരസേനനായിരുന്നു. ആകെ കിട്ടീട്ടുള്ള 150 ചെറുകഥകളിൽ ശരച്ചന്ദ്രന്റെ കഥയാണ് സമ്മാനാർഹമെന്നു വിധിക്കപ്പെട്ടതു്.

വാസ്തവം പറയുകയാണെങ്കിൽ ശരച്ചന്ദ്രൻ സാഹിത്യലോകത്തിൽ ആദ്യമായി ഇറങ്ങിയതു് 1913-ൽ അദ്ദേഹത്തിന്റെ മുപ്പത്താറാമത്തെ വയസ്സിൽ കൽക്കത്തയിൽനിന്നു പുറപ്പെട്ടുകൊണ്ടിരുന്ന "യമുന" എന്ന മാസികവഴിയായിട്ടാണ്. അക്കൊല്ലത്തിൽ എന്തോ ആവശ്യംപ്രമാണിച്ചു് ശരച്ചന്ദ്രൻ റംഗൂണിൽനിന്നു കൽക്കത്തയിൽ വന്ന അവസരത്തിൽ യമുനയുടെ പത്രാധിപരായിരുന്ന ശ്രീയുത് ഫണീന്ദ്രനാഥപാലൻ അദ്ദേഹത്തെച്ചെന്നുകണ്ടു് യമുനയ്ക്കു ലേഖനസഹായം ചെയ്യണമെന്ന് ആവശ്യപ്പെടുകയും അപ്രകാരം ചെയ്യാമെന്ന് അദ്ദേഹത്തെക്കൊണ്ടു സമ്മതിപ്പിക്കയും ചെയ്തു. തൽക്കാലം അവരുടെ കയ്യിൽനിന്നു ഒഴിഞ്ഞുപോകണമെന്നുമാത്രമെ ആ വാഗ്ദാനം ചെയ്യുന്ന അവസരത്തിൽ ശരച്ചന്ദ്രന് ഉദ്ദേ

ശമുണ്ടായിരുന്നുള്ളു. എങ്കിലും റംഗൂണിൽ മടങ്ങിച്ചെന്ന ഉടനെ മാസികാ പ്രവൎത്തകന്മാരിൽനിന്നും തുടരെത്തുടരെ കിട്ടിക്കൊണ്ടിരുന്ന എഴുത്തുകളും കമ്പികളുംമൂലം ഇരിക്കപ്പൊറുതിയില്ലാതാവുകയാൽ അദ്ദേഹം താമസിയാകെ "രാമേർസുമതി" എന്നൊരു കഥയെഴുതി യമുനയ്ക്കു അയച്ചുകൊടുക്കുകയുണ്ടായി. ഭാരതിയിൽ "ബഡഡിദി" പ്രസിദ്ധീകരിക്കപ്പെട്ടിട്ട് അന്നേയ്ക്കു അഞ്ചാറുകൊല്ലം കഴിഞ്ഞിരുന്നു. ശരച്ചന്ദ്രചട്ടോപാദ്ധ്യായൻ എന്നു പേരുവച്ചു യമുനയിൽ പ്രസിദ്ധപ്പെടുത്തിയ "രാമേർസുമതി" എന്ന കഥ വായിച്ചുകഴിഞ്ഞതോടുകൂടി വംഗവാസികളുടെ ഇടയിൽ ആകമാനം ഒരിളക്കമുണ്ടായി. നാലുഭാഗങ്ങളിൽനിന്നും വിസ്മയത്തെ പ്രകാശിപ്പിക്കുന്ന പലചോദ്യങ്ങളും പുറപ്പെട്ടുതുടങ്ങി.— "ആരാണ് ഈ ശരച്ചന്ദ്രൻ?" "നമ്മുടെ നാട്ടിൽ, അംഗ്ലാം അസാമാന്യവൈദഗ്ദ്ധ്യമുള്ള ഒരു നൂതനകലാശില്പി ആവിർഭവിച്ചിരിക്കുന്നു എന്നോ?" "വംഗസാഹിത്യത്തിൽ—വംഗഭാഷയിൽ—ഇത്രവളരെ പാടവം പ്രദൎശിപ്പിക്കുവാൻ പ്രാപ്തിയുള്ള ഈ പ്രതിഭാശാലി ഇത്രയുംകാലം എവിടെ ഒളിച്ചിരിക്കയായിരുന്നു?"

ശരച്ചന്ദ്രന്റെ പേരു പെട്ടെന്നുപൊങ്ങി. വംഗഭാഷയിലെ പ്രസിദ്ധപ്പെട്ട പല പത്രഗ്രന്ഥങ്ങളും അദ്ദേഹത്തിന്റെ ലേഖനങ്ങൾ പ്രസിദ്ധപ്പെടുത്തുവാൻ അനല്പമായ ആഗ്രഹം പ്രദൎശിപ്പിച്ചുതുടങ്ങി.

റംഗൂണിലെ താമസം ക്രമേണ ശരച്ചന്ദ്രന്റെ ആരോഗ്യത്തിനു ഹാനികരമായിത്തീൎന്നു. ബൎമ്മവിട്ടുപോയില്ലെങ്കിൽ ആരോഗ്യം ലഭിക്കുന്നകാൎയ്യം പ്രയാസമാണെന്നു വൈദ്യന്മാർ അഭിപ്രായപ്പെടുകയും ചെയ്തു. വൈദ്യന്മാരുടെ ഉപദേശപ്രകാരം പ്രവൎത്തിക്കുന്ന കാൎയ്യത്തിൽ ശരച്ചന്ദ്രനു പ്രധാനപ്രതിബന്ധമായി നിന്നിരുന്നതു് ഉദ്യോഗമായിരുന്നു. അക്കാലത്തു മാസത്തിൽ നൂറുഉറുപ്പിക ശമ്പളം കിട്ടുക എന്നുള്ളതു് അദ്ദേഹത്തെപ്പോലെയുള്ള നിൎദ്ധനനായ ഒരാൾക്കു കേവലം നിസ്സാരമായ ഒരു കാൎയ്യമായിരുന്നില്ല. എന്നാൽ ശമ്പളം മോഹിച്ച് അവിടെത്തന്നെ താമസിക്കുന്നപക്ഷം അതു് ആരോഗ്യത്തെ സംബന്ധിച്ചിടത്തോളം അത്യന്തം ആപൽകരമായിരിക്കയും ചെയ്യും. ഈ ധൎമ്മസങ്കടത്തിൽപ്പെട്ട് ഇതികൎത്തവ്യതാമൂഢനായി വലയുന്ന അവസരത്തിലാണ് 'ചാററർജി ആൻഡ് സൺസ്' എന്ന സ്ഥാപനത്തിന്റെ ഉടമസ്ഥന്മാരിൽ ഒരാളായ ഹരിദാസചട്ടോപാദ്ധ്യായൻ എന്ന മാന്യൻ മാസത്തിൽ നൂറു ഉറുപ്പിക തന്നുകൊള്ളാമെന്നുള്ള കരാറിന്മേൽ ശരച്ചന്ദ്രനെ റംഗൂണിലെ ഉദ്യോഗംവെടിഞ്ഞു നാട്ടിലേയ്ക്കു വരുവാൻ ക്ഷണിച്ചതു്. ഈ ക്ഷണനം ശരച്ചന്ദ്രനു വലിയ ആശ്വാസകരമായിത്തോന്നി. അദ്ദേഹം താമസിയാതെ റംഗൂണിലെ ഉദ്യോഗം രാജിവച്ച് കുടുംബസമേതം നാട്ടിലേയ്ക്കു മടങ്ങിപ്പോരികയുംചെയ്തു.

റംഗൂണിൽനിന്നു മടങ്ങിവന്നതിനുശേഷം ശരച്ചന്ദ്രന്റെ ഉപജീവനമാർഗ്ഗം സാഹിത്യവ്യവസായമായിത്തീൎന്നു. അതിനാൽ ആ വിഷയത്തിൽ കൂടുതൽ ശ്രദ്ധപതിപ്പിക്കേണ്ടതായ ആവശ്യവും സൌകൎയ്യവും സന്ദൎഭവും അദ്ദേഹത്തിനു നേരിട്ടു. നിരന്തരമായ ഈ സാഹിത്യപരിശ്രമത്തിന്റെ ഫലമായി അനവധി ഉൽകൃഷ്ടഗ്രന്ഥങ്ങൾ ഓരോ മാസികവഴിയായി ക്രമേണ പുറത്തുവരുവാൻ തുടങ്ങി. "ഭാരതവൎഷം" എന്ന മാസികവഴിയായിട്ടാണു് ശരച്ചന്ദ്രന്റെ കൃതികളിൽ അധികഭാഗവും പുറത്തുവന്നിട്ടുള്ളതെങ്കിലും അതുകൂടാതെ "നാരായണൻ", "വംഗവാണി", "വിചിത്ര," "വേണു." "വസുമതി" മുതലായ പല മാസികകളിലും അദ്ദേഹം എഴുതിക്കൊണ്ടിരുന്നു.

അല്പകാലംകൊണ്ടുതന്നെ ശരച്ചന്ദ്രന്റെ ആദായം പ്രതിദിനമെന്നവണ്ണം വൎദ്ധിക്കുവാൻ തുടങ്ങി. മാസത്തിൽ നൂറുറുപ്പിക ആദായം കിട്ടിയാൽ ധാരാളമായി എന്നുകരുതിയിരുന്ന അദ്ദേഹത്തിന്റെ മാസവരവു് ക്രമേണ അഞ്ഞൂറു ഉറുപ്പികയിൽ അധികമായി വൎദ്ധിച്ചു. സാഹിത്യപരിശ്രമംകൊണ്ടു മാത്രം ഉപജീവനം കഴിച്ചുകൂട്ടുവാനുള്ള കഴിവും ധൈൎയ്യവും ബങ്കാളത്തിൽ അതിനുമുമ്പു് മററധികംപേൎക്കും ഉണ്ടായിട്ടുണ്ടോ എന്നു സംശയമാണു്. 'പിശുക്കു്' എന്നുവെച്ചാൽ എന്തെന്നു ശരച്ചന്ദ്രനു് അറിഞ്ഞുകൂട; എന്നുവച്ചു് അദ്ദേഹം അമിതവ്യയശീലനും ആയിരുന്നില്ല. ദാരിദ്ര്യം, രോഗം മുതലായവയെക്കൊണ്ടു് കഷ്ടപ്പെടുന്ന പാവങ്ങളുടെ നേരെയുള്ള സഹതാപത്താൽ അദ്ദേഹത്തിന്റെ ഹൃദയം പരിപൂൎണ്ണമായിരുന്നു. സ്വന്തം സമ്പാദ്യത്തിലെ അധികഭാഗവും അദ്ദേഹം പരഹിതത്തിനും പരോപകാരത്തിനും വേണ്ടിയാണു് ചെലവുചെയ്തിട്ടുള്ളതു്.

ശരച്ചന്ദ്രന്റെ കീൎത്തി ഈവിധം നാടെല്ലാം പരന്നു് സ്ത്രീപുരുഷഭേദമെന്യേ സഹൃദയരായ സകലരുടേയും മനോവീണകളിൽ മധുരവികാരങ്ങൾ മീട്ടിക്കൊണ്ടിരിക്കെ അവിടവിടെയിരുന്നു ചില കൂപമണ്ഡൂകങ്ങൾ അപശ്രുതികളും പുറപ്പെടുവിക്കാതിരുന്നില്ല. സൎവ്വസാഹോദൎയ്യത്തിന്റേയും സൎവ്വജനനീയമായ പ്രേമത്തിന്റേയും മഹനീയമായ മാഹാത്മ്യത്തെ ഉച്ചൈസ്തരം ഉൽഘോഷിക്കുന്ന 'ശരൽസാഹിത്യ'ത്തിൽ അടങ്ങിയ ഉൽകൃഷ്ടമായ ആദൎശത്തിന്റെ വിശുദ്ധിയും വൈശിഷ്ട്യവും ഗ്രഹിക്കുവാൻ കഴിയാത്ത ചില യാഥാസ്ഥിതികന്മാർ "മതം നശിച്ചു; സമുദായം കെട്ടുപോയി" എന്നിങ്ങനെ മുറവിളികൂട്ടിത്തുടങ്ങി. അവരുടെ വക പത്രങ്ങളും മാസികകളും അദ്ദേഹത്തിന്റെ കൃതികളെപ്പററി കൎക്കശങ്ങളായ ഖണ്ഡനനിരൂപണങ്ങൾ അടിയ്ക്കടി പ്രസിദ്ധപ്പെടുത്തുവാനും ആരംഭിച്ചു. എന്നാൽ അതൊന്നും ശരച്ചന്ദ്രൻ ചെവിക്കൊണ്ടതേയില്ല. താൻ അംഗീ

കരിച്ച ആദൎശത്തിൽക്കൂടെ അദ്ദേഹം തൻെറ സാഹിത്യവ്യവസായം തുടൎന്നുകൊണ്ടുതന്നെപോന്നു.

ഉൽകൃഷ്ടമായ സാഹിത്യത്തിൻെറ നിൎമ്മാണംകൊണ്ടു മാതൃഭാഷയുടെ മാഹാത്മ്യത്തിനു മാററു കൂട്ടിയ ഭാഷാഭിമാനി മാത്രമല്ല, മാതൃഭൂമിയുടെ സ്വാതന്ത്ര്യലാഭത്തിനായുള്ള രാഷ്ട്രീയപ്രക്ഷോഭണങ്ങളിൽ സൎവ്വാത്മനാ പങ്കുകൊണ്ടു് അനവധി ക്ലേശങ്ങൾ സഹിച്ച ഒരു യഥാൎത്ഥദേശാഭിമാനിയുംകൂടിയായിരുന്നു ശരച്ചന്ദ്രൻ. അദ്ദേഹം വളരെക്കാലം ചൎക്കയിൽ നിത്യവും നൂൽ നൂല്ക്കുകയും ഖദർ ധരിക്കുകയും ചെയ്തിരുന്നു. ബംഗാളത്തിലെ പ്രാദേശികരാഷ്ട്രീയസംഘടനകളിലെ ഉത്സാഹശാലിയായ ഒരംഗമായിരുന്നു അദ്ദേഹം. ഹൌറാഡിസ്ട്രിക്ട് കോൺഗ്രസ്സ് കമ്മററിയിലെ അദ്ധ്യക്ഷനായി അദ്ദേഹം വിലയേറിയ സേവനങ്ങൾ നടത്തീട്ടുണ്ടു്. കോൺഗ്രസ്സ് സംബന്ധമായ പല വഴക്കുകളും ഒന്നിലധികം പ്രാവശ്യം ശരച്ചന്ദ്രൻെറ മദ്ധ്യസ്ഥതയിൽ അവസാനിക്കുവാൻ ഇടയായിട്ടുണ്ടു്. ദേശബന്ധു സി. ആർ. ദാസ്സിനു ശരച്ചന്ദ്രനെപ്പററി വലിയ ബഹുമാനവും സ്നേഹവുമായിരുന്നു. ഇപ്പോഴത്തെ കാൺഗ്രസ്സ് പ്രസിഡണ്ടായ ശ്രീയുത് സുഭാഷചന്ദ്രബോസ്, ശരച്ചന്ദ്രബോസ്, ഡോക്ടർ വിധാനറായി, നളിനീരഞ്ജനസൎക്കാർ കിരണശങ്കരറായി, സത്യേന്ദ്രചന്ദ്രമിത്ര, തുളസീചരണഗോസ്വാമി മുതലായ ബംഗാളിലെ പ്രധാനപ്പെട്ട കോൺഗ്രസ് പ്രവൎത്തകന്മാരെല്ലാം ശരച്ചന്ദ്രനെ തങ്ങളുടെ ഒരുററ ബന്ധുവിനെപ്പോലെ കരുതി സ്നേഹിച്ചിരുന്നു. അദ്ദേഹത്തിൻെറ അഭിപ്രായത്തെ ജ്യേഷ്ഠഭ്രാതാവിൻെറ കല്പനയെപ്പോലെ അവർ മാനിക്കുകയും ചെയ്തിരുന്നു.

ശരച്ചന്ദ്രൻ ഒരു സ്വതന്ത്രചിന്തകനായിരുന്നു. രാഷ്ട്രീയകാൎയ്യങ്ങളിൽ മാത്രമല്ല, സാഹിത്യപരമായ സംഗതികളിലും സമുദായത്തിനു മുമ്പിൽ തൻെറ വ്യക്തിസ്വാതന്ത്ര്യത്തെ ബലികഴിക്കുവാൻ അദ്ദേഹം ഒരിക്കലും സന്നദ്ധനായിരുന്നില്ല. ആവശ്യമെന്നു തോന്നിയാൽ സകലരുടേയും ഏകമുഖമായ അഭിപ്രായത്തിനു വിരുദ്ധമായി സ്വതന്ത്രമായ തൻെറ ചിന്താഗതിയെ വ്യക്തമാക്കുവാൻ അദ്ദേഹം അശേഷം മടിച്ചിരുന്നില്ല. മഹാത്മാഗാന്ധിയുടെ ഒന്നിലധികം നിൎദ്ദേശങ്ങളെ അദ്ദേഹം എതിൎക്കുകയുണ്ടായിട്ടുണ്ടു്. രവീന്ദ്രനാഥടാഗ്ഗൂറിൻെറ ചില അഭിപ്രായങ്ങളേയും കൎക്കശമായി നിരൂപണം ചെയ്യേണ്ടതായ സന്ദൎഭങ്ങളും അദ്ദേഹത്തിനുണ്ടായിട്ടുണ്ടു്.

തുടരും.